# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം – 9 ലക്കം – 4 മീനം – 1191 ഏപ്രിൽ 2016






എറണാകുളം കരയോഗവും വനിതാ കമ്മീഷനും സംയുക്തമായി "സൈബർ നിയമങ്ങളും കുറ്റകൃത്യങ്ങളും" എന്ന വിഷയത്തിൽ ടിഡിഎം ഹാളിൽ സംഘടിപ്പിച്ച സെമിനാർ കരയോഗം പ്രസിഡണ്ട് കെ.പി.കെ. മേനോൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു. ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു), വനിതാ കമ്മീഷൻ മെമ്പർ അഡ്വ. മേഘ ദിനേശ്, സൈബർ സെൽ മെമ്പർ ശ്രീ. ബോബി കുര്യാക്കോസ്, എസ്. ശ്രീകുമാർ എന്നിവർ സമീപം.



ശ്രീരുദ്രവിലാസം യു.പി. സ്കൂളിന്റെ 104-ാമത് വാർഷികാഘോഷം ബഹു. കൊച്ചി മേയർ സൗമിനി ജെയിൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



ചെറായി തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി മരം മുറിക്കുന്നതിന് മുൻപായി നടന്ന വൃക്ഷപൂജ...







1191 മീനം

വാല്യം9 ലക്കം 4 ഏപ്രിൽ 2016

**ഉള്ളടക്കം**

എഡിറ്റോറിയൽ ..... 3
ജനറൽ സെക്രട്ടറിയുടെ പംക്തി ..... 5
രാഗപരിചയം (തിലംഗ്) ..... 6
വാസ്തു ..... 8
ബാലലോകം ..... 9
നമ്മുടെ തലമുറ ..... 11
മാർക്കണ്ഡേയൻ ..... 13
വിഷുക്കണി ..... 14
ഏമൂർ ഭഗവതി ക്ഷേത്രം ..... 15
ഭക്തഹനുമാൻ ..... 17
Vocational Skills and Employability ..... 20
ഉപസംക്രമം ..... 23
ശ്രീമദ് ഭഗവദ്ഗീത (സംഗ്രഹം) ..... 24
അനാമിക ..... 27
ഓട്ടിസം ..... 28
ജനാധിപത്യവും സ്വാതന്ത്ര്യവും ..... 29
കുമാരനല്ലൂർ ശ്രീ കാർത്ത്യായനീ മഹാമായ ..... 31
എന്റെ ഗ്രാമം ..... 34
പണം ..... 35
പുനർജനി ..... 38
VARICOSE VEINS ..... 43
ഈ ജീവിതം ..... 46
ഉമ്പർട്ടോ എക്കോ ..... 48
പ്രൊഫ ഃ ജഗതി വേലായുധൻ നായർ ..... 52
മറ്റൊരു പ്രപഞ്ചമുണ്ട്; അതുമസ്തിഷ്ക്കത്തിലാണ് ..... 53
മാസഫലം ..... 57
അഹങ്കാരം ..... 63
മാട്രിമോണിയൽ ..... 58-66

**പത്രാധിപസമിതി**

കെ. പി. കൃഷ്ണമേനോൻ (മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)

പി. രാമചന്ദ്രൻ(വേണു)

കെ. ടി. മോഹനൻ

ഏ. മുരളീധരൻ

കെ. പ്രസന്നകുമാർ



**(എഡിറ്റോറിയൽ)**

# തിരഞ്ഞെടുപ്പ് 2016

അടുത്ത മെയ് മാസം 16-ാം തീയതി കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പു നടക്കുകയാണ്-അടുത്ത അഞ്ച് വർഷകാലം കേരളത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്ന തിരഞ്ഞെടുപ്പ്. വളരെ പ്രാധാന്യം അർഹിക്കുന്ന ഈ തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പകളാണ് നാട്ടിൽ മുഴുവനും. രാഷ്ട്രീയ പാർട്ടികൾ, മത സംഘടനകൾ, ജാതി സംഘടനകൾ കൂടാതെ തൊഴിലാളി സംഘടനകൾ, അങ്ങനെ ഏതെല്ലാം തരത്തിൽ ജനം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ അവ രെല്ലാം തിരഞ്ഞെടുപ്പ് ഒരുക്കങ്ങളിലാണ്. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയിലെ, ജാതിയിലെ, മതത്തിലെ ആളുകളെ കൂടുതൽ കൂടുതൽ നിർത്തി മത്സരിപ്പിക്കാനും, ജയിപ്പിക്കാനുമുള്ള നെട്ടോട്ടത്തിലാണ് മിക്കവരും. മറ്റുള്ളവരെക്കാൾ ഏറെ ആനുകൂല്ല്യങ്ങൾ നേടിയെടുത്തിട്ടുള്ളവരും കൂടുതൽ കൂടുതൽ ആനുകൂല്ല്യങ്ങൾക്കു വേണ്ടി വിലപേശൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ വിഭാഗവും മത്സരിച്ച് സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നു. അർഹമായും, അനർഹമായും, ആനുകൂല്യങ്ങൾ നേടി സാമൂഹ്യമായും, സാമ്പത്തികമായും വിദ്യാഭ്യാസപരമായും മറ്റ് പല വിഭാഗങ്ങളേയും പിന്നിലാക്കി ബഹുദൂരം മുന്നേറി ഈ മേഖലകളെയെല്ലാം ഇന്ന് അടക്കി വാഴുന്നവരും, പണ്ടെന്നോ പിന്നിലായിരുന്നു എന്ന പേരിൽ പിന്നോക്കക്കാരെന്ന പട്ടികയിൽ സ്ഥാനം നിലനിർത്തി വിദ്യാഭ്യാസാനുകൂല്യങ്ങളും, സർക്കാർ ജോലികളും എല്ലാം ഇന്നും തരപ്പെടുത്തുന്നു. എങ്ങനെ? സംഘടിത വോട്ട് ബാങ്കിന്റെ ശക്തിയിൽ തന്നെ. ഈ വിലപേശൽ നട

ക്കുന്നത് പരസ്യമായാണ്. ജാതിമത സംഘടനാ പ്രതിനിധികളും, പുരോഹിതൻമാരും വരെ ഈ വിലപേശലിൽ പങ്കെടുക്കുന്നു തങ്ങളുടെ മതത്തിനുവേണ്ടി, അവരെ തുണയ്ക്കുമെന്നുറപ്പുള്ള പാർട്ടികൾക്കു വേണ്ടി – വളരെ വീറോടെ, വാശിയോടെ അപ്പൊഴും ഇടയ്ക്കിടക്ക് മതേതരത്വം ഉരുവിട്ടുകൊണ്ടിരിക്കും (ചാനൽ ചർച്ചകളിൽ മതപ്രതിനിധികളുടെയും പുരോഹിതൻമാരുടെയും സജീവ സാന്നിദ്ധ്യം ഇന്ന് നിത്യസംഭവമാണ്) തങ്ങൾക്കനുകൂലമായി നില്ക്കുന്നവർ മാത്രം മതേതര വാദികളെന്ന് പുകഴ്ത്തും. അതായത് തങ്ങളുടെ മതത്തെ പിന്തുണയ്ക്കുന്നവർ മാത്രം മതേതരർ. അല്ലാത്തവർ വർഗ്ഗീയ വാദികൾ. എന്നാൽ ദേശീയതയെക്കുറിച്ച് പറഞ്ഞാൽ അത് അവരുടെ ഭാഷയിൽ മതേതരത്വത്തിന് എതിരാണ്. ഭൂരിപക്ഷ സമുദായം എന്ന് ഉച്ചരിച്ചുപോയാൽ അമ്പേ തകർന്നു തരിപ്പണമായി മതേതരത്വമെന്ന് ഉറക്കെ ഉറക്കെ നിലവിളിക്കും. അങ്ങനെയുള്ള ദേശവിരുദ്ധ കപട രാഷ്ട്രീയ മതമുന്നേറ്റത്തെ തടയുവാനുള്ള ഒരു ചെറിയ പരിശ്രമം, അല്ല പരീക്ഷണവും ഇതിനിടയിൽ നടക്കുന്നുണ്ട്. അവിടെ തങ്ങളുടെ സംസ്കാരവും, സംസ്കാര കേന്ദ്രങ്ങളായ ക്ഷേത്രങ്ങളുടെ അവകാശം പോലും നഷ്ടപ്പെട്ട് ഹതാശരായി നില്ക്കുന്ന ഒരു ജനതതി സഹികെട്ട് നിവർത്തികേടുകൊണ്ട് ഒന്ന് സംഘടിക്കുവാൻ ശ്രമിക്കുന്നു. അവിടെയും അതാ നാലുപാടു നിന്നും ഉള്ള ആക്രമണം. എന്നിട്ടും പതറാതെ ചിലർ മുന്നോട്ടു നീങ്ങുന്നു. പക്ഷെ രക്ഷപ്പെടാനുള്ള അവസാനത്തെ ഈ അവസരത്തിൽ പോലും, ഭൂരിപക്ഷ ഐക്യത്തിന് വിലങ്ങുതടിയായി ചിലർ മാറി നില്ക്കുന്ന കാഴ്ച കണ്ടാൽ അമ്പേ, ഹാ കഷ്ടം! എന്നല്ലാതെ എന്തു പറയാൻ? ഹൈന്ദവ ഐക്യത്തിനു വേണ്ടി ഏറ്റവും കൂടുതൽ പണിപ്പെട്ട, അതുണ്ടാവണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിച്ച ഒരു മഹാത്മാവിന്റെ പിൻമുറക്കാരെന്ന് അവകാശപ്പെടുന്നവർ തന്നെ അതിന്റെ കടയ്ക്കൽ കത്തി വെയ്ക്കുന്ന ദയനീയ കാഴ്ചയാണ് ഇന്നു നാം കാണുന്നത്. ഒറ്റ തിരിഞ്ഞുള്ള ഈ പോക്ക് എങ്ങോട്ടാണ്? എല്ലാവരും തിരഞ്ഞെടുപ്പിനെക്കുറിച്ചും സ്ഥാനാർത്ഥികളെക്കുറിച്ചുമെല്ലാം. മത്സരബുദ്ധ്യാ ചർച്ചകൾ സംഘടിപ്പിക്കുന്നു. മാദ്ധ്യമ ചർച്ചകളിൽ പങ്കെടുക്കുന്നു. എല്ലാം തകൃതിയായി നടക്കുന്നു. എന്നാൽ ഇതിലൊന്നും, പങ്കെടുക്കാതെ ഒരു കൂട്ടം നിരാശയുടെ നീർക്കുഴിയിലാണ്ടു കിടക്കുന്നു. ഇങ്ങനെ ഒരു കൂട്ടർ ഇവിടെ ഉണ്ടെന്നു പോലും ആരും ഗൗനിക്കുന്നില്ല. മറ്റുള്ളവരെ പോലെ രാഷ്ട്രീയമായി സംഘടിക്കാനോ, ഒന്നിച്ച് നിന്ന് അവകാശാധികാരങ്ങൾ സ്വായത്തമാക്കാനോ ഉള്ള അവസരം നിഷേധിക്കപ്പെട്ട് അശരണരായി അന്തം വിട്ട് നില്ക്കുകയാണ് ഈ സമൂഹം. നേതൃത്വശക്തിഹീനതയിലും, നിഷ്കൃയത്വത്തിലും മനം നൊന്ത്, പരാജയപ്പെട്ട സേനയെപ്പോലെ നാലുപാടും ഓടുകയാണ് ഈ സമുദായത്തിലെ അംഗങ്ങൾ. പലരുടെയും പിന്നാലെ, ലക്ഷ്യബോധമില്ലാതെ, അനാഥരായി.

സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഏറെ മുന്നിൽ നിന്ന് നാടിനെ നയിച്ചിരുന്നവർ, ഭരണകാര്യങ്ങളിലും, നേതൃനിരയിലും ഏറെ മുമ്പിലുണ്ടായിരുന്നവർ, ഇന്ന് എല്ലാത്തിൽ നിന്നും പിന്തള്ളപ്പെട്ട് ഏറെ പിന്നിലായെങ്കിൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ദിശാബോധമില്ലാത്ത, ദീർഘവീക്ഷണമില്ലാത്ത നേതൃത്വത്തിന് തന്നെയാണ്. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം ഉണ്ടാവണം. ഈ മണ്ണിനെ കാത്തു സൂക്ഷിച്ചവർ, ഈ നാടിന്റെ ഭാഗധേയം നിർണ്ണയിച്ചിരുന്നവർ, അവർ ഭഗ്നാശയരായി എല്ലാത്തിൽ നിന്നും പിന്തിരിഞ്ഞ് നിന്നാൽ അത് ബാധിക്കുക ഈ നാടിന്റെ ഭാവിയേയാണ്. പൊതു സമൂഹത്തിനുവേണ്ടി, പൊതുനന്മയ്ക്കു വേണ്ടി നിലക്കൊണ്ടിട്ടുള്ളവർ പൊതുരംഗം വിട്ടാൽ, രാഷ്ട്രീയ, ഭരണമേഖലകളിൽ നിന്നും പിൻവാങ്ങിയാൽ ആ സ്ഥാനം വിദേശകൂറുള്ളവരും, വിഘടനവാദികളും കയ്യടക്കും. അതിന് അവസരം ഉണ്ടാക്കരുത്. കാലത്തിന്റെ വിളി കേൾക്കണം. ഇന്നിന്റെ ആവശ്യമായ ഹൈന്ദവ ഏകീകരണത്തിനും, സാംസ്കാരിക മുന്നേറ്റത്തിനും ഉതകുന്ന രാഷ്ട്രീയ പന്ഥാവിലേയ്ക്കിറങ്ങണം. ധർമ്മയുദ്ധത്തിലേ ധീരരായ പോരാളികളായി സത്യം, സ്നേഹം, ധർമ്മം, നീതി, സാഹോദര്യം എന്നീ ആയുധങ്ങളുമേന്തി, കപടമതേതരത്വമാകുന്ന, പ്രീണന രാഷ്ട്രീയമാകുന്ന കുഴിബോംബുകൾ നിങ്ങളുടെ പന്ഥാവിലുണ്ടെങ്കിൽ ചതി മനസ്സിലാക്കുക വഴി ശുദ്ധമാക്കുക. തിരഞ്ഞെടുപ്പിൽ നമ്മുടെ കടമ നാം കൃത്യമായി നിറവേറ്റണം. ഭാരത് മാതാ കീ ജയ് എന്ന് ഉള്ളിന്റെ ഉള്ളിൽ നിന്ന് ഉച്ചത്തിൽ ഉത്ഘോഷിക്കുന്നവരെ, വിട്ടുവീഴ്ചയില്ലാത്ത ദേശീയതയ്ക്കുവേണ്ടി നിലക്കൊള്ളുന്നവരെ, ദേശദ്രോഹത്തിനും, വിഘടനവാദത്തിനുമെതിരെ ധീരമായ നിലപാടെടുക്കുന്നവരെ, പുരോഗതിയുടെയും, വളർച്ചയുടെയും തേര് തെളിക്കുന്നവരെ, ചിരപുരാതനമായ നമ്മുടെ സംസ്കാരത്തെ കാത്തു സൂക്ഷിക്കുവാൻ കെല്പും, ആർജ്ജവവുമുള്ളവരെ അവരെ തിരിച്ചറിയുക. പ്രലോഭനങ്ങൾക്കുവഴിപ്പെടാതെ, സ്വന്തം ബുദ്ധിയും ചിന്തയും ആർക്കും പണയം വെയ്ക്കാതെ നമ്മുടെ സംസ്കാര മഹിമയിലൂന്നിയ രാഷ്ട്ര പുനർനിർമ്മാണത്തെ ത്വരിതപ്പെടുത്തുക. അതാണ് നമ്മുടെ കർത്തവ്യം. അതാണ് നമ്മുടെ കടമ.

# ജനറൽ സെക്രട്ടറിയുടെ പംക്തി

കരയോഗത്തിൻെറ സാമ്പത്തിക വർഷം മാർച്ച് 31 ന് അവസാനിക്കുമ്പോൾ കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ തീരുമാനിച്ച എല്ലാ പദ്ധതികളും പരിപാടികളിൽ പലതും പൂർത്തിയാക്കുവാനും സമയബന്ധിതമായി ആരംഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ദൈനംദിന പ്രവർത്തനങ്ങളോടൊപ്പം തന്നെ നവതി സ്മാരക പദ്ധതികളും കൂട്ടിയിണക്കിക്കൊണ്ട് അടുത്ത 1000 ദിവസത്തിനുള്ളിൽ തീർക്കേണ്ട പദ്ധതികളാണ് നാം ആസൂത്രണം ചെയ്ത് മുന്നോട്ടു പോവുന്നത്. അതിൽ പോളിക്ലിനിക്കിൻെറ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. കരയോഗാംഗങ്ങളുടെ നിർലോഭമായ സഹകരണം കൊണ്ട് മാത്രമേ ഈ സേവനമേഖല കൂടുതൽ വിപുലീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന് വിശ്വസിക്കുന്നു.

ഗുരുവായൂർ ഗസ്റ്റ്ഹൗസിനും ഓഡിറ്റോറിയത്തിനും ആവശ്യമായ സ്ഥലം ഗുരുവായൂർ കാരക്കാട്ട് എന്ന സ്ഥലത്ത് പല വ്യക്തികളുടെയും കയ്യിൽ നിന്ന് ഭൂമി വാങ്ങി ഏകദേശം 42 സെൻേറാളം സ്ഥലത്തിൽ 60 ശതമാനവും രജിസ്റ്റർ ചെയ്ത് കരയോഗത്തിൻെറ പേരിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വരും ദിവസങ്ങളിൽ ബാക്കിയുള്ള ഉടമകളിൽ നിന്ന് സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങുന്നതായിരിക്കും.

2016 ലെ ദൗമദിനത്തോടനുബന്ധിച്ച് ഒൻപതാമത് എറണാകുളം കരയോഗം പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ഏപ്രിൽ 22-ാം തീയതി ടി.ഡി.എം.ഹാളിൽ കൂടുന്ന യോഗത്തിൽ വച്ച് വിതരണം ചെയ്യുന്നതായിരിക്കും. അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. അടുത്ത കരയോഗ സൗഹൃദ പംക്തിയിൽ കൂടുതൽ വിവരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

58-ാമത് വാർഷികം ആഘോഷിക്കുന്ന കഥകളി ക്ലബ്ബ് കഴിഞ്ഞ ഏപ്രിൽ 18 ന് എറണാകുളം കരയോഗം ഏറ്റെടുക്കുകയും തുടർന്ന് എല്ലാ മാസവും മുടങ്ങാതെ ടി.ഡി.എം.ഹാളിൽ കഥകളി അവതരിപ്പിച്ചു വരികയും ചെയ്യുന്നു. വാർഷിക ദിനത്തോടനുബന്ധിച്ച് കളഹംസം എന്ന പേരിൽ കഥകളി നടനുള്ള അവാർഡ് ശ്രീ. ആർഎൽവി ഗോപിയ്ക്കും, തൗര്യത്രികം എന്ന പേരിൽ അവാർഡ് ശ്രീ.കോട്ടക്കൽ നാരായണനും (പാട്ട്), ശ്രീ. കലാമണ്ഡലം കൃഷ്ണദാസിനും (ചെണ്ട), ശ്രീ. കോട്ടക്കൽ രവിയ്ക്കും (മദ്ദളം) നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഏപ്രിൽ 23-ാം തീയതി ടി.ഡി.എം.ഹാളിൽ വച്ച് അവാർഡ് നൽകുകയും തുടർന്ന് അന്നേ ദിവസം കഥകളി : നളചരിതം രണ്ടാം ദിവസം ഉണ്ടായിരിക്കുന്നതുമാണ്.

കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൻെറ പ്രതിഷ്ഠാദിനത്തിൽ മെയ് 3 ന് ടിഡിഎം ഹാളിൽ ഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ നൂറ്റൊന്നു കുടം ധാരയും, കളഭാഭിഷേകവും നടത്തുന്നതാണ്.

എറണാകുളം കരയോഗത്തിൻെറ സഹകരണത്തോടെ ബീം നടത്തുന്ന പ്രതിമാസ പരിപാടി ശ്രീ. പോളി വർഗ്ഗീസിൻെറ ഹിന്ദുസ്ഥാനി മോഹനവീണകച്ചേരി ഏപ്രിൽ 29 ന് വൈകുന്നേരം 6.30 ന് ടിഡിഎം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

തുടർന്നും എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ജനറൽ സെക്രട്ടറി**



(രാഗപരിചയം)

# തിലംഗ്



ഡോ. ജയലക്ഷ്മി
നന്ദകുമാർ

ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും കർണ്ണാടക സംഗീതത്തിലേക്കു സ്വീകരിച്ച ഒരു ദേശ്യരാഗമാണ് തിലംഗ്. 28-ാമത്തെ മേള കർത്താ രാഗമായ ഹരികാംബോജിയുടെ ജന്യരാഗമാണിത്. സന്തോഷം, ഉത്സാഹം, അനുകൂല ഊർജ്ജം തുടങ്ങിയവ പ്രദാനം ചെയ്യുന്ന രാഗം കൂടിയാണ് തിലംഗ്.

ആരോഹണം : സ ഗ മ പ നി സ
അവരോഹണം : സ നി പ മ ഗ സ
സ്വരസ്ഥാനങ്ങൾ : ഷഡ്ജം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, കൈശികി നിഷാദം, കാകളി നിഷാദം.

ആരോഹണത്തിൽ കാകളി നിഷാദവും അവരോഹണത്തിൽ കൈശികി നിഷാദവും വരുന്നു. സ്വന്തം മേളകർത്താ രാഗമായ ഹരികാബോംജിയിൽ ഇല്ലാത്ത കാകളി നിഷാദം അന്യസ്വരമായി വരുന്നതു കൊണ്ട് തിലംഗ് ഒരു ഭാഷാംഗ രാഗമാണ്.

കർണ്ണാടക സംഗീതത്തിൽ അധികം കൃതികൾ ഈ രാഗത്തിലില്ല. രാഗത്തിന്റെ പ്രകൃതം അനുസരിച്ച് ലളിതമായ കീർത്തനങ്ങൾക്കും ചലച്ചിത്ര ഗാനങ്ങൾക്കും യോജിച്ച രാഗമാണിത്. ചലച്ചിത്ര ഗാനങ്ങളിൽ പലപ്പോഴും മറ്റു രാഗങ്ങളുടെ സ്വരങ്ങൾ ഉൾപ്പെടുത്തി മിശ്രതിലംഗ് ആയിട്ടാണ് വരുന്നത്. തിലംഗ് രാഗത്തിന്റെ ലാളിത്യവും വഴക്കവുമാണ് ലളിതമായ ഗാനങ്ങൾക്കു കൂടുതൽ യോജിക്കുവാനുള്ള കാരണം.

ഹിന്ദുസ്ഥാനി സംഗീതത്തിൽ തിലംഗ് രാഗം ഖമാജ് ഥാട്ടിൽ പെടുന്നു. ഇസ്‌ലാമിക് സൂഫി സംഗീതത്തിൽ ഈ രാഗം ധാരാളമായി ഉപയോഗിക്കപ്പെടുന്നു. തുമ്രി, ഗസൽ തുടങ്ങിയവക്കും ആധുനിക കാലത്ത് ഉപയോഗിച്ചു വരുന്നു. ഗുരു നാനാക്, കബീർ ദാസ്, ഗുരു രാംദാസ്, നാമ്ദേവ് തുടങ്ങിയ മഹാത്മാക്കൾ തങ്ങളുടെ സ്തുതി ഗീതങ്ങൾക്ക് തിലംഗ് രാഗം ഉപയോഗിച്ചിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു.

സായാഹ്ന സമയമാണ് (3.00 p.m - 6.00p.m) തിലംഗ് രാഗം ആലപിക്കുന്നതിനു ഏറെ അനുയോജ്യമായി പറയുന്നത്. ഭക്തി, ശൃംഗാരം, പ്രസന്നത തുടങ്ങിയവ ഈ രാഗത്തിൽ നിന്നു ഉളവാകുന്ന ഭാവങ്ങളാണ്. നാമ സങ്കീർത്തനങ്ങൾക്കു യോജിച്ച രാഗമാണിത്. വിവിധ ഭാവങ്ങൾ ചിത്രീകരിക്കുവാനും അഭികാമ്യമായ രാഗമാണ്. പിരി മുറുക്കം കുറയ്ക്കാൻ സഹായിക്കുന്ന രാഗമാണ് തിലംഗ്.

**ഈ രാഗത്തിലുള്ള കൃതികൾ**

| | | | |
|---|---|---|---|
| 1. | ശ്രീഗണേശ ശരണം | ആദി | പാപനാശം ശിവൻ |
| 2. | ശാന്തി നിലവ വേണ്ടും | ആദി | സേതുമാധവ റാവു |
| 3. | കണ്ണൻ കുഴലോശൈ | ആദി | അംബുജം കൃഷ്ണ |
| 4. | ധീം ധീം ത ഉദനധീം ധീം (തില്ലാന) | ആദി | ലാൽഗുഡി. ജി. ജയരാമൻ |
| 5. | പ്രഭോ ഗണപതേ | ആദി | അഗസ്ത്യർ |

**ചലച്ചിത്ര ഗാനങ്ങൾ**

| | | |
|---|---|---|
| 1. | നിലനിശിഥിനി | സി.ഐ.ഡി. നസീർ |
| 2. | പാതിരാമഴയേതോ | ഉള്ളടക്കം |
| 3. | രാത്തിങ്കൾ പൂത്താലി | ഈ പുഴയും കടന്ന് |
| 4. | ആരോടും മിണ്ടാതെ | ചിന്താവിഷ്ടയായ ശ്യാമള |
| 5. | ശ്രുതിയമ്മ ലയമച്ഛൻ | മധുരനൊമ്പരക്കാറ്റ് |
| 6. | ജഗമൊരു നാടകശാല | സ്ത്രീ |
| 7. | കൃഷ്ണാ ഹരേ ജയ | ചട്ടക്കാരി |
| 8. | ഭജരേ മാനസഗോപാലം | ശ്രീഗുരുവായൂരപ്പൻ |

| | | |
|---|---|---|
| 9. | മനതിലുരുതി വേണ്ടും | സിന്ധുഭൈരവി (തമിഴ്) |
| 10. | യദുനന്ദനാ ഗോപാല | മീര (തമിഴ്) |
| 11. | ഇൻട്ര് പോയ് നാളൈവാരായ് | സമ്പൂർണ്ണ രാമായണം (തമിഴ്) |
| 12. | അഴകൻ മുരുകനിടം ആസൈ | പഞ്ചവർണ്ണക്കിളി (തമിഴ്) |
| 13. | ഇത്നാ തോ യാദ്ഹെമുജേ | മെഹ്ബൂബ് കി മെഹന്തി (ഹിന്ദി) |
| 14. | ഗോരി ഗോരി ഗാവോം കി ഗോരിരേ | യേ ഗുലിസ്ഥാൻ ഹമാരാ (ഹിന്ദി) |

# ഗാന്ധിസൂക്തം



അവഗണനയ്ക്കും അവഹേളനങ്ങൾക്കും എതിരേ പത്രങ്ങൾ ശക്തമായ നിലപാട് എടുക്കണം. പൊതുജനാഭിപ്രായം രൂപികരിക്കാൻ അതാണ് ഏറ്റവും നല്ല മാർഗ്ഗം. പത്രപ്രവർത്തനം എന്റെ കർത്തവ്യത്തിന്റെ ഒരു ഭാഗമായിട്ടായിരുന്നു ഞാൻ കണ്ടത്. സത്യാഗ്രഹത്തെക്കുറിച്ച് സോദാഹരണം പ്രചരണം നടത്തുക എന്നത് എന്റെ ഒരു ഉദ്ദേശ്യമായിരുന്നു. അഹിംസ ഒഴികെ, കലുഷമായ നമ്മുടെ ജീവിതത്തിന് മറ്റൊരു പ്രതിവിധി ഇല്ലെന്ന് വിശദമാക്കുവാൻ ഞാൻ വെമ്പൽ കൊണ്ടിരുന്നു. അഹിംസയ്ക്ക് ആരുടേയും മനമുരുക്കാനുള്ള ശക്തിയുണ്ട്. എന്റെ വിശ്വാസത്തിന് അനുസരിച്ച് ഞാൻ എഴുതണം. കോപവും വിദ്വേഷവും ഞാൻ എഴുത്തിൽ പ്രകടിപ്പിക്കരുത്. അലസനായി എഴുതരുത്. വികാരങ്ങളെ ഉത്തേജിപ്പിക്കാനും ലേഖകൻ ഒരുങ്ങരുത്. വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും വിഷയങ്ങൾ സ്വീകരിക്കുന്നതിലും ഉള്ള സംയമനത്തെക്കുറിച്ച് വായനക്കാർക്ക് അറിയില്ല. ഇതെനിക്കൊരു പരശീലനമാണ്. സ്വന്തം ഉള്ളിലേക്ക് ഇറങ്ങി നോക്കാനും സ്വന്തം പോരായ്മകൾ കണ്ടെത്താനും ഇതെന്നെ സഹായിക്കുന്നു. എന്റെ പൊങ്ങച്ച ഭാവം മോടിയുള്ള ചില പദപ്രയോഗങ്ങൾ നടത്താൻ എന്നെ പ്രേരിപ്പിക്കും. എന്റെ കോപം രൂക്ഷമായ ചില വിശേഷങ്ങൾ നൽകാൻ എനിക്ക് പ്രേരണയാകുന്നു. ഇത്തരം കളകളെ പിഴുതു മാറ്റാനാണ് ഞാൻ യത്നിച്ചുകൊണ്ടിരിക്കുന്നത്. യംഗ് ഇന്ത്യയുടെ ഭംഗിയായി ഒരുക്കപ്പെട്ട പുറങ്ങൾ മാത്രമേ വായനക്കാരൻ കാണുന്നുള്ളു. റൊയ്മെയ്ൻ റോഗണ്ട് പറഞ്ഞതു പോലെ ഈ വൃദ്ധൻ എത്രയോ നല്ലവൻ എന്ന വർക്ക് തോന്നുന്നുണ്ടാവണം ആവട്ടെ. പക്ഷേ ഈ നന്മയെന്നത് ശ്രദ്ധാപൂർവ്വമായ ഒരു തപസ്യയിലൂടെ ശീലിച്ചെടുത്തതാണെന്നുള്ള കാര്യ വും ലോകമറിയണം. ക്രമേണ അത് തികച്ചും സ്വാഭാവികമായ മാന്യതയായി മാറുന്നു. ഒടുവിൽ തിന്മ ചെയ്യാൻ തീർത്തും കഴിയാത്ത ഒരവസ്ഥ വരും. കോപവും താപവും കാലുഷ്യവും ഇല്ലാത്ത ഒരു ലോകത്തിലാവും നമ്മുടെ ചിന്ത വ്യാപരിക്കുക. അത്തരമൊരവസ്ഥ എല്ലാവർക്കും ഉണ്ടാകുന്നതുവരെ എന്റെ അഹിംസാ സന്ദേശം എല്ലാ ഹൃദയങ്ങളിലും പകർന്നു നൽകേണ്ടതുണ്ട്. അസാദ്ധ്യമായ ഒരു കാര്യമല്ല ഞാൻ വായനക്കാരന്റെ മുമ്പിൽ വയ്ക്കുന്നത്.

# അഭിനന്ദനങ്ങൾ

## 2016-ലെ ഭൂമികാ സ്ത്രീ പ്രതിഭ അവാർഡ് മാലതി ടീച്ചർക്ക്



സൂര്യതേജസ്വിനിയായി മാറിയ **മാലതി. ജി. മേനോൻ** നമ്മളെ ഏവരേയും വിസ്മയഭരിതരാക്കികൊണ്ട് തന്റെ ജൈത്രയാത്ര തുടരുകയാണ്. ഈ സമീപഭൂതത്തിൽ തിരുവാതിര എന്ന കലാരൂപം ജാതി, മത, പ്രായ-ലിംഗ ഭേദമില്ലാതെ മനുഷ്യമനസ്സുകളിലേക്ക് എത്തിച്ചതിന്റെ അംഗീകാരം ടീച്ചർക്ക് മാത്രമുള്ളതാണ്. അത് ടീച്ചറുടെ ആത്മസമർപ്പണത്തിന്റെയും, ആത്മസാക്ഷാത്കാരത്തിന്റെയും മികവ് കൊണ്ട് നേടിയതുമാണ്.

എറണാകുളം കരയോഗത്തിന്റെ ആയിരമായിരം അഭിന്ദനങ്ങളുടെ പൂച്ചെണ്ടുകൾ.

# വാസ്തു



**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ

അടുത്ത ദിവസം എറണാകുളത്ത് ഒരു വീട്ടിൽ പേകേണ്ടതായിവന്നു. അവിടെ അച്ഛനും, മകനും, അമ്മയും അടങ്ങിയ വീടാണ്. മകൻ വിദേശത്ത് എഞ്ചിനീയർ ആണ്. വീട്ടിൽ അച്ഛനും അമ്മയും മാത്രം. മകന്റെ ആവശ്യപ്രകാരമാണ് ഞാൻ പോകുവാൻ ഇടയായത്. സാധാരണയായി പ്രശ്നങ്ങൾ ഉള്ളവരാണ് അധികവും എന്നെ വിളിക്കാറ്. ഇവിടെ പ്രശ്നം അച്ഛനും അമ്മയ്ക്കും രാത്രിയിൽ ഉറക്കമില്ല. പല ഡോക്ടർമാരേയും കണ്ടു. പ്രത്യേക അസുഖങ്ങൾ ഒന്നും ഇല്ല. അവിടെ താഴത്തെ നിലയിൽ രണ്ട് കിടപ്പു മുറികൾ ആണ് ഉള്ളത്. ചിത്രത്തിൽ A & B. Aയിൽ ആണ് അവർ കിടക്കുന്നത്. B മകൻ വല്ലപ്പോഴും വന്നാൽ കിടക്കുന്നതും. ഒരാഴ്ച B എന്ന കിടപ്പു മുറിയിൽ കിടന്ന് വിവരം അറിയിക്കുവാൻ പറഞ്ഞ് ഞാൻ പോന്നു. ഒരാഴ്ച കഴിഞ്ഞ് എന്നെ വിളിച്ച് അറിയിച്ചത് ഇപ്പോൾ സുഖമായി ഉറങ്ങുന്നു എന്നാണ്.




രണ്ടു കിടപ്പു മുറികളും ശ്രദ്ധിക്കുക. Aയിൽ തെക്കു ഭാഗത്തോ, പടിഞ്ഞാറ് വശത്തോ ജനലുകൾ ഇല്ല. ടോയ്‌ലറ്റിൽ നിന്ന് കുറച്ച് ഡ്രസ്സിംഗ് റൂം ഉണ്ടാക്കി. ഒരു ജനൽ വെയ്ക്കണം.

Bയിൽ തെക്കും പടിഞ്ഞാറും ജനലുകളും ഉണ്ട്. കേരളത്തിൽ 9 മാസവും തെക്കു പടിഞ്ഞാറ് നിന്നാണ് കാറ്റിന്റെ ഗതി. തെക്കു പടിഞ്ഞാറ് കാറ്റ് മുറിയിൽ പ്രവേശിച്ച് വടക്കു കിഴക്കു വാതിൽ വഴി പുറത്തേക്കു പോകുമ്പോൾ അടുത്ത കാറ്റ് വരുന്നതാണ്. തുടർച്ചയായി കാറ്റ് ആ മുറിയിൽ കൂടി കടന്ന് പോകുന്നു. ഈ കാറ്റ് വഴി ധാരാളം ഓക്സിജൻ മുറിയിൽ പ്രവേശിക്കുന്നു. കൂടാതെ തെക്കു നിന്നും പടിഞ്ഞാറ് നിന്നും വൈകുന്നേരത്തെ വെയിലും (പോക്കു വെയിൽ കെണ്ടാൽ പൊന്നാകും) ഈ മുറിയിൽ ധാരാളം കിട്ടുന്നു. A-എന്ന മുറിയിൽ ഓക്സിജന്റെ കുറവും സൂര്യപ്രകാശത്തിൽ നിന്നു കിട്ടുന്ന വിറ്റാമിനുകളും ഇല്ല.

പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം താമസിക്കുന്ന വീട് ചെറുതായാലും, വലുതായാലും ഊയം ( Morning Sun Rays) അടുക്കളയിലേക്കും വൈകുന്നേരത്തെ ( Evenin-g Sun Rays ) വെയിൽ കിടപ്പുമുറിയിലും വരണം. വാസ്തു നോക്കുന്നത് പണക്കാരനാവാനോ, മന്ത്രി ആകാനോ അല്ല. ആരോഗ്യവും മനശക്തിയും ഉണ്ടാകാൻ മാത്രമാണ്. പൈസ ഉണ്ടാക്കുവാനുള്ള എളുപ്പ മാർഗ്ഗമല്ല വാസ്തു ശാസ്ത്രം.

വീടിന്റെ അളവുകൾ എന്തു തന്നെ ആയാലും യാതൊരു കുഴപ്പവുമില്ല. പക്ഷെ സ്ഥാനങ്ങൾ മാറാതെ നോക്കണം.

പ്രകൃതിയിൽ മനുഷ്യരായാലും മൃഗങ്ങളായാലും കണ്ണിന്റെ സ്ഥാനവും മൂക്കിന്റെ സ്ഥാനവും മാറിയാലത്തെ കാര്യം ആലോചിക്കുക.

ചെടികളും മരങ്ങളും പഴവർഗ്ഗങ്ങളും എല്ലാത്തിനും പൂവും കായയും മണവും ഗുണവും മാറിയാൽ എന്താണ് ഉണ്ടാകുക.

Vasthu is only the aligment with nature for better health and mental power and not making money and power.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10 -ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.





ലക്ഷ്മി ദേവി നായർ

# ബാലലോകം

പ്രിയപ്പെട്ട കൂട്ടുകാരെ,

പരീക്ഷയെല്ലാം കഴിഞ്ഞ് കൂട്ടുകാർ സ്വസ്ഥമായി പുതിയ പരിപാടികളിലേക്ക് കടന്നിരിക്കുമല്ലോ? ധാരാളം കളിക്കുന്നതോടൊപ്പം വിലയേറിയ സമയത്തെ പഴാക്കിക്കളയുകയും അരുത് കേട്ടോ. സമയം ഏറെ വിലപ്പെട്ടതാണെന്നു കൂട്ടുകാർക്ക് അറിയാമല്ലോ?

അസാധ്യമായി ഒന്നുമില്ല. എല്ലാ വിജയങ്ങളുടെയും പുറകിൽ കടുത്ത പരിശ്രമം വേണം എന്ന് മാത്രം. എനിക്കിതു ചെയ്യാനാവും എന്ന് തന്നെ മനസ്സുകൊണ്ട് തീരുമാനിച്ച് പ്രവർത്തിച്ചു നോക്കു. വിജയം നിശ്ചയമാണ്. കാണുന്നതെല്ലാം വളരെ സൂക്ഷ്മതയോടെ മനസ്സിലാക്കുക. മുന്നോട്ടു പോവുക.

ഇനി കൂട്ടുകാർക്ക് ഒരു കൊച്ചു കഥ പറഞ്ഞുതരാം ഹിരണ്യകശിപുവിന്റെ കഥ. അതീവ വിഷ്ണുഭക്തനായ പ്രഹ്ലാദന്റെ പിതാവാണ് ഹിരണ്യകശിപു. വരാഹമൂർത്തിയായി അവതരിച്ച ഭഗവാനാൽ സഹോദരനായ ഹിരണ്യാക്ഷൻ നിഗ്രഹിക്കപ്പെട്ട ദുഃഖം സഹിക്കാനാവാതെ അസുരസദസ്സിൽ വെച്ച് ഭഗവാനെ നിഗ്രഹിക്കാൻ പ്രതിജ്ഞ എടുത്തു ഹിരണ്യകശിപു. തന്റെ കാര്യം സാധിക്കാൻ തപസ്സു ചെയ്തു ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി അദ്ദേഹത്തിൽ നിന്ന് ഒരു വലിയ വരം നേടി. ആകാശത്തിലോ ഭൂമിയിലോ വെച്ച്, പകലോ രാത്രിയോ ആയുധം കൊണ്ടോ വധിക്കപ്പെടില്ല, ദേവനാലോ മനുഷ്യനാലോ മരണം സംഭവിക്കില്ല. അഹങ്കാരം മൂത്ത് നാടിനെ അപ്പാടെ ഇളക്കികൊണ്ട് ജഗത്തിനെ തകർക്കാൻ തന്നെ തീരുമാനിച്ചു. ഹിരണ്യകശിപു വിഷ്ണുവിന്റെ നാമോച്ചാരണം മാത്രമല്ല, സ്മരണം പോലും നാടാകെ നിരോധിച്ചു. നാരായണായ നമ, എന്നതിന് പകരം ഹിരണ്യായനമ എന്ന് ജപിക്കുവാൻ പ്രജകളോട് അയാൾ കല്പിച്ചു. പ്രഹ്ലാദനെ പഠിപ്പിക്കുവാൻ ഏല്പിച്ച ഗുരുവിനെ പോലും അത്ഭുതപ്പെടുത്തി കുട്ടിയുടെ വിഷ്ണു ഭക്തി.

ഒരുദിവസം പ്രഹ്ലാദൻ ഗുരുവിനോടൊപ്പം അച്ഛനെ കാണുവാനായി കൊട്ടാരത്തിലെത്തി. പഠിച്ചതിൽ നിന്നും എന്തെങ്കിലും ചൊല്ലി കേൾപ്പിക്കുവാൻ ആവശ്യപ്പെട്ട പിതാവിന്റെ മുന്നിൽ പുത്രൻ ചൊല്ലിയത് ഒരു വിഷ്ണുസ്തുതിയായിരുന്നു! ക്രൂദ്ധനായ രാജാവിന്റെ മുന്നിൽ തന്റെ നിരപരാധിത്വം വെളിപ്പെടുത്തിയ ഗുരു ഒരുവിധം രാജാവിനെ ശാന്തനാക്കിയ ശേഷം അദ്ധ്യയനം തുടരാനായി വീണ്ടും ബാലനായ പ്രഹ്ലാദനെ തന്നോടൊപ്പം കൊണ്ടുപോയി. ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം വീണ്ടും രാജാവ് മകനെ തന്റെ സമീപം വിളിച്ചു വരുത്തി, ഒരു ശ്ലോകം ചൊല്ലുവാൻ ആവശ്യപ്പെട്ടു. അപ്പോഴും പ്രഹ്ലാദൻ വിഷ്ണുവിനെ സ്തുതിച്ചു കൊണ്ടുള്ള ശ്ലോകം ചൊല്ലി. കുപിതനായ ഹിരണ്യകശിപു പ്രഹ്ലാദനെ വധിക്കുവാൻ ഏർപ്പാടുകൾ ചെയ്തു. രാജാവിന്റെ ആജ്ഞാനുസരണം ദൈത്യൻമാർ അനേകം ആയുധങ്ങൾ കൊണ്ട് വെട്ടിയും, വിഷസർപ്പങ്ങളെക്കൊണ്ട് കടിപ്പിച്ചും ആനകളെ കൊണ്ട് ചവിട്ടിച്ചും, സമുദ്രത്തിലെറിഞ്ഞും, അഗ്നിയിലെരിച്ചും പ്രഹ്ലാദനെ വധിക്കാൻ ശ്രമിച്ചു. എന്നാൽ വിഷ്ണുഭക്തിയിൽ മുഴുകിയിരുന്ന പ്രഹ്ലാദകുമാരന് ഒരു പോറൽ പോലുമേറ്റില്ല. ഒടുവിൽ ഹിരണ്യകശിപു പരാജിതനാ

യി പിൻമാറി. കുമാരനാകട്ടെ, പിതാവിനെ വന്ദിച്ചു കൊണ്ട് തന്നെ തന്റെ വിഷ്ണു ഭക്തിയിലും പ്രാർത്ഥനയിലും മുഴുകി ജീവിച്ചു പോന്നു. ഏതാനും നാളുകൾ കഴിയവേ അസുരരാജാവിന്റെ മനസ്സ് വീണ്ടും കഠിനമാവാൻ തുടങ്ങി. മകന്റെ നാവിൽ നിന്നുമുയരുന്ന വിഷ്ണുനാമജപങ്ങൾ രാജാവിനെ അതീവ കോപിഷ്ടനാക്കി. ഒരു ദിവസം സന്ധ്യാസമയത്ത് നാമം ജപിച്ചു കൊണ്ടിരുന്ന മകന്റെ അടുത്ത് ചെന്ന് നിന്റെ വിഷ്ണു എവിടെയുണ്ട് എന്നയാൾ അലറി. മഹാവിഷ്ണു കല്ലിലും മരത്തിലും തൂണിലും തുരുമ്പിലും എല്ലാമുണ്ടെന്നും പ്രപഞ്ചം മുഴുവനും ആ സാന്നിദ്ധ്യം നിറഞ്ഞിരിക്കുകയാണെന്നും പ്രഹ്ലാദൻ മറുപടി പറഞ്ഞു. കോപാവേശത്താൽ ഹിരണ്യകശിപു ഒരു വാളെടുത്ത് മുന്നിൽ കണ്ട തൂണിൽ വെട്ടി. മഹാവിഷ്ണു നരസിംഹമൂർത്തിയുടെ അവതാരമെടുത്തു (അര മുതൽ കീഴോട്ട് മനുഷ്യരൂപം, അരയ്ക്കു മുകളിലേയ്ക്ക് സിംഹരൂപം) തൂണിൽ നിന്നും പുറത്തു വന്നു നരസിംഹം രാത്രിയും പകലുമല്ലാത്ത നേരത്ത് (സന്ധ്യാസമയത്ത്) ആകാശത്തിലോ ഭൂമിയിലോ അല്ലാതെ (ഉമ്മറപ്പടിയിലിരുന്ന്) ഹിരണ്യകശിപുവിനെ മടിയിൽ കിടത്തി നെഞ്ച് പിളർന്ന് കുടൽമാല പുറത്തെടുത്തു. എന്നിട്ടും കോപമടങ്ങാതെ ഗർജ്ജിച്ചു കൊണ്ടിരിക്കുന്ന നരസിംഹത്തെ കണ്ട് ത്രിലോകവും നടുങ്ങി. ഒടുവിൽ പ്രഹ്ലാദന്റെ ഭക്തി പൂർവ്വമായ സ്തുതിയിലലിഞ്ഞു നരസിംഹം ശാന്തനായി. വിഷ്ണുരൂപം കൈക്കൊണ്ട് ബാലനെ അനുഗ്രഹിച്ച് അവിടെ നിന്നും മറഞ്ഞു.

കൃഷ്ണഗാഥയിലെ താഴെ കൊടുത്ത ഭാഗം കൂട്ടുകാർക്ക് വായിച്ചു പഠിക്കാൻ പറ്റുമോ എന്ന് നോക്കു. ശ്രീകൃഷ്ണന്റെ ബാലലീലകളാണ് ഇതിൽ വർണിച്ചിരിക്കുന്നത്.

മുട്ടും പിടിച്ചങ്ങു നിന്ന് തുടങ്ങിനാൻ
ഒട്ടുനാളങ്ങനെ ചെന്നവാറെ
മുട്ടും വെടിഞ്ഞുനിന്നൊട്ടു നടക്കയും
പെട്ടെന്ന് വീഴ്കയും കേഴുകയും
അമ്മമാർ ചെന്നങ്ങു തെറ്റെന്നെടുക്കയും
എൻമകൻ വാഴ്കെന്നു ചൊല്ലുകയും
പൂഴി തുടക്കയും മെയ്യിൽ മുകക്കയും
കേഴൊല്ലാ എന്നങ്ങു ചൊല്ലുകയും
ഇങ്ങനെ ഓരോരോവേലകളുണ്ടായി
മംഗലം പൊങ്ങുന്ന ഗോകുലത്തിൽ

# പഠന ശിബിരം

## 2015 മെയ് 14,15,16 തീയതികളിൽ

**8 മുതൽ 12 വയസ്സു വരെയുള്ള കുട്ടികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന ത്രിദിന ക്യാമ്പ്**

എറണാകുളം കരയോഗം 8 മുതൽ 12 വയസ്സു വരെയുള്ള കുട്ടികൾക്കായി മെയ് 14,15,16 തീയതികളിലായി മൂന്നു ദിവസത്തെ ക്യാമ്പ് ടി.ഡി.എം.ഹാളിൽ സംഘടിപ്പിക്കുന്നു. പ്രഗൽഭരും പരിചയസമ്പന്നരും നയിക്കുന്ന ഈ ക്യാമ്പ് വ്യക്തിവികാസത്തിനും അതോടൊപ്പം വിദ്യാഭ്യാസപരവും സാമൂഹികവും ക്രിയാത്മകവുമായി വളരെയധികം ഉപകരിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. യോഗ, ധ്യാനം, ഭാരതീയസംസ്കാരം, എന്നീ പഠനക്ലാസ്സുകളും, ചിത്രരചന, കളികൾ, വ്യായാമം, ക്യാമ്പ്ഫയർ, ഗ്രൂപ്പ് ആക്ടിവിറ്റീസ്, മലയാളമാസങ്ങൾ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് പഠനശിബിരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 കുട്ടികൾക്കാണ് പ്രവേശനം.
2. രജിസ്ട്രേഷൻ ചാർജ്ജ് 1000 രൂപയായിരിക്കും.
3. ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 12.05.2016 നു മുൻപായി കരയോഗത്തിൽ പേര് രജിസ്റ്റർ ചെയ്യുകയും മെയ് 14 ന് വൈകുന്നേരം 4.30 മണിക്ക് ടി.ഡി.എം.ഹാളിൽ ഹാജരാകേണ്ടതുമാണ്. മെയ് 16 ന് വൈകുന്നേരം 5 മണിക്ക് ക്യാമ്പ് സമാപിക്കും.

**ഫോൺ : ഭവാനി കെ. – 09895071101, 0484 2361160 Ext. 35/38**

# നമ്മുടെ തലമുറ



കെ. വത്സലാദേവി

അമ്പലത്തിൽ പോകുക നമ്മുടെ ദിനചര്യയുടെ ഭാഗമായിരുന്നു. ഇതിൽ നിന്നും ആദ്ധ്യാത്മീകമായ ഉയർച്ച മാത്രമല്ല ആരോഗ്യം, ഐശ്വര്യം, മാനസികമായ ഉണർവ്വ് എന്നിവയും ലഭിക്കുന്നു. ചന്ദനം, കുങ്കുമം, ഭസ്മം എന്നിവ തൊടുന്നതും നിത്യകർമ്മങ്ങളിൽ പെടുമായിരുന്നു.

അശുഭങ്ങൾ എല്ലാം അകറ്റി ഐശ്വര്യം പ്രദാനം ചെയ്യുന്നതിന് സന്ധ്യാനാമം ഒഴിച്ചു കൂടാത്തതാണ്.

മാതാവിനേയും പിതാവിനേയും അതിഥികളേയും ഗുരുവിനേയും ഈശ്വരനായി കണ്ട് സേവിക്കേണ്ടത് ആർഷസംസ്കാരത്തിൽ വിശ്വസിക്കുന്ന നമുക്ക് അനിവാര്യമാണ്.

അരിപ്പൊടികൊണ്ട് കോലം വരച്ച് അത് ക്രിമികീടങ്ങൾക്ക് ഭക്ഷിക്കാൻ അവസരം ഒരുക്കുന്ന ഒരു സംസ്കാരവും നമുക്കുണ്ടായിരുന്നു.

ഗുരുകുല സമ്പ്രദായമായിരുന്നു പണ്ട്. അവിടെ എത്തുന്ന കുഞ്ഞുങ്ങളെ സ്വന്തം മക്കൾക്ക് ഒപ്പം ഇരുത്തിയാണ് വിദ്യ അഭ്യസിപ്പിച്ചിരുന്നത്. ശിഷ്യൻ ഗുരുവിന്റെ കുടുംബാംഗമായി മാറുകയായിരുന്നു. കാലം മാറിയപ്പോൾ വിദ്യയും, ഔഷധവും, ആഹാരവും വിൽപനച്ചരക്കായി മാറിയിരിക്കുകയാണ്.

സ്വന്തം ആയുസിനെപ്പോലും തൃണവൽഗണിച്ച് കവചകുണ്ഡലങ്ങൾ ദാനം ചെയ്ത കർണ്ണനും, നിസ്സാരമായ ഒരു മാടപ്രാവിനെ രക്ഷിക്കാൻ സ്വന്തം തുടയിലെ മാംസം അറുത്തു നല്കിയ ശിബി ചക്രവർത്തിയും, മരണത്തിന് കീഴടങ്ങി സ്വന്തം നട്ടെല്ല് ആയുധമുണ്ടാക്കാൻ കൊടുത്ത ദധീചീ മഹർഷിയും, ഇതെല്ലാം നമുക്ക് മാത്രം അഹങ്കരിക്കുവാൻ പറ്റിയ സ്വകാര്യതകളാണ്.

വിശന്നു വരുന്നവന് വയറുനിറച്ച് ചോറു നല്കി ബാക്കി വരുന്ന അല്പം ഭക്ഷണം കഴിച്ച് തൃപ്തിപ്പെടുന്ന ആൾക്കാരായിരുന്നു നമ്മുടെ പൂർവ്വീകർ.

വീടു നിറയെ അംഗങ്ങൾ, തെങ്ങുകൾ, ഫലവൃക്ഷങ്ങൾ, പച്ച നിറഞ്ഞ പാടശേഖരങ്ങൾ, മുത്തശ്ശിമാരും, മുത്തച്ഛൻമാരും അമ്മായിമാരും, അമ്മാവൻമാരും, എന്നുവേണ്ട അനേകം ബന്ധുജനങ്ങൾ ഒരു കൂരയ്ക്ക് കീഴേ കഴിഞ്ഞിരുന്നു. ബന്ധങ്ങളുടെ വില അവർ മനസ്സിലാക്കിയിരുന്നു.

കൊച്ചു മക്കളെ മടിയിലിരുത്തി മുത്തശ്ശിമാർ പല ഭഗവത് കഥകളും പറഞ്ഞു കൊടുക്കുമായിരുന്നു. ഇങ്ങിനെ കഥകൾ അവരെ ദൈവവിശ്വാസികളും, അച്ചടക്കമുള്ള പൗരൻമാരും ആയി വളരാൻ വളരെയേറെ സഹായകമായിരുന്നു.

ഗുരുക്കൻമാരെ ഭക്തിയോടെ വീക്ഷിച്ചിരുന്ന തലമുറ, അവരെ ജീവന് തുല്യം സ്നേഹിച്ചിരുന്ന അദ്ധ്യാപകർ ഇവയെല്ലാം ഇന്ന് പരിഹാസ കഥാപാത്രങ്ങൾ ആണ്.

ഹിരണ്യകശിപുവിനെ കൊന്ന സമയമാണ് സന്ധ്യാസമയം. ഈ സമയം അന്തരീക്ഷം ദുഷിച്ച വായുവാൽ നിറഞ്ഞിരിക്കും. ഈ സമയം നനഞ്ഞ ഭസ്മം പൂശുകയും, ചാണകവെള്ളം തളിക്കുകയും ചെയ്യുമായിരുന്നു. ഇതു രോഗാണുക്കളെ നശിപ്പിക്കുവാൻ സഹായിച്ചിരുന്നു. ഈ സമയം ഈശ്വരനാമം ജപിക്കുകയും ചെയ്യുമായിരുന്നു. ഹിന്ദു ഗൃഹങ്ങളിൽ ഇന്ന് സന്ധ്യയ്ക്കു വിളക്കുപോലും കൊളുത്തുന്നില്ല. നല്ലെണ്ണ കത്തുമ്പോൾ ഉണ്ടാകുന്ന വസ്തുക്കൾ വിഷാണുക്കളെ നശിപ്പിക്കുവാൻ കരുത്തുള്ളവയാണ്. ഇതെല്ലാം മറന്ന് ടി.വി.യ്ക്കു മുന്നിലാണ് നാമിന്ന്. അതിലെ ദൃശ്യങ്ങൾ നമ്മിൽ നെഗറ്റീവ് എനർജിയാണ് ഉല്പാദിപ്പിക്കുന്നത്. നമ്മുടെ മനസ്സിനെ ശുദ്ധമാക്കിയിരുന്ന ആ നാമജപങ്ങൾ കുത്തഴിഞ്ഞ ടി.വി. സീരിയലുകളിൽ മുങ്ങിത്താഴുകയാണ്.

സ്വന്തം ശരീരം തന്നെ ക്ഷേത്രമായി കാണുന്ന ഭാരതീയർ ആരോഗ്യകാര്യത്തിലും വലിയ ഊന്നൽ കൊടുത്തിരുന്നു. ആയുരാരോഗ്യ സൗഖ്യമായിരുന്നു ലക്ഷ്യം. ആരോഗ്യകാര്യത്തിലും ആരോഗ്യപരിപാലനത്തിലും നമ്മുടെ ഗൃഹങ്ങളിൽ ചിട്ടകൾ ചിലതുണ്ടായിരുന്നു. തിരക്കുപിടിച്ച ജിവിതചര്യയിൽ മുഴുകിയ ഇന്നത്തെ തലമുറ ബ്രോയിലർ ചിക്കനും, ഫാസ്റ്റ് ഫുഡും മറ്റും കഴിച്ച് പല അസുഖങ്ങൾക്കും അടിമപ്പെട്ടിരിക്കുകയാണ്. തേച്ച് കുളി എന്ന ശീലം ഇന്നത്തെ കുട്ടികൾക്ക് ഉൾക്കൊള്ളുവാൻ പോലും പറ്റുകയില്ല. പഴയകാലത്തെ ആരോഗ്യമുള്ള തലമുറ ഇന്ന് വെറും കെട്ടുകഥകൾ മാത്രമാണ്.

നാം എഴുന്നേൽക്കുമ്പോൾ തന്നെ ഉള്ളിലെ ചൈതന്യമായ ഈശ്വരനെക്കുറിച്ചോർക്കണം. ഗുരുവിനെ സ്മരിക്കണം.

കൈത്തലങ്ങൾ നോക്കിക്കൊണ്ടു ചൊല്ലണം.

കരാഗ്രേ വസതേ ലക്ഷ്മി
കരമദ്ധ്യേ സരസ്വതി
കരമൂലേ സ്ഥിതാ ഗൗരി
പ്രഭാതേ കരദർശനം

ഭൂമീ ദേവിയെ സ്മരിച്ച് ഭൂമി തൊട്ടു വന്ദിക്കണം. പിന്നെ പല്ലുതേച്ച് ദിനചര്യയിൽ ഏർപ്പെടുക. ഇന്നത്തെ എത്ര പേർക്ക് ഇതെല്ലാം അറിയാം. ഇതിലെല്ലാം ശാസ്ത്രീയമായ വശങ്ങൾ കൂടിയുണ്ട്.

എഴുന്നേറ്റയുടനെ കണ്ണുപോലും തുറക്കാതെ എങ്ങിനെയോ പല്ലുതേച്ച് എന്തോ കഴിച്ച് ട്യൂഷനോടുന്ന ഇന്നത്തെ തലമുറ എന്തുനേടുന്നു. അവന് പൈസ സമ്പാദിക്കാനല്ലാതെ മൂല്യങ്ങളുടെ കാര്യത്തിൽ വട്ടപൂജ്യമാണ്. രൂപയ്ക്ക് വേണ്ടി അമ്മയെ കൊല ചെയ്യുവാനും, അതിനേക്കാൾ ആഭാസമായ പലതും ചെയ്യുവാനും അവൻ മടിക്കുന്നില്ല. വഴിയിൽ ചോരവാർന്നു കിടക്കുന്ന ഒരാളെ കണ്ടാൽ ഹോസ്പിറ്റലിൽ എത്തിക്കുവാൻ തോന്നുകയില്ല. മറിച്ച് അത് മൊബൈലിൽ പകർത്തി ഇന്റർനെറ്റിലിടുവാനാണ് അവൻ ശ്രമിക്കുന്നത്.

രാമനും, രാവണനും തുല്യ പാണ്ഡിത്യമുള്ളവരായിരുന്നു. രാവണൻ തന്റെ അറിവുകളെ മുഴുവൻ ദുരുപയോഗം ചെയ്തു. മനസ്സിൽ മുഴുവനും, അഹം എന്ന ചിന്തയായിരുന്നു. രാമനാകട്ടെ അവയെല്ലാം നല്ല മാർഗ്ഗത്തിൽ ഉപയോഗിച്ചു. ശാന്തപ്രകൃതനായ രാമനെ എല്ലാവരും ബഹുമാനിച്ചു ആദരിച്ചു. മനസ്സിനെ ബുദ്ധിയാകുന്ന കടിഞ്ഞാണിട്ട് പിടിക്കുവാൻ രാമന് കഴിഞ്ഞിരുന്നു. കാമമെന്ന വികാരത്തെ നിയന്ത്രിക്കുവാൻ കഴിയാത്ത രാവണൻ അവന്റെ കുലത്തേയും, രാജ്യത്തേയും നശിപ്പിച്ചു. സ്വയം നശിച്ചു. നമ്മുടെ പുരാണങ്ങൾ നമ്മെ പലതും പഠിപ്പിക്കുന്നു.

**ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്ക് സ്നേഹത്തോടെ പകർന്നു നൽകുന്ന വിദ്യാഭ്യാസം മാത്രമാണ് സംസ്കാരം. എങ്ങിനെ ജീവിക്കണമെന്നും ലോകത്തിൽ എങ്ങിനെ പെരുമാറണമെന്നും അവൻ പഠിക്കുന്നു. അവർ വിവേകികളും, സത്യസന്ധരും, ചിന്താശക്തിയുള്ളവരുമായി വളരുന്നു.**

താമരയിലയിലെ ജലം പോലെ ക്ഷണികമാണ് ജീവിതം എന്ന് ഇന്നത്തെ തലമുറ മനസ്സിലാക്കുന്നില്ല. മദ്യത്തിനും, മയക്കുമരുന്നിനും, കാമത്തിനും അടിമപ്പെട്ട് അവർ അമ്മ പെങ്ങമ്മാരെപ്പോലും തിരിച്ചറിയുന്നില്ല.

ശ്രീ ശങ്കരാചാര്യർക്ക് ജൻമം നൽകിയതും, വേദങ്ങളും, ഇതിഹാസങ്ങളും, പുരാണങ്ങളും, യോഗതന്ത്രാദി ഉപാസനകളും, ജൻമമെടുത്തതും ഈ ഭാരത മണ്ണിലാണ്. സ്വർഗ്ഗത്തേക്കാൾ മഹത്ത്വമേറിയ നമ്മുടെ ജൻമഭൂമി. അതിന്റെ ഇപ്പോഴെത്തെ സ്ഥിതി ഹാ.. കഷ്ടം തന്നെ.....!?

എല്ലാ അറിവുകളുടേയും ഒരു ഭണ്ഡാകാരം തന്നെ നമുക്കുണ്ട്.

ആകാശത്തിലെ ഗ്രഹങ്ങൾ, അവയുടെ ആകർഷണങ്ങൾ അതിലെ സയൻസ് തത്വങ്ങൾ, യുദ്ധമുറകൾ, സൗന്ദര്യശാസ്ത്രം, വൈദ്യം, ശസ്ത്രക്രിയ ഇവയുടെ എല്ലാം ഒരു വിപുലമായ ശേഖരം തന്നെയുണ്ട്. ഇവയൊന്നും കണ്ണിൽപ്പെടാതെ അന്ധരായ നമ്മൾ പാശ്ചാത്യരുടെ അടിമകളാകാൻ ശ്രമിക്കുകയാണ്. വിദേശികൾ പലരും ചൂഷണം ചെയ്തിട്ടും നശിക്കാത്ത ഒരു സംസ്കാരം നമുക്കുണ്ട്-ചിരപുരാതനമായ ആർഷസംസ്കാരം അതിനെ കണ്ടെത്തുക ആചരിക്കുക

"കർമണ്യേവാധികാരസ്തേ
മാഫലേഷുകദാചന"

കർമ്മം ചെയ്യുക മനുഷ്യന്റെ ധർമ്മമാണ്. ഫലം കാലത്തിന്റെ കൈകളിൽ സുരക്ഷിതമാണ്.

# മാർക്കണ്ഡേയൻ



എം.ജി. തങ്കമ്മ

ബ്രഹ്മപുത്രനായ ഭൃഗുവിന് ഖ്യാതി എന്ന ഭാര്യയിൽ ലക്ഷ്മി എന്നൊരു പുത്രിയും ധാതാവ്, വിധാതാവ് എന്ന രണ്ടു പുത്രൻമാരും ജനിച്ചു. ധാതാവും വിധാതാവും മഹാമേരുവിന്റെ പുത്രിമാരായ ആയതിയേയും, നിയതിയേയും വിവാഹം കഴിച്ചു. ധാതാവിന് ആയതിയിൽ പ്രാണൻ എന്നും വിധാതാവിന് നിയതിയിൽ മൃകണ്ഡു എന്നും ഓരോ പുത്രൻമാർ ജനിച്ചു. മൃകണ്ഡുവിന്റെ പുത്രനാണ് മാർക്കണ്ഡേയൻ.

മൃകണ്ഡുവിന് വളരെക്കാലം സന്താനങ്ങൾ ഉണ്ടായില്ല. സന്താനലാഭത്തിനുവേണ്ടി അദ്ദേഹം വളരെക്കാലം ശിവനെ തപസ്സു ചെയ്തു. ശിവൻ പ്രത്യക്ഷനായി മൃകണ്ഡുവിനോടു ചോദിച്ചു പതിനാറാമത്തെ വയസ്സിൽ മരിച്ചുപോകുന്ന ഉത്തമനും, അഭിജ്ഞനും, ഭക്തനുമായ ഒരു പുത്രൻ വേണമോ അതോ ദീർഘായുസ്സുള്ള മഠയനും കൊള്ളരുതാത്തവനുമായ ഒരു പുത്രൻ വേണമോ? എന്ന്. ആദ്യം പറഞ്ഞതരത്തിലുള്ള ഒരു മകനെയാണ് മൃകണ്ഡു ഇഷ്ടപ്പെട്ടത്. കുട്ടി ജനിച്ചു. മാർക്കണ്ഡേയൻ എന്ന് പേരിട്ടു. അതിബാല്യത്തിൽ തന്നെ മാർക്കണ്ഡേയന് വേദശാസ്ത്രാദികൾ സ്വയം തോന്നിത്തുടങ്ങി. ബാലന്റെ സുഖകരമായ പെരുമാറ്റം ഗുരുജനങ്ങളെയെല്ലാം വളരെ സന്തോഷിപ്പിച്ചു. എങ്കിലും ബാലന്റെ മുഖത്തു നോക്കുമ്പോഴെല്ലാം മാതാപിതാക്കൻമാരുടെ ദൃഷ്ടികളിൽ വിഷാദച്ഛായ പടർന്നു വന്നു. കുട്ടി എത്ര സമർത്ഥനായിരുന്നാലും പതിനാറു വയസ്സുവരെ മാത്രമേ ആയുസ്സുള്ളൂ എന്ന വിവരം മാതാപിതാക്കൾ കുട്ടിയിൽ നിന്നും മറച്ചു വച്ചിരുന്നു.

ഒരിക്കൽ അച്ഛനമ്മമാർ തന്നെ നോക്കി കരയുന്നത് മാർക്കണ്ഡേയൻ കണ്ടു. കാരണമെന്താണെന്ന് ബാലൻ ചോദിച്ചു. അച്ഛൻ കണ്ണുനീരോടുകൂടി സകലവിവരവും പറഞ്ഞു കേൾപ്പിച്ചു. അന്നു മുതൽ മാർക്കണ്ഡേൻ ജടാവല്ക്കലധാരിയായി തപസ്സാരംഭിച്ചു. ദണ്ഡും കമണ്ഡുലുവും എടുത്ത് ഉപവീതവും മേഖലയും ധരിച്ച് ബാലൻ വ്രതാനുഷ്ഠാനത്തിൽ മുഴുകി. മരണമുഹൂർത്തം ആഗതമായ ദിനത്തിൽ അയാൾ ദേവാരാധന ചെയ്തു കൊണ്ട് സമാധിസ്ഥനായി വർത്തിച്ചു. കാലദൂതൻമാർക്ക് മാർക്കണ്ഡേയനെ സമീപിക്കാൻ സാദ്ധ്യമായില്ല. അതിനാൽ യമൻ തന്നെ ആ യുവാവിന്റെ ജീവൻ കൊണ്ടു പോകാനായിച്ചെന്നു. തന്നെ രക്ഷിക്കണമേ എന്നപേക്ഷിച്ചു കൊണ്ട് യുവാവ് ശിവലിംഗത്തെ ഗാഢമായി ആലിംഗനം ചെയ്തു. കാലൻ തന്റെ പാശത്തിന്റെ കുരുക്ക് വിഗ്രഹത്തേയും മാർക്കണ്ഡേയനേയും ലക്ഷ്യമാക്കി എറിഞ്ഞു. കുപിതനായ ശിവൻ വിഗ്രഹത്തിൽ നിന്നിറങ്ങി വരികയും യുവാവിനെ രക്ഷിക്കാൻ യമനെ വധിക്കുകയും ചെയ്തു. അന്നുമുതൽ ശിവന് മൃത്യുഞ്ജയൻ എന്നും കാലകാലനെന്നും പേരുണ്ടായി. അതിന് ശേഷം ദേവൻമാരുടെ അപേക്ഷ പ്രകാരം ശിവൻ കാലനെ പുനർജ്ജീവിപ്പിക്കുകയും മാർക്കണ്ഡേയനെ എന്നും പതിനാറു വയസ്സുള്ള ചിരഞ്ജീവിയായിരിക്കാൻ അനുഗ്രഹിക്കുകയും ചെയ്തു.

ശിവന്റെ അനുഗ്രഹം ലഭിച്ച മാർക്കണ്ഡേയൻ പത്തു കോടി വർഷങ്ങൾ ഭൂമിയിൽ ജീവിച്ചിരുന്നുവെന്ന് പുരാണങ്ങൾ ഘോഷിക്കുന്നു. അദ്ദേഹം മഹായോഗത്തിൽ നിഷ്ഠനായിരിക്കവേ ആറുമന്വന്തരങ്ങൾ തന്നെ കടന്നു പോയി. ഏഴാമത്തെ മന്വന്തരത്തിൽ ഇന്ദ്രൻ മാർക്കണ്ഡേയന്റെ തപസ്സ് ഭയപ്പെട്ട് തടസ്സം സൃഷ്ടിക്കുവാൻ പഴുതു നോക്കി. ഇന്ദ്രൻ ഗന്ധർവ്വൻമാരെയും അപ്സരസ്സുകളെയും മൻമഥനേയും വസന്തത്തേയും മാർക്കണ്ഡേയന്റെ ആശ്രമത്തിലേയ്ക്കയച്ചു. ഹിമാലയത്തിന്റെ വടക്കേ ചരിവിൽ പുഷ്പഭദ്ര എന്ന നദികൊണ്ടും ചിത്ര എന്നു പേരായ ശിലകൊണ്ടും പ്രസിദ്ധമായ സ്ഥലത്തായിരുന്നു മാർക്കണ്ഡേയന്റെ ആശ്രമം. ഇന്ദ്രദൂതൻമാർ അവിടെ ചെന്നുചേർന്നു. പലതരത്തിലുള്ള പ്രലോഭന

ങ്ങൾ കൊണ്ട് മാർക്കണ്ഡേയനെ പ്രചലിപ്പിച്ച്, ആശ്രമത്തിന്റെ അങ്കണത്തിൽ ദേവകന്യകകൾ നൃത്തം ചെയ്തു. പ്രകൃതി പോലും മാർക്കണ്ഡേയന്റെ തപസ്സിളക്കാൻ അങ്ങേയറ്റം ശ്രമിച്ചു. കാമദേവനും തന്റെ ജോലി ഭംഗിയായി ചെയ്തു. എന്നിട്ടും മാർക്കണ്ഡേയന്റെ ശരീരം പാറപോലെ അചഞ്ചലമായിത്തന്നെ ഇരുന്നു. പരാജിതനായ ഇന്ദ്രൻ മടങ്ങിപ്പോകവേ മഹാവിഷ്ണു മഹർഷിമാരോടു കൂടി മാർക്കണ്ഡേയന്റെ അടുത്തു വന്നു. മാർക്കണ്ഡേയൻ വിഷ്ണുവിനെ കൈക്കൂപ്പി തൊഴുതു.

ഒരിക്കൽ ഒരു സന്ധ്യാ സമയത്ത് മാർക്കണ്ഡേയൻ പുഷ്പഭദ്രാപദത്തിൽ ഇരിക്കയായിരുന്നു. കഠിനമായ ഒരു കാറ്റ് എവിടെ നിന്നോ വീശി തുടങ്ങി. ആകാശം കാർമേഘപടലം കൊണ്ട് നിറഞ്ഞു. ഇടിനാദം കൊണ്ട് ദിക്കുകൾ മുഖരിതമായി. പെരുമഴപെയ്തു തുടങ്ങി. കടലുകൾ ഇളകി ഒന്നിച്ചു. സകലതും ജലത്തിൽ മുങ്ങി. മാർക്കണ്ഡേയൻ മാത്രം നിസ്സഹായനായി ജടകൾ കാറ്റിൽ അഴിച്ചിട്ട് പറപ്പിച്ചു കൊണ്ടു നിന്നു. അയാൾ ദിക്കുകളെ വിവേചിച്ചറിയാൻ വയ്യാതെ തളർന്നു നടന്നു. മാർക്കണ്ഡേയൻ ഒരു നിമിഷം കടൽ ചുഴികളിൽ താണു. അടുത്ത നിമിഷം എറിഞ്ഞുയർന്ന തിരകളിൽ അയാൾ മേൽപ്പോട്ടു പൊങ്ങി. ഈ അത്യാഹിതങ്ങളിൽ പെട്ട് മാർക്കണ്ഡേയൻ തെല്ലൊന്നുയർന്നു. തിരകളുടെ നടുക്ക് ഒരു അരയാൽ മരം നില്ക്കുന്നതായി മുനിക്കു തോന്നി. ആ മരത്തിന്റെ വടക്കു കിഴക്കേ കൊമ്പിൽ ഒരു ഇലയിൽ ഒരു ശിശു ശരീരപ്രഭ കൊണ്ട് അന്ധകാരത്തെ അകറ്റി പ്രഭാപൂരിതമായി കാണപ്പെട്ടു. മാർക്കണ്ഡേയൻ ശിശുവിന്റെ ശ്വാസബലത്താൽ ആകൃഷ്ടനായി ശിശുവിന്റെ ഉദരത്തിൽ കടന്നു. ഉദരത്തിൽ വച്ച് മാർക്കണ്ഡേയന് ഒരു വിശ്വദർശനമുണ്ടായി. ക്ഷണനേരം കഴിഞ്ഞപ്പോൾ ശിശുവിന്റെ ശ്വാസ വേഗതയിൽ പെട്ട് വീണ്ടും വെളിയിൽ വന്നു. ശിശു മഹാവിഷ്ണുവാണെന്ന് മാർക്കണ്ഡേയന് മനസ്സിലായി. ആലിംഗനം ചെയ്യാൻ ഓടി എത്തിയപ്പോൾ ശിശു അപ്രത്യക്ഷനായി. മാർക്കണ്ഡേയൻ വിഷ്ണുവിനെ സ്തുതിച്ചു.

മഹാവിഷ്ണു അന്തർദ്ധാനം ചെയ്ത ശേഷം മാർക്കണ്ഡേയന് പഴയ നദീതടത്തിൽ ഇരിക്കുന്നതായിത്തന്നെ തോന്നി. വീണ്ടും ധ്യാനനിരതനായി. തദവസരത്തിൽ പാർവ്വതീപരമേശ്വരൻമാർ ആ വഴിക്കു വന്നു. മാർക്കണ്ഡേയനെ ഇങ്ങനെ അനുഗ്രഹിച്ചു.

അങ്ങേയ്ക്കു സർവ്വകാമങ്ങളും സഫലമാകും. കല്പാന്തം വരെ യശസ്വിയായും പുണ്യവാനായും ജരാനരയില്ലാത്തവനായും വർത്തിക്കും. ത്രികാല ജ്ഞാനവും അങ്ങേയ്ക്കുണ്ടാകും. ഇത്രയും പറഞ്ഞ് പാർവ്വതീപരമേശ്വരൻമാർ അപ്രത്യക്ഷരായി. മാർക്കണ്ഡേയൻ യോഗസിദ്ധനായി ഇന്നും എന്നും പ്രപഞ്ചം ചുറ്റി നടക്കുന്നുവെന്നാണ് പൗരാണിക മതം.

*കവിത*

## വിഷുക്കണി

**നന്ദിനി മനോഹരൻ**

വിഷുപ്പുലരിയിൽ വിഷുക്കണിക്കായ്
വിരവൊടെല്ലാം ഒരുക്കേണം
ഏഴരവെളുപ്പിനുണർന്നെണീ-
റ്റേഴുതിരി വിളക്കു തെളിച്ചിടേണം.
കരിമുകിൽ വർണ്ണനാം കണ്ണന്റെ രൂപം
കമനീയമായ് തന്നെ ഒരുക്ക വേണം
മഞ്ഞപ്പുടവയും ഓടക്കുഴലും
മന്ദാരമാലയും ചാർത്തിടേണം.
വെള്ളപ്പുടവ ഞൊറിഞ്ഞതിൻ മദ്ധ്യേ
വാൽക്കണ്ണാടിയും വെയ്ക്ക വേണം
ശ്രീഭഗവതിയെ ചാർത്തിക്കാനായ്
ചിത്തിര മാലകൾ കോർത്തിടേണം.
കരവിരുതോടെ അടുക്കവേണം
ചക്കയും മാങ്ങയും പക്വഫലങ്ങളും
ചാരേത്തന്നെ നിരത്തിടേണം
താംബൂലവും കൈനീട്ടങ്ങളും
താലത്തിലടുക്കി ഒരുക്കവേണം
നിറജലപാത്രവും ധൂപക്കൂട്ടും
നിറവോടരികിൽ കരുതേണം
ഏഴരവെളുപ്പിനുണർന്നിടേണം
നറുനെയ് വിളക്കു കൊളുത്തിടേണം
നിറകതിരൊളിയിൽ കണ്ണൻ തൻ
പൊൻകണി
നിറമനസ്സോടെ കാണേണം
ജീവിതമെന്നും മംഗളമാക്കുവാൻ
ജീവസാക്ഷിയെ നിത്യം നമിക്കവേണം.

(ക്ഷേത്ര മഹത്വം)

# ഏമൂർ ഭഗവതി ക്ഷേത്രം

ശാന്ത രാജൻ



ഈ ക്ഷേത്രത്തിനും ഒരു ഐതീഹ്യമുണ്ട്. പല പഴമക്കാരും പറഞ്ഞുവരുന്നവയിൽ നിന്നും ഉരുത്തിരിഞ്ഞ ഐതഹ്യം. ഈ ക്ഷേത്രത്തിന് കല്ലായ്ക്കുളങ്ങര ഹേമാംബിക ക്ഷേത്രം എന്നും പറയുന്നു.

പാലക്കാട് അകത്തേത്തറ അംശത്തിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഇത് ഒലവക്കോട് റയിൽവേ സ്റ്റേഷനിൽ നിന്നും കഷ്ടിച്ച് ഒന്നരക്കിലോ മീറ്റർ വടക്കു ഭാഗത്തായിട്ട് സ്ഥിതി ചെയ്യുന്നു. ക്ഷേത്രത്തിനോട് തൊട്ടുകിടക്കുന്ന ചേന്ദമംഗലം ശിവക്ഷേത്രവും, ഈശ്വരമംഗല ക്ഷേത്രവും വളരെയധികം പ്രാധാന്യമുള്ളവയാണ്.

ഈ ക്ഷേത്രത്തിന് കേരളത്തിന്റെ ഉത്ഭവകാലത്തോളം തന്നെ പഴക്കമുണ്ടെന്നാണ് അനുമാനം. പരശുരാമൻ സാഹ്യാദ്രിയിൽ തപസ്സ് ചെയ്തിരുന്ന കാലത്ത് കേരളത്തിന്റെ കിഴക്കേ അതിരിലുള്ള പാലക്കാടൻ മലകളിൽ അധിവസിച്ചിരുന്ന അതിപരാക്രമിയായ നീലാസുരൻ എന്ന അസുര പ്രമാണിയുടെ അക്രമങ്ങൾ സഹിക്കവയ്യാതെ വിഷമിക്കുന്ന ജനങ്ങളുടെ അപേക്ഷ പ്രകാരം പരശുരാമൻ ഹിമാലയത്തിൽ ചെന്ന് കൈലാസപതിയെ ഓർത്ത് തപസ്സു ചെയ്തു. അതിന്റെ ഫലമായി സാക്ഷാൽ ജഗദാംബികയായ ഹേമാംബിക പ്രത്യക്ഷപ്പെട്ട് സങ്കടകാരണമാരയുകയും പരശുരാമന്റെ അഭ്യർത്ഥന അനുസരിച്ച് ദേവി ദുർഗ്ഗയോടുകൂടി സഹ്യപർവ്വതത്തിലെ നീലാസുരനെ സംഹരിച്ച ശേഷം അവിടെ തന്നെ സ്ഥിരവാസം ചെയ്യാനിടയായി എന്നാണ് ഐതിഹ്യം.

പാലക്കാട് മലമുകളിൽ നീലിമല, അകമല, കരിമല എന്നീ മലകളുടെ ഒരു സമൂഹമുണ്ട്. കരിമലകളുടെ മുകളിൽ ഹേമാംബികയും, മണപ്പുള്ളിക്കാവ് എന്ന സ്ഥലത്ത് ദേവിദുർഗ്ഗയും ഇരുന്നുവെന്നാണ് ഐതിഹ്യം.

വളരെ ദൂരെ കിടക്കുന്ന കരിമലയിൽ നിന്നും ഹേമാംബികയുടെ അധിവാസം കല്ലായ്ക്കുളങ്ങരയിൽ തന്നെ ആയി തീർന്നതിന് ഒരു ഐതിഹ്യമുണ്ട്.

ആദിശങ്കാരാചാര്യരുടെ കാലത്താണ് ഇത് നടന്നതെന്ന് അനുമാനിക്കുന്നു. അക്കാലത്ത് കുറൂർ മനയ്ക്കലെ ദേവി ഭക്തനായ നമ്പൂതിരിപ്പാട് കല്ലായ്ക്കുളങ്ങരയിൽ ഇല്ലമുണ്ടാക്കി ദേവിയെ ഭജിക്കുവാൻ വന്നിരുന്നു. അദ്ദേഹം ദിവസേന സുപ്രഭാതത്തിൽ കുളിയും മറ്റും കഴിഞ്ഞ് കരിമലമുകളിൽ ചെന്ന് ദേവി പൂജ നടത്തി തിരിച്ചു വരുന്നതും പതിവായിരുന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ പ്രായാധിക്യത്താൽ ക്ഷീണം ബാധിക്കയാൻ ഇത്രയും ദൂരം നടന്നു പോകുന്നതിനുള്ള വിഷമം സങ്കടപൂർവ്വമറിയിച്ചെന്നും, ദേവി അദ്ദേഹത്തിന് സ്വപ്നത്തിലൂടെ ഇനി മുതൽ മുതിരാംകുന്ന് എന്ന സ്ഥലത്ത് പൂജ ചെയ്താൽ മതി എന്ന് അരുളിച്ചെയ്യുകയും (ദേവി കാണിച്ചുകൊടുത്ത സ്ഥലത്ത്) പൂജ തുടർന്നു വരികയും ചെയ്തു. പിന്നീട് കുറേക്കാലം കൂടി ചെന്നപ്പോൾ നമ്പൂതിരിപ്പാടിന് തീരെ നടക്കുവാൻ വയ്യാതായി. അപ്പോൾ ദേവി അദ്ദേഹം കുളിക്കുന്ന കുളത്തിനു നടുവിൽ തൃകൈകൾ രണ്ടും ഉയർന്നു വന്ന് ദർശനം നൽകി. ആ സ്ഥലത്ത് കുളം നികത്തി നിർമ്മിച്ചതാണത്രെ ഇന്നത്തെ ഹേമാംബിക ക്ഷേത്രം. കുളത്തിൽ ഉയർന്നു വന്ന കൈകൾ രണ്ടും കല്ലായ് തീർന്നു. ഇന്നും ഇവിടത്തെ പ്രതിഷ്ഠ ശിലാഹസ്തങ്ങളാണ്. കുളത്തിൽ ഉയർന്നു വന്ന കൈകൾ കല്ലായിതീർന്നു എന്ന അർത്ഥത്തിലായിരിക്കാം ഈ സ്ഥലത്തെ കല്ലായ്ക്കുളങ്ങര എന്ന പേരുണ്ടായത്.

കുറൂർ നമ്പൂതിരിപ്പാടിന്റെ സഹവർത്തി അന്നുണ്ടായിരുന്ന ചേന്നാസ് നമ്പൂതിരിയാണ് ക്ഷേ

ത്രനിർമ്മാണസമയം തന്ത്രിയായിരുന്നതെന്നും അവരുടെ ആവശ്യപ്രകാരം അന്നത്തെ പാലക്കാട് രാജാവ് ക്ഷേത്രനിർമ്മാണത്തിനു വേണ്ട ഒത്താശകൾ ചെയ്തു കൊടുത്തെന്നും പറയപ്പെടുന്നു. ചേന്നാസ് നമ്പൂതിരിയുടെ കാലശേഷം ശേഷക്കാരില്ലാതെ വരികയാൽ ലക്കിടി മനയ്ക്കലെ നമ്പൂതിരിപ്പടിനെയാണ് പിന്നീട് കുറൂർ നമ്പൂതിരിപ്പാട് നിശ്ചയിച്ചത്. കൈമുക്ക്, മനയ്ക്കലെ അംഗങ്ങളാണ് തന്ത്രിയുടെ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ദേവിക്ഷേത്രത്തിനടുത്തുള്ള ശിവക്ഷേത്രം ചേന്നാസ് നമ്പൂതിരിയുടെ വകയായിരുന്നു എന്ന് ചരിത്രം പറയുന്നു.

ഹേമാംബികക്ഷേത്രത്തിലെ പൂജാദികൾക്ക് ഒരു പ്രത്യേകതയുണ്ട്. കാലത്ത് സരസ്വതി, ഉച്ചയ്ക്ക് ലക്ഷ്മി, വൈകുന്നേരും ദുർഗ്ഗ എന്നീ മൂന്നു സങ്കല്പങ്ങളിലാണ് ഹേമാംബികയെ പൂജിക്കുന്നത്. ഇതിനനുസരിച്ച നിവേദ്യങ്ങളും മാറും. നവരാത്രികാലത്ത് വിദ്യാരംഭവും ഇവിടെ ഭക്തിയോടെ നടത്തുന്നു.

നവരാത്രി കാലത്താണ് ഹേമാംബിക ക്ഷേത്രത്തിലെ പ്രധാനപ്പെട്ട ഉത്സവം. ശിവക്ഷേത്രത്തിന്റെ പ്രാധാന്യത്തെ മുൻനിർത്തി ശിവരാത്രി ഉത്സവവും ആർഭാടപൂർവ്വം നടത്താറുണ്ട്. കൂടാതെ മണ്ഡല പൂജയും, കർക്കിടകത്തിലെ ഈശ്വര സേവയും മറ്റ് എല്ലാ ഹൈന്ദവ വിശേഷങ്ങളും ഇവിടെ കൊണ്ടാടി വരുന്നുണ്ട്. ഓട്ടൻ തുള്ളൽ, പാഠകം, ചാക്യാർ കൂത്ത്, തുടങ്ങിയ കേരളീയ കലകൾക്കാണിവിടെ പ്രാധാന്യം നൽകികാണുന്നത്. തിങ്കൾ, വെള്ളി, ചൊവ്വ, വ്യാഴം, ഇവിടെ ദർശനത്തിന് നല്ലതായി കാണക്കാക്കുന്നു. കേരളത്തിലെ ക്ഷേത്രങ്ങളിൽ വെച്ച് ഏറ്റവും കൂടുതൽ ഭൂവരവുള്ള ക്ഷേത്രമായിരുന്നു ഇത്. കാർഷികനിയമവും, ദേശസാൽകൃത നിയമവും ഈ ക്ഷേത്രത്തിന്റെ ധാരളം ഭൂസ്വത്തുക്കൾ നഷ്ടപ്പെടുവാൻ ഇടയാക്കിയിട്ടുണ്ട്. ഈ ക്ഷേത്രവും സ്വത്തുക്കളും ഇന്ന് മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാണ്. കളഭ വഴിപാട്, നെയ്യ് വിളക്ക്, ചതുസ്സതം, നെയ്പായസം തുടങ്ങിയവ ദേവിക്ക് വഴിപാടായി നടത്തുന്നു. പാലക്കട് ജില്ലയിലെ തലയെടുപ്പുള്ള ഒരു ഗജവീരൻ രാജഗോപാലൻ ഇന്ന് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുണ്ട്. കൂടാതെ ജില്ലയിലെ പ്രധാന സംസ്കൃത ഹൈസ്ക്കുളും ഈ ദേവസ്വത്തിന്റെ ഉടമസ്ഥയിലാണ്.

ഈ ലേഖികയുടെ കുടുംബത്തിന്റെ അടിമക്കാവാണ് ഈ ക്ഷേത്രം. ഈ വിവരം ഞങ്ങൾ വളരെ അടുത്താണറിഞ്ഞത്. അപ്പോൾ മുതൽ ഇടയ്ക്കു ദർശനത്തിന് പോകും.

മനോഹരമായ അമ്പലനടയിൽ എത്തുമ്പോഴും ദേവിയെ സങ്കല്പിച്ച് കൈപ്പത്തികൾ നോക്കി തൊഴുമ്പോഴും വല്ലാതെ ഭക്തി മനസ്സിൽ നിറയുന്നു. മാലയും, എണ്ണ വിളക്കും, കഴിവു പോലെ വഴിപാടുകളും നടത്താം. ഉപപ്രതിഷ്ഠയായി ഗണപതിയും സുബ്രഹ്മണ്യനുമുണ്ട്. വെളിയിൽ അന്തിമഹാകാളന്റെ പ്രതിഷ്ഠയും ഉണ്ട്.

ഈ വിവരങ്ങൾക്കെല്ലാം അമ്പലത്തിൽ നിന്നു ലഭിച്ച പുസ്കത്തിനോടു കടപ്പാട്. എന്തെങ്കിലും തെറ്റുകുറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അമ്മേ സമസ്താപരാധം പൊറുത്ത് ക്ഷമിക്കേണമേ. ദേവിക്ക് വിനയപൂർവ്വം സമർപ്പണം.



## ഗണപതി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം

എറണാകുളം കരയോഗം ഗണപതിക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം **മെയ് മാസം 3-ാം തീയതി (ചൊവ്വാഴ്ച)** നടത്തപ്പെടുന്നു. അന്നേദിവസം ഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (നൂറ്റൊന്ന്കുടം), കളഭാഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.

***ജനറൽ സെക്രട്ടറി***

(മുൻലക്കം തുടർച്ച)

# ഭക്തഹനുമാൻ



എം. രാജലക്ഷ്മി

തേജസ്വികളായ 2 ആയുധധാരികളായ താപസികളെ കണ്ടിട്ട് സുഗ്രീവൻ ഈ വരുന്നവർ ശത്രുക്കളോ മിത്രങ്ങളോ എന്ന് തിരിച്ചറിയാൻ ഹനുമാനെ പറഞ്ഞയച്ചു. ഒരു ബ്രഹ്മചാരിയായ വ



ടുവിന്റെ രൂപം പൂണ്ട് ഹനുമാൻ അവരുടെ അടുത്ത് ചെന്ന് ആഗമനോദ്ദേശം ആരാഞ്ഞു ആ സമയം രാമൻ ലക്ഷ്മണനോട് പറയുകയാണ് ശുദ്ധവും വ്യാകരണ നിബദ്ധവുമായ ഭാഷയിലാണ് ഈ വടു സംസാരിക്കുന്നത്. ഇവൻ സാധാരണ ബ്രഹ്മചാരിയല്ല. ഇവന്റെ അദൃശ്യങ്ങളായ ആ കർണ്ണഭൂഷണങ്ങൾ നീ കാണുന്നില്ലേ? ഹനുമാൻ അഞ്ജനയുടെ ഉദരത്തിൽ ഗർഭസ്ഥശിശുവായി കിടക്കുമ്പോൾ ബാലി മാതാവിന് നൽകിയ പഞ്ചലോകചൂർണ്ണം തന്റെ പിതാവായ പരമശിവന്റെ അനുഗ്രഹത്താൽ തന്റെ കർണ്ണാഭരണങ്ങളായ കാര്യം ഹനുമാൻ ഓർത്തു. ഈ കർണ്ണാഭരണം നഗ്നനേത്രങ്ങളാൽ ആര് കാണുന്നുവോ ആ ദിവ്യനെ ആരാധിച്ച് അദ്ദേഹത്തിന്റെ നിത്യോത്തമ ഭക്തനായി നീ ജീവിക്കുക എന്ന് അംബികാപതി പറഞ്ഞ കാര്യവും ഹനുമാൻ അനുസ്മരിച്ചു. ഹനുമാൻ വടുരൂപം മാറ്റി, താൻ ശിവ സംഭൂതനായ ഹനുമാനും ഋശ്യമൂകാചലപതിയായ സുഗ്രീവന്റെ ആത്മമിത്രവും സചിവനുമാണെന്ന സത്യം വെളിപ്പെടുത്തി. രാമലക്ഷ്മണൻമാരെ തോളിലേറ്റി സുഗ്രീവസന്നിധിയിൽ വച്ച് ബാലിയിൽ നിന്ന് തന്റെ രാജ്യവും പത്നി രുമയെയും സുഗ്രീവന് തിരിച്ച് നൽകാമെന്നും സീതയെ കണ്ടുപിടിച്ച് രാമന് നൽകാമെന്നും അഗ്നിസാക്ഷിയായി രണ്ടുകൂട്ടരും സഖ്യം ചെയ്തു. ബാലിയുടെ കഴിവിനെ പറ്റി രാമന് സുഗ്രീവൻ വിവരിച്ചു കൊടുത്തു. ബാലിയെ വധിച്ച് ശ്രീരാമൻ താരക്ക് ദേഹം നശ്വരമാണെന്നും ദേഹി അനശ്വരമാണെന്നും ഉള്ള ഉപദേശം നൽകി. താരക്ക് വൈധവ്യം ബാധിക്കുന്നതല്ലെന്നും ബാലിയുടെ ആഗ്രഹ പ്രകാരം സുഗ്രീവന്റെ ഭാര്യയായും മകൻ അംഗദനെ യുവരാജവായി വാഴിച്ച് സുഖമായി ജീവിക്കുവാൻ രാമചന്ദ്രപ്രഭു അനുഗ്രഹം നൽകി. സുഗ്രീവൻ സീതാന്വേഷണം വിസ്മരിച്ചപ്പോൾ ബാലിയെ നിഗ്രഹിച്ച ശരം ഇപ്പോഴും രാമന്റെ പക്കലുണ്ടെന്ന് ഹനുമാൻ ഓർമ്മപ്പെടുത്തി. അതനുസരിച്ച് സുഗ്രീവൻ നാനാദിക്കുകളിലേക്ക് വാനരപ്പടയെ പറഞ്ഞയച്ചു. ഹനുമാനും ജാംബവാനും അംഗദനുമടങ്ങിയ പട ദക്ഷിണ ദിക്കിലേക്ക് തിരിച്ചു. ശ്രീരാമൻ തന്റെ മോതിരവും വിശ്വാസം വരുത്തുവാൻ അടയാള വാക്യവും ഹനുമാന് നൽകി. വിന്ധ്യാപർവ്വതം കടന്ന് ലങ്കയെ ലക്ഷ്യമാക്കി സഞ്ചരിക്കുന്നതിന്നിടയിൽ മാരീചന്റെ മകനെ രാവണനാണെന്ന് ധരിച്ച് അംഗദൻ ഗദകൊണ്ട് അടിച്ചുകൊന്നു. വിശപ്പും ദാഹവും മൂലം അവർ അടുത്തുള്ള ഗുഹാദ്വാരത്തിൽ ചെന്നു വനദേവതയെന്ന് തോന്നുന്ന ജടാവൽക്കല ധാരിണിയായ സ്വയംപ്രഭ അവരോട് പറഞ്ഞു. ഞാൻ മേരുസാവർണ്ണി എന്ന ഗന്ധർവ്വപുത്രി സ്വയം പ്രഭയാണ്. ദേവശില്പിയായ വിശ്വകർമ്മാവിന്റെ പുത്രിയും ദേവരാജസദസ്സിലെ നർത്തകിയുമായ ഹേമയെ മയൻ മയക്കി അവന് വശംവദയാക്കി. അവൾക്ക് താമസിക്കുവാൻ വേണ്ടി നിർമ്മിച്ചതാണ് ഈ നഗരവും സ്വർണ്ണവർണ്ണ മനോഹരമായ ഈ രമ്യഹർമ്മ്യവും ദേവേന്ദ്രൻ ഈ വിവരം അറിഞ്ഞ് മയനെ വധിക്കാൻ ചെന്നു. മയൻ തന്റെ കുഞ്ഞിനെയും കൊണ്ട് ഓടി ഒളിച്ചു രക്ഷപ്പെട്ടു. മയന് കൂട്ടായി നിന്ന് ഹേമയെ വശപ്പെടുത്തി കൊടുത്തതിന് ദേവേന്ദ്രൻ ശപിച്ചു ബാഹ്യ ലോകവുമായി യാതൊരു സമ്പർക്കവും ഇല്ലാതെ നീ ഏകാകിനിയായി വനത്തിൽ കഴിയൂ എന്ന് ശപിച്ചു. ശാപമോക്ഷ

ത്തിനായി അനേക ശതവർഷം കഴിയുമ്പോൾ സീതാന്വേഷണത്തിനായി വാനരസംഘം വരുമ്പോൾ അവരെ വേണ്ടവിധം സൽക്കരിച്ച് സീതാവൃത്താന്തം അരുളി ശ്രീരാമചന്ദ്രനെ കണ്ട് അനുഗ്രഹം വാങ്ങിയാൽ ശാപമോക്ഷം ലഭിക്കും. ആ ഹേമയുടെ പുത്രിയാണ് നിങ്ങൾ അന്വേഷിച്ചു നടക്കുന്ന രാവണ പത്നി മണ്ഡോദരി. പാർവ്വതിദേവിയുടെ ശാപഫലമായിട്ടാണ് അവൾ ഹേമയുടെ ഉദരത്തിൽ ജനിച്ചത്. ഇത്രയും പറഞ്ഞ് സ്വയംപ്രഭ അവർക്ക് വേണ്ടപോലെ സൽക്കാരം ചെയ്ത് യാത്രപറഞ്ഞ് ശ്രീരാമനെ ദർശിച്ചു ബദര്യാശ്രമത്തിൽ തപസ്സു ചെയ്തു മുക്തിനേടി. വാനരൻമാരെ പൂർവ്വസ്ഥലത്ത് എത്തിച്ചു. അവർ സമുദ്ര ലംഘനത്തെ തരണം ചെയ്യുന്ന കാര്യം ചിന്തിച്ചു. അംഗദൻ പറഞ്ഞു സുഗ്രീവാജ്ഞ ലംഘിച്ചാൽ വധശിക്ഷ ഉറപ്പ്. അതിനാൽ ഞാൻ ഇവിടെ കിടന്ന് മരിച്ചോളാം, തിരിച്ചില്ല, നിങ്ങൾ രക്ഷപ്പെട്ടുകൊള്ളും. ഹനുമാൻ അംഗദന് ധൈര്യം പകർന്നു കൊടുത്തു. ഗിരിശൃംഗത്തിന്റെ ചെരുവിൽ ജടായുവിന്റെ ജ്യേഷ്ഠൻ അരുണ പുത്രനായ സമ്പാതി താമസിച്ചിരുന്നു. പറക്കാനോ നടക്കാനോ കഴിയാതെ ചിറകറ്റു കിടക്കുന്ന സമ്പാതിക്ക് ഇത്രയും വാനരൻമാരെ കണ്ടപ്പോൾ സന്തോഷമായി. കുറെ ദിവസത്തേക്കുള്ള ആഹാരമായല്ലോ എന്ന് ചിന്തിച്ചു. സമ്പാതി പതുക്കെ അവരുടെ അടുത്തേക്ക് വരുന്നതു കണ്ട് വാനരൻമാർ പരസ്പരം പറഞ്ഞു കൊക്ക് വെച്ച് ഒരു മല നീങ്ങി വരുന്നതുപോലെ ഒരു പക്ഷിരാജൻ വരുന്നത് കണ്ടോ? പക്ഷിയാൽ ഭക്ഷിക്കപ്പെടണമെന്നതായിരിക്കാം നമ്മുടെ വിധി ശ്രീരാമചന്ദ്രന് വേണ്ടി ആത്മാർപ്പണം ചെയ്ത് രാമസാമയൂജ്യ മടഞ്ഞ ജടായൂവിനെപ്പോലെ പുണ്യം വേറെ ആർക്ക് കിട്ടും? രാമലക്ഷ്മണൻമാർ അവന് പിതൃകർമ്മം പോലും ചെയ്തില്ലേ? സമ്പാതി ജടായുവിന്റെ കാര്യം കേൾക്കാൻ ഉത്സുകനായി. അംഗദൻ എല്ലാ കാര്യവും വിശദമായി പറഞ്ഞു കൊടുത്തു. ജടായുവിന്റെ മരണ വൃത്താന്തം അറിഞ്ഞ് സമ്പാതി പൊട്ടിക്കരഞ്ഞു. അവൻ എന്റെ അനുജനാണ്. അവനു വേണ്ട പിതൃകർമ്മങ്ങൾ ചെയ്യാൻ അംഗദൻ സമുദ്രതീരത്ത് സമ്പാതിയെ കൊണ്ടു പോയി എല്ലാ സഹായങ്ങളും ചെയ്തു. അതിനു ശേഷം പറഞ്ഞു ഞാനും ജടായുവും സൂര്യസാരഥിയായ അരുണ പുത്രൻമാരാണ് അമ്മ കദ്രുനന്ദിനിയായ സരസയെന്ന നാഗവനിതയാണ്. ഗരുഡൻ ഞങ്ങളുടെ പിതൃവ്യനാണ്. ബാലീസുഗ്രീവൻമാരും ഞങ്ങളുടെ അച്ഛന്റെ മക്കൾ തന്നെ. അച്ഛന്റെ അനുജൻ എന്ന നിലക്ക് സമ്പാതിയെ അംഗദൻ സമസ്കരിച്ചു. ഒരു ദിവസം മദ്ധ്യാഹ്ന സമയത്ത് തുല്യ വേഗതയുള്ള ഞങ്ങൾ രണ്ടുപേരും പിതാവിനെ കാണാൻ സൂര്യമണ്ഡലത്തിലേക്ക് പറന്നു. സൂര്യനോട് അടുത്തപ്പോൾ അത്യുഗ്രമായ ചൂടേറ്റ് ജടായു തളരുന്നത് കണ്ട് അവന് മുകളിൽ ചിറക് വിടർത്തി തണലു കൊടുത്തു. അതിനാൽ ആപത്തൊന്നും സംഭവിക്കാതെ അവൻ നിലം പതിച്ചു. ഞാനോ ചിറക് കരിഞ്ഞ് നിലം പൊത്തി വീണു. അന്ന് ജീവിച്ചിരുന്ന നിശാകരൻ എന്ന താപസവീരൻ എന്നെ അനുഗ്രഹിച്ച് അരുളി ചെയ്തു സീതാന്വേഷണാർത്ഥം വരുന്ന വാനരൻമാർക്ക് സീതാദേവി ഇരിക്കുന്ന സ്ഥലം പറഞ്ഞു കൊടുത്താൽ രാമമാഹാത്മ്യത്താൽ നീ പൂർവ്വ സ്ഥിതിയിലാകും. സീതാദേവി രാവണന്റെ അശോക വനത്തിൽ ദുഃഖിതയായി, നിരാഹാരയായി, നിരാലംബയായി, നിദ്രാഹീനയായി സദാ രാമ രാമ എന്ന് ധ്യാനിച്ചിരിക്കുന്നു എന്ന് പറഞ്ഞതും സമ്പാദിയുടെ ചിറകുകൾ കിളിർത്തു, കാലുകൾ ശരിയായി മാമുനിയുടെ പ്രവചനം ഫലിച്ചു. പിന്നീട് എങ്ങിനെ സമുദ്രലംഘനം നടത്തുമെന്ന ചർച്ചയായി അംഗദന് അങ്ങോട്ട് ചാടാം ഇങ്ങോട്ട് വയ്യ. ജാംബവാൻ വാമനൻ മഹാബലിയോടു ലോകം മുഴുവൻ 3 അടി കൊണ്ടളന്ന് വാങ്ങിയ സമയത്ത് 3 വിനാഴിക കൊണ്ട് മൂവ്വേഴുവട്ടം പെരുമ്പറയും കൊട്ടി ഭൂമിക്ക് പ്രദക്ഷണം വച്ചവനാണ്. എന്നാൽ ഇന്ന് വയസ്സനായാലും 90 യോജന ചാടാമെന്ന് പറഞ്ഞു.

അവസാനം ജാംബവാൻ ഹനുമാനെ അവന്റെ കഴിവുകളെക്കുറിച്ചും വീരകൃത്യങ്ങളെ കുറിച്ചും ശ്രീരാമചന്ദ്രന്റെ മോതിരത്തെകുറിച്ചും പറഞ്ഞ് ഓർമ്മകളെ തട്ടിയുണർത്തി. ഹനുമാൻ ബാലനായിരുന്നപ്പോൾ മുനിമാരെ ഒരുപാട് ദ്രോഹിച്ചപ്പോൾ അവർ ശപിച്ചു നിന്റെ ശക്തി നീ മറന്നുപോകട്ടെ ശാപമോക്ഷമായി ആരെങ്കിലും നിന്റെ ശക്തിയെ ഓർമ്മപ്പെടുത്തിയാൽ തന്റെ പൂർവ്വശക്തി നേടാനാകുമെന്നും അനുഗ്രഹിച്ചിരുന്നു. ഇപ്പോൾ ഹനുമാനൻ അത്യുന്നത ശൃംഗാഗ്രത്തിൽ കയറി രാമ രാമ എന്ന് ജപിച്ചു കൊണ്ട് രാമാംഗുലീയത്തെ വസനത്തിൽ ഭദ്രമായി ബന്ധിച്ച് യാത്ര തുടങ്ങി. രാമകാര്യാർത്ഥം പോകുന്ന താൻ ഉദ്ദിഷ്ട സ്ഥലത്തെത്തുന്നവരെ വിശ്രമിക്കില്ലെന്ന് മൈനാകത്തോട് പറഞ്ഞ് യാത്ര തുടർന്നു. ഭക്ഷിക്കാൻ എന്ന കശ്യപപുത്രിയും, അരുണപത്നിയും അനന്ത, വാസുകിമാരുടെ കനി

ഷ്ഠ സഹോദരിയുമായ സുരസയുടെ വായിൽ കൂടെ കടന്ന് ചെവിയിൽ കൂടെ പുറത്ത് കടന്നു. അങ്ങിനെ കദ്രൂ നന്ദിനി അദ്രീനന്ദിനി സൂനുവി നെ വിജയാശംസ നേർന്ന് അനുഗ്രഹിച്ച് യാത്ര തുടർന്നു ഛായാഗ്രഹിണിയായ സിംഹികയേ യും വധിച്ച് ലങ്കയിലേക്ക് പ്രവേശിച്ചതും കാ വൽക്കാരിയായ ലങ്കാലക്ഷ്മി തടഞ്ഞ് ആഞ്ഞൊ ന്ന് പ്രഹരിച്ചു. ആ താഡനം തടുത്തു കൊണ്ട് മാരുതി ഇടിച്ച ആഘാതത്തിൽ ലങ്കാലക്ഷ്മി ത ല കറങ്ങി നിലം പതിച്ചു. ഇരുവരും തമ്മിൽ ത മ്മിൽ പരിചയപ്പെട്ടു. ഞാൻ അഷ്ട ലക്ഷ്മികളിൽ വിജയലക്ഷ്മിയാണ്. കുബേരന്റെ ഭണ്ഡാരം സൂ ക്ഷിക്കവെ ശാപം മൂലം ഇവിടെ കാവൽക്കാരി യാകേണ്ടി വന്നു. ശ്രീരാമ ദൂതന്റെ പ്രഹരം ലഭി ച്ചാൽ ശാപമോക്ഷം ലഭിക്കുമെന്ന അനുഗ്രഹം ഇപ്പോൾ സഫലമായി എന്ന് പറഞ്ഞ് യാത്രയാ യി. വായുപുത്രനെ അച്ഛൻ സീതയുടെ സന്നി ധിയിൽ എത്തിക്കുന്നു. അഞ്ജനാപുത്രൻ അവ നീപുത്രിയെ ദർശിച്ച് അംഗുലീയം നൽകി. സീ തയിൽ നിന്ന് ചൂഡാരത്നവും അടയാളവാക്കും സ്വീകരിച്ച് ലങ്കാദഹനം നടത്തി, ആരാമമെല്ലാം തകർത്ത് അനേകം രാക്ഷസൻമാരെ വധിച്ച് ഇ ന്ദ്രജിത്തിന്റെ നാഗാസ്ത്രം വണങ്ങി ഗരുഢാമ ന്ത്രത്താൽ ബന്ധനം വേർപെടുത്തി, തന്റെ ലാം ഗുലം നീട്ടി വളച്ച് മേൽക്കുമേൽ ഉയർത്തി രാവ ണസിംഹാസനത്തെക്കാൾ പൊക്കത്തിൽ പ്രൗ ഢിയിൽ ആരുഢനായി താൻ രാമദൂതനാണെ ന്നും സീതയെ രാമന് തിരിച്ച് നൽകാനും ദൂത് പറഞ്ഞു. വധിക്കാൻ തുടങ്ങിയപ്പോൾ വിഭീഷ ണൻ തടഞ്ഞതിനാൽ വാലിൽ തീ കൊളുത്തി വിട്ടു. അഗ്നിയുടെ അനുഗ്രഹത്താൽ ഹനുമാന് ചൂടേൽക്കില്ല. ലങ്കാദഹനം കഴിഞ്ഞ് രാമന്റെ അ ടുത്ത് വന്ന് ചൂഡാരത്നം നൽകി. അടയാള വാ ക്യവും കൊടുത്തു. പിന്നീട് വാനരപ്പടയുമായി ലങ്കയിൽ എത്തി രാവണനെ വധിച്ച് വിഭീഷണ നെ രാജാവാക്കി അയോദ്ധ്യയിൽ വന്ന് ശ്രീരാമ പട്ടാഭിഷേകവും നടന്നു. ശ്രീരാമൻ സീതക്ക് നൽ കിയ രത്നഹാരം ഹനുമാന് സമ്മാനിച്ചു. ഹനു മാനോട് എന്ത് വരം വേണമെന്നാവശ്യപ്പെട്ട പ്പോൾ നിന്തുരുവടിയുടെ നാമവും ചരിതവും ഭൂമിയിൽ കീർത്തിക്കപ്പെടുന്ന കാലത്തോളം അ ത് കേട്ട് ആനന്ദിക്കുവാനും അങ്ങയിൽ ഉറച്ച ഭ ക്തി ഉണ്ടാകുവാനും അത്രയും കാലം ഭൂമിയിൽ ജീവിക്കുമാറാകണമെന്നും അനുഗ്രഹിച്ചാൽ മതി യെന്ന് അഞ്ജനാപുത്രൻ അപേക്ഷിച്ചു. ആ അ നുഗ്രഹം രാമ ചന്ദ്രപ്രഭു നൽകി. ഞാനെപ്പോൾ നിന്നെ കാണാൻ ആഗ്രഹിക്കുന്നുവോ അപ്പോൾ നീ എന്റെ അരികിൽ എത്തണം. ശരി എന്ന് പ റഞ്ഞ് ആ ഭക്തൻ തൊഴുകയ്യോടെ പിറകോട്ട് പിറകോട്ട് നടന്ന് ഹിമാലയസാനുവിലുള്ള ഗന്ധ മാദത്തിലെ കദളീവനത്തിലേക്ക് പോയി തപസ്സ നുഷ്ഠിച്ചു. ഇന്നും രാമായണം വായിക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടെയും മുന്നിൽ രാമായ ണം ആസ്വദിക്കാൻ ഹനുമാൻ വന്നിരിക്കുമെന്ന് വിശ്വസിക്കുന്നു. ആ ഭക്ത ആഞ്ജനേയന്റെ മു ന്നിൽ പ്രണാമം അർപ്പിച്ച് നിർത്തുന്നു.

(അവസാനിച്ചു)

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം 2016 ഏപ്രിൽ/മേയ് മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ/ അവതാരകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 21.04.2016 | ടി.കെ. ശ്രീകുമാരൻ നായർ | പി.വി. മാധവൻ പിള്ള | ജീവിത സൗഹൃദം | 866 |
| 28.04.2016 | ഡി.കെ. നായർ | അഡ്വ.എം.ആർ രാജേന്ദ്രൻ നായർ | മാദ്ധ്യമ വിചാരണ ജനാധിപത്യത്തിന് ഭൂഷണമോ? | 867 |
| 05.05.2016 | ലക്ഷ്മി ദേവി പി. നായർ | ആർ.പി.നായർ | മലയാള സാഹിത്യ നോവൽ ശാഖ- ഒരു പ്രശ്നോത്തരി | 868 |
| 12.05.2016 | കെ.ജി. പത്മനാഭപിള്ള | കെ.വിജയൻ | അരങ്ങത്തുനിന്ന് അടുക്കളയിലേക്ക് | 869 |

# Vocational Skills and Employability



**Prof. (Dr.) V.H. Abdul Salam**
**Principal, MES College of Engieering**

What is skill

The skill means the ability to do something well: മലയാളത്തിൽ നൈപുണ്യമെന്നോ, പ്രത്യേക കഴിവ് എന്നോ നമുക്ക് വിവക്ഷിക്കാം.

What is vocational skills ? (തൊഴിൽപരമായ നൈപുണ്യം):

Vocational skills and employability skills mean different things to different people but there are some common areas that every one agrees on. These derive from industry's expectations of its employees,which is usually a fine balance of knowledge, skills and values.The key employability skills that echo from all quarters are communication skills, presentation skills, fluency in English language, cooperation, problem solving, application skills and self management.Building skills is a long process requiring adequate inputs, exposure and application. For example, if your problem is the English language, you need to expose yourself as much as possible to the language so that you understand its fine nuances, usage and conventions. You also need to practise using it whenever you find an opportunity and not fightshy of making mistakes or being corrected. Watch English movies and television programmes and read the English newspaper.

Being active members in college clubs and societies will help you develop skills like presentation skills, problem solving skills and cooperation. Working in small homogenous groups of likeminded peers is a greatway to develop not only these skills but also the qualities of adaptability, self assurance, flexibility, patience, perseverance and selfconfidence. Don't miss chances to involve yourself in organising and conducting events on campus. Make sure you participate in curricular and extra curricular events too.

Internships and training opportunities in external institutions are opportunities that demonstrate how bookish or theoretical knowledge translates into practice, how lab techniques scale up in commercial use and how scientific advancement contributes in real world material progress and wellbeing. This skill, called the transfer skill, or the ability to convert book;knowledge to practical application, is highly valued in industry.

Are you indifferent to non-core subjects? Think again. They hold many life lessons rather life skills for you. Every activity in the college has been designed to be a learning opportunity to help the student grow into a fully rounded personality. Many students balk at the thought of participating an anything that is not mandatory. Most are driven by timidity,diffidence, extreme caution or just plain bored indifference. After all, where can you learn skills and have fun at the same time at no extra cost except in your college?

പ്രത്യേക പരിശീലനം സിദ്ധിച്ച വിദഗ്ദ്ധ തൊഴിലാളികളെ സൃഷ്ടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിവിധ മേഖലകളിൽ തൊഴിൽ പരിശീലനങ്ങൾ നൽകി യുവതലമുറയെ അന്തർദേശീയ തലത്തിൽ ഉയർത്തിക്കൊണ്ടു വരണം. ഇത്തരത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ച യുവാക്കളുടെ ആവശ്യകത ഏറെയാണ്. ഇത് തിരിച്ചറിഞ്ഞ് വിദ്യാഭ്യാസ പരിശീലന ക്രമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. Mere education or a degree from a prestigious professional college alone would not

suffice to land a dream job. Students should develop soft skills to face highly competitive world.Soft skills can make or mar your career. Not too long ago, technical competence and knowledge were key drivers of career growth and success. Soft skills were relegated to playing second fiddle; or ignored altogether. Now, the scales have tipped and soft skills have emerged as a tool with enough power to make or break your career. Soft skills are a diverse range of skills such as communication skills, leadership skills, flexiblity and understanding, intelligence, team workskills, creativity, logic, diplomacy and change readiness among others.

Soft skills have an important role to play in the ability of a person to manage and to relate to other people,which, for most jobs, is much more important to job success than IQ or technical skills. Unlike technical skills, soft skills are not something that can be learnt from a book or by spending a few days at a workshop or training course. If you really want to ingrain soft skills into your personality you will have to become a keen observer, an eager learner, an assiduous workman religiously putting to practice all that you have learnt. Updated knowledge, right attitude, perfect skills and good habits are the four factors to improve personality development and soft skills which are essential tools to make youth employable. Soft skills are more important than hard skills. Communication skills are more important than subject knowledge.Also aptitude skills are infact, the need of the hour.

A student who comes out of a college should have thorough knowledge and understanding of the subjects he or she learned, life skills to succeed and perform well in the profession and good life habits like orderliness, neatness, punctuality and a sense of perfection in whatever one is doing. The demand supply gap of skilled and semi skilled manpower in the state is expected to touch a deficit of 3.76 lakh by 2022, reveals a study by the National Skill Development Corporation. The deficit is currently 0.53 Lakh. The study says that there will be excess demand across the skillled and semi-skilled segments.

Aspiring Minds National Employability ഈയ്യിടെ നടത്തിയ ഒരു പഠനത്തിൽ, രാജ്യത്തെ 80 ശതമാനം എഞ്ചിനീയറിങ്ങ് ബിരുദധാരികളും തൊഴിൽ രഹിതരെന്ന് കണ്ടെത്തി. രാജ്യത്തെ 650 കോളേജുകളിൽ നിന്ന് 2015-ന് ശേഷം പുറത്തിറങ്ങിയ 1,50,000 ബിരുദധാരികളുമായി സംസാരിച്ച് തയ്യാറാക്കിയതാണ് റിപ്പോർട്ട്. തൊഴിൽ ചെയ്യാൻ തക്ക ശേഷിയില്ലെന്നതാണ് ജോലി ലഭിക്കാത്തതിന്റെ പ്രധാന കാരണമായി റിപ്പോർട്ട് ചൂണ്ടിക്കാട്ടിയത്.

തൊഴിൽ കേന്ദ്രീകൃതമായുള്ള പഠന നിലവാരം മെച്ചപ്പെടുത്താത്തതിന്റെ പ്രശ്നമാണ് ഇന്ത്യയിലെ എഞ്ചിനീയറിങ്ങ് വിദ്യാർത്ഥികൾ ഇപ്പോൾ അനുഭവിക്കുന്നത്. റിപ്പോർട്ടിൽ കേരളത്തിൽ സന്തോഷിക്കാനുള്ള വകയുണ്ട്. കേരളം, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലാണ് പഠിച്ചിറങ്ങിയ ബിരുദധാരികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കുന്നത്.

The government, industry, colleges and training institutes need to work together on skill development. The key task ahead for us is to start investing in capacity creation for the supply of hundreds of vocational skills.

ICT Academy നടത്തിയ പഠനം വെളിപ്പെടുത്തുന്നത് എഞ്ചിനീയറിങ്ങ് വിഷയങ്ങൾ പഠിക്കുന്നവരിൽ 40 ശതമാനത്തിൽ താഴെ വിദ്യാർത്ഥികൾ മാത്രമേ ഇതിൽ തൽപരരായിട്ടുള്ളുവെന്നാണ്. ബഹുഭൂരിപക്ഷവും രക്ഷിതാക്കളുടെ സമ്മർദ്ദത്തെ തുടർന്നാണ് എഞ്ചിനീയറിങ്ങ് കോഴ്സുകൾക്കെത്തുന്നത്. ഇവർ ഒന്നുകിൽ കോഴ്സ് പാതി വഴിയിൽ വെച്ച് ഉപേക്ഷികയോ അല്ലെങ്കിൽ പരാജയപ്പെടുകയോ ചെയ്യും. വിജയിക്കുന്നവരിൽ പലർക്കും ആവശ്യത്തിന് സാങ്കേതിക നൈപുണ്യമില്ലാത്തതിനാൽ എഞ്ചിനീയറിങ്ങ് ഇതര മേഖലകളിൽ തൊഴിൽ തേടേണ്ടിയും വരുന്നു. ഈ അവസ്ഥക്കു പരിഹാരം കാണാനും വർധിച്ചു വരുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്രദമാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കാനുമാണ് ICT Academy യുടെ ശ്രമം.

ഇന്നത്തെ വിവര സാങ്കേതിക യുഗത്തിൽ വിദ്യാഭ്യാസ മേഖലകളിലുള്ള മാറ്റങ്ങൾ ഏറെ ശ്രദ്ധേയമാണ്. സാങ്കേതിക വിദ്യ അനുവർത്തിച്ചുള്ള ഇ-ലേണിങ്ങിന് അനന്ത സാധ്യതയാണുള്ളത്. കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം, ഇന്റർനെറ്റ് അധിഷ്ഠിത പരിശീലനം, വെബ് അധിഷ്ഠിത പരിശീലനം തുടങ്ങി വിവിധ പേരുകളിൽ ഇ-ലേണിങ്ങിനെ വിവക്ഷിക്കാം. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെയുള്ള പഠനം, അധ്യാപനം, വിദ്യാഭ്യാസ സാങ്കേതികവിദ്യ, വിവരവിനിമയ പഠന ശൃംഖല എന്നിവയും ഇതിൽപ്പെടും.

എന്താണ് നമ്മുടെ സാധ്യത

സിലിക്കൺവാലിയിലെ 15% സ്റ്റാർട്ടപ്പുകൾക്ക് പിന്നിലും ഇന്ത്യാക്കാരാണ്. യു.എസിൽ കുടിയേറ്റക്കാർ സ്ഥാപിക്കുന്ന മൂന്നിലൊന്ന് കമ്പനികളിലും ഒരു ഇന്ത്യൻ പങ്കാളിയെങ്കിലുമുണ്ട്. ഇതിൽ തന്നെ ഗണ്യമായ വിഭാഗം മലയാളികളാണെന്നുള്ളത് നമുക്ക് സന്തോഷം പകരുന്നു.

നിലവിൽ നമ്മുടെ കഴിവും സംരംഭകശേഷിയും മുഖ്യമായും പ്രയോജനപ്പെടുന്നതു വിദേശ രാജ്യങ്ങൾക്കാണ്. പറന്നു പോകുന്ന മലയാളി മിടുക്കിനെ പിടിച്ചു നിറുത്തി നാടിന് പ്രയോജനപ്പെടുത്താനുള്ള വഴിയാണ് സ്റ്റാർട്ടപ്പുകൾ.

സാങ്കേതിക രംഗത്തു നൈപുണ്യം നേടാൻ താൽപര്യമില്ലാത്ത അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നല്ലകാലമല്ല വരുന്നത്. വിദ്യാഭ്യാസ രംഗത്ത് ഇന്റർനെറ്റും ആധുനിക സാങ്കേതിക വിദ്യകളും ഉപകരണങ്ങളും കൂടുതൽ പ്രസക്തമാവുകയാണ്. സംസ്ഥാനത്ത് എല്ലാ സർവ്വകലാശാലകളിലും വിദ്യാർത്ഥികളായ സംരംഭകരെ സഹായിക്കാൻ Students Incubation സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന Additional Skill Acquisition Programme (ASAP) സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ചിട്ടുണ്ട്. നൈപുണ്യ വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കിയാൽ ലോകത്തിൽ നാലഞ്ചു കോടി തൊഴിൽ ശക്തിസംഭാവന ചെയ്യുവാനുള്ള ശേഷി ഇന്ത്യക്ക് ഉണ്ട്. ASAP ന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും സ്കിൽ പാർക്കുകൾ നടപ്പാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന തൊഴിൽനൈപുണ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ Skill Fiesta ഈയിടെ തലസ്ഥാനത്ത് നടത്തി.

**Integrating Skill Development in Higher Education**

With increasing unemployment among the educated, the need for giving due attention to employable skills in secondary and higher education is being felt increasingly. As skilled workforce is considered the most important human capital required for the development of a country both vocational education and skill development are known to increase productivity of individuals, profitability of employers and national growth. Vocational education aims to develop skilled man power through diversified courses to meet the requirement primarily the unorganised sector and to inculcate self employment skills in children through a large number ofdiversified vocational courses.Given that only 7 to 10 percent population is engaged in formal sector of economy, development of vocational education will provide skilled labour force in the informal sector which would further enhance the productivity. The Central Advisory Board onEducation and National Knowledge Commission have also emphasized the need to improve access and participation to vocational education and recommended the flexibility of vocational education within the main stream education system. India has set the target of skilling 500million people by 2022. In view of the policy priority and harnessing the potential of young people, skill development assumes great importance in the domain of educational planning and management.

Several measures can be taken up in linking education and skill development. There are possibilities of aligning and developing skill courses; establishment of community colleges in general colleges and polytechnics; the country may start vocational studies programmers at the undergraduate level and introducing skill credit transfer to facilitate vertical/horizontal mobility; bridging Diploma Degree Divide and promoting region specific skills. Similarly, the polytechnics education may focus on employable skills.

# ഉപസംക്രമം

**(ദേഹി ദേഹത്തെ വിട്ടു പിരിയുമ്പോൾ ഉണ്ടാകുന്ന ചിന്തകൾ)**



**ശ്രീവല്ലഭൻ നായർ**

ശാശ്വതശാന്തിതൻ തീരത്തിലേയ്ക്കു ഞാൻ
ശാന്തമായ് സ്വസ്ഥമായ് പോയിടട്ടേ!
ശാശ്വത സത്യത്തിന്നുൾപ്പൊരുളാകുമീ
ശ്രീകരശ്ലീലമാം യാത്ര തുടങ്ങിടട്ടെ!
ഇനിയിന്നിവിടെന്റെ അന്ത്യമാം യാത്രക്കാ-
യിമയനങ്ങാതെ ശയിച്ചിടും ഞാൻ.
ഇനിയെന്റെ വിശ്രമം ശാന്തിതീരത്തിലാ
ണിനിയെന്നുയിർപ്പതിന്നങ്ങേ കരയിലും
ഇനി എന്റെ രാവുകൾക്കില്ലാ കിനാവുകൾ
ഇനിയെന്റെ പകലുകൾക്കില്ലാ
നിറങ്ങളും പൂക്കളും
ഇനിയെന്റെ മാനസവർണ്ണചിത്രങ്ങളെ
തഴുകുവാനാളില്ല; തലോടുവാനും,
ഇനിയുമെൻ യാത്രയിലെന്നെ തുടരുവാ
നിനിയുമെൻ നിഴലുകൾക്കാവതില്ല.
ഇരുളാണ് ശാന്തിയും സൗഖ്യവുമെങ്കിലോ
മനസ്സിന്നിരുളകന്നാലേ ശാന്തിനേടു.
ഇടയിൽ വഴികളിലിജ്ജീവതത്തി
ന്നിതളുകൾ പലതും കൊഴിഞ്ഞു വീണു
അകലിതമാകുമവതൻ സൗരഭ-
മാരുമറിയാതെയെങ്ങോ മറഞ്ഞു പോയി
അവികല സ്നേഹത്താൽ സുരഭിലമെങ്കിലു-
മതിഗൂഢ ലോകത്തിന്നവമതി മാത്രമെനിക്കും
ലബ്ധം.
ഇരുളും നിറയും നിശബ്ദതയും
ഇനിയെന്റെ നിത്യസഖികളല്ലോ?
ഇനി ഞാൻ പ്രണയിപ്പതാ നിത്യതയേ
ഇനി ഞാൻ മരുവുന്നതാ നിശബ്ദതയിൽ
ഇണചേർന്നു ഞാനുമാ നിത്യതയും
ഇവിടെ നിന്നങ്ങനെ യാത്രയാകും
ഹിമശൈലശൈത്യവുമഗ്നിപ്പുഴക-
ളൊഴുകുന്ന ലാവ തൻ തീക്ഷ്ണതയും
ഇനിയെനിക്കെല്ലാം സമമാണതി
സുഖമാണതിലൂടെയുള്ളൊരാ യാത്രയും
ഇനി എനിക്കെന്തിനീവേഷവും ഘോഷവും
ഇനി എനിക്കെന്തിനീ ലൗകീകഭാഷ്യവും.
ഇനി എന്റെ നിദ്രയ്ക്കു ഭംഗം വരുത്തുവാൻ
ഇനി എന്റെ ഹൃദ്രക്തമൂറ്റിക്കുടിക്കുവാൻ
ഇനി എന്റെ ചിന്തകൾക്കാണിതറയ്ക്കുവാൻ
ഇനി എന്റെ ഭാഷയ്ക്കു വിലങ്ങ് ചാർത്താൻ
ഇനി എന്റെ നെടുവീർപ്പ് കേട്ടു രസിക്കുവാൻ
ഇനി എന്റെ യാത്രക്കു വിഘ്നം വരുത്തുവാൻ
ഇനിയുമാർക്കുമേ ആവതില്ലായതെൻ
ഭാഗ്യമത്രേ!
ഇനിയുമെൻദേഹി തൻ യാത്രയാണീ
തനുവുപേക്ഷിച്ചു പോകുന്നൊരാ ദിവ്യയാത്ര
ഉൽക്രാന്തമാകുമീമേനിയെ വിട്ടു ഞാ
നുത്തമമാകുമുപസംക്രമം ചെയ്തിടട്ടേ!
ഉത്തമകാമു........

**സുഖദുഃഖങ്ങൾ ഏതു ജീവിതത്തിലും സാധാരണമാണ്. അവ ആവർത്തന സ്വഭാവമുള്ളതുമാണ്. സമ്പത്തും ലൗകിക സുഖങ്ങളും ലഭിക്കായ്കകൊണ്ട് മനസ്സിന് വേദന ഉണ്ടാകുന്നുണ്ടെങ്കിൽ ആ ചിന്ത തെറ്റായ വഴിക്കുള്ളതാണ്. എന്നാൽ മനോവേദന തോന്നുന്നതു കൊണ്ട് പ്രയോജനമില്ലേ? ഉണ്ട്. നമ്മുടെ ചിന്തയെ സർവ്വശ്രേഷ്ഠമായ ഈശ്വര ചിന്തയിലേയ്ക്ക് തിരിഞ്ഞില്ലല്ലോ എന്ന് ചിന്തിക്കുകയും, അതിൽ വിഷമിക്കുകയും, ഈശ്വരനിലേയ്ക്ക് നമ്മുടെ ചിന്തയെ തിരിച്ച് വിടുകയും ചെയ്താൽ അത് മുക്തിപ്രദമായി മാറും. ഏറ്റവും പ്രയോജനപ്രദവും.**

**സ്വാമി വിവേകാനന്ദൻ**

# ശ്രീമദ് ഭഗവദ്ഗീത
## (സംഗ്രഹം)



ഡോ. എൻ. ഗോപിനാഥൻ നായർ

ഗീതയുടെ പ്രസക്തിയും സന്ദേശവും

അമേരിക്കയിലെ (United States) പ്രധാനപ്പെട്ട 18 ഓളം സർവ്വകലാശാലകളിൽ ഭഗവദ് ഗീത ഒരു പഠനവിഷയമാണെന്ന് അറിയുമ്പോൾ അത്ഭുതപ്പെടേണ്ട കാര്യമില്ല. മനുഷ്യനെ എങ്ങിനെ ഊർജ്ജസ്വലനാക്കി ശരിയായ ദിശയിലേയ്ക്ക് നയിച്ച് കർമ്മനിരതനാക്കാം എന്ന സന്ദേശമാണ് ഗീതാ പഠനത്തിന്റെ മുഖ്യകാരണമായി കരുതുന്നത്.

ഹിന്ദു മതത്തിന് പ്രമാണഭൂതമായ ഒരു പുണ്യഗ്രന്ഥമാണ് ഗീത. സമസ്ത വേദാർത്ഥസാര സംഗ്രഹഭൂതം എന്ന് ശ്രീശങ്കരൻ ഗീതയെ വിശേഷിപ്പിക്കുന്നു. ഇത്രയും നാൾ ഗീതയെ ഒരു ആത്മീയ ശാസ്ത്രമെന്നോ മോക്ഷ ശാസ്ത്രമെന്നോ ഉള്ള രീതിയിലാണ് വ്യാഖ്യാനിച്ച് വന്നിരുന്നത്. എന്നാൽ അടുത്ത കാലത്ത് ഗീതയെ ഒരു സാമൂഹ്യ ശാസ്ത്രമെന്ന നിലയ്ക്ക് കൂടി കാണേണ്ടതും വ്യാഖ്യാനിക്കേണ്ടതുമാണ് എന്ന ചിന്ത വളർന്നു വന്നിരിക്കുന്നു.

ജീവിതം എങ്ങനെയായിരിക്കണമെന്ന് ഗീത അനുശാസിക്കുന്നു. ഭിന്ന സ്വഭാവങ്ങളുള്ള മനുഷ്യർക്ക് ഭിന്നമാർഗ്ഗങ്ങൾ സമന്വയ രൂപേണ ഉപദേശിക്കുന്നതുകൊണ്ടാണ് ഗീത എല്ലാവർക്കും എന്നും എവിടേയും സ്വീകാര്യമായിരിക്കുന്നത്. ലൗകിക ജീവിതത്തിൽ നാം നേരിടുന്ന പ്രതിസന്ധികളെ ആധ്യാത്മ ജീവിതത്തിന് കോട്ടം തട്ടാതെ എങ്ങനെ തരണം ചെയ്ത് വിജയം കൈവരിക്കാമെന്നാണ് ഗീത ഉപദേശിക്കുന്നത്. ഭഗവാൻ ശ്രീകൃഷ്ണൻ നമ്മോട് ആഹ്വാനം ചെയ്യുന്നതെന്താണ്? നാം ചെയ്യുന്ന കർമ്മങ്ങളെല്ലാം ആധ്യാത്മിക സാധനയാക്കി തീർത്ത് ജീവിതം ധന്യമാക്കിത്തീർക്കാനാണ്. അദ്ദേഹം ഒന്നിനെയും നിന്ദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നില്ല. എല്ലാറ്റിനേയും ഉന്നതമായ ജീവിത ലക്ഷ്യപ്രാപ്തിക്ക് ഉപകരിക്കുന്ന രീതിയിൽ ഊർജസ്വലമാക്കിത്തീർക്കുന്നവനാണ് ഉപദേശിക്കുന്നത്. മതനിഷ്ഠൻമാരായ പണ്ഡിതൻമാർ ഗീതാ വ്യാഖ്യാനത്തിൽ ഊന്നൽ കൊടുത്തിരുന്നത്, വ്യക്തിഗതമായ മോക്ഷത്തെപ്പറ്റിയും അതിനുവേണ്ടിയുള്ള സാധനകളിൽ ഏർപ്പെടുവാനുമാണ്. എന്നാൽ ഹിന്ദുക്കളിൽ സാമൂഹ്യബോധം ഉയർത്തുകയും സമുദായ ഐക്യം സൃഷ്ടിക്കുകയും ചെയ്യാനുതകുന്ന ഗീതയിലെ തത്വങ്ങൾക്ക്, സന്ദേശങ്ങൾക്ക് പ്രാധാന്യം കൊടുത്തിരുന്നില്ല.

ഗീതാ സന്ദേശത്തിൽ പ്രധാനമായും അടങ്ങിയിരിക്കുന്ന തത്വങ്ങൾ ഉപനിഷത്തുക്കളിലേതാണെന്ന് നമുക്ക് അറിയാം. അതിൽ എടുത്തു പറയേണ്ടത് സാമവേദത്തിലെ ഛാന്ദോക്യോപനിഷത്തിൽ കാണുന്ന തത്ത്വമസി എന്ന മഹാവാക്യമാണ്. തത്ത്വമസി എന്ന മഹാവാക്യം കൊണ്ട് വ്യക്തമാക്കിയിട്ടുള്ളത് ഹിന്ദുമതത്തിലെ പരമ പ്രധാന തത്ത്വമായ ജീവാത്മ പരമാത്മ (ബ്രഹ്മാത്മ) ഐക്യമാണ്. ഗീതയിലെ പ്രതിപാദ്യവും അതുതന്നെയാണ്. ഒന്നു മുതൽ ആറുവരെയുള്ള അധ്യായങ്ങളിൽ ത്വം എന്നുള്ള ജീവസ്വരൂപത്തേയും ഏഴ് മുതൽ പന്ത്രണ്ട് വരെയുള്ള അധ്യായങ്ങളിൽ തത് എന്ന ബ്രഹ്മ സ്വരൂപത്തേയും (ഈശ്വരൻ) പതിമൂന്ന് മുതൽ പതിനെട്ട് വരെയുള്ള അധ്യായങ്ങളിൽ അസി എന്ന ഐക്യത്തേയും ഗീത സ്പഷ്ടമായി വിവരിക്കുന്നു.

ഗീതാ സന്ദേശത്തെ ഇങ്ങനെ സംഗ്രഹിക്കാം. ഒരാൾ ചെയ്യുന്ന സകല കർമ്മങ്ങളും ഈശ്വരാർപ്പിതമായി അധ്യാത്മിക സാധനയായി നിഷ്കാമമായി നിസ്വാർത്ഥമായി ചെയ്യുക. അയാളുടെ പ്രവർത്തന രംഗം എന്തുമായിക്കൊള്ളട്ടെ അതിന് വിരോധമില്ല. അങ്ങനെ ചെയ്താൽ മനസ്സ് രാഗദ്വേഷ വിമുക്തമാകും, ശുദ്ധമാകും. ശുദ്ധമായ മനസ്സുകൊണ്ട് ഈശ്വരനെ ദർശിക്കാം. ഈശ്വര ദർശനം ലഭിച്ചാൽ നിത്യാനന്ദമനുഭവിക്കാം. അതായിരിക്കണം മനുഷ്യജന്മത്തിന്റെ പരമമായ ലക്ഷ്യം. സമസ്ത ലോകത്തിന്റെയും സുഖത്തിനായി വീണ്ടും കർമ്മങ്ങൾ ചെയ്തുകൊണ്ടേയിരിക്കാം.

ലോകാ സമസ്താ സുഖിനോ ഭവന്തു

ഗീതാമൃതം

സർവോപനിഷദോ ഗാവോ
ദോഗ്ധാ ഗോപാല നന്ദനഃ
പാർഥോ വത്സഃ സുധീർഭോക്താ
ദുഗ്ധം ഗീതാമൃതം മഹത്

ഉപനിഷത്തുക്കളെല്ലാം കറവപ്പശുക്കൾ. ഭഗവാൻ ഗോപാലകൃഷ്ണൻ കറവക്കാരൻ, അർജുനൻ പശുക്കുട്ടി, കറന്നെടുത്ത പാലാണ് മഹത്തായ ഗീതാമൃതം. സത്യാന്വേഷിയായ സാധകൻ അത് ആസ്വദിക്കുന്നവനും അമൃതത്വ പ്രാപ്തി

ലഭിക്കുന്നവനുമാണ്.

18 അധ്യായങ്ങളിലായാണ് ഗീത രചിക്കപ്പെട്ടിരിക്കുന്നത്. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്രത്തിലെ യുദ്ധരംഗത്ത് വച്ച് പാണ്ഡു പുത്രനായ അർജുനന് നൽകുന്ന ഉപദേശം ഗീതാരൂപത്തിലുള്ളതായതിനാൽ ഗീതോപദേശം അഥവാ ഭഗവദ്ഗീത എന്നറിയപ്പെടുന്നു. മഹാഭാരതത്തിലെ ഭീഷ്മപർവത്തിൽ 23 മുതൽ 40 വരെയുള്ള അധ്യായങ്ങളിലായിട്ടാണ് ഗീതോപദേശം കാണപ്പെടുന്നത്.

ഭഗവദ്ഗീതയിലെ 18 അദ്ധ്യായങ്ങളുടെ രത്നച്ചുരുക്കം ഇപ്രകാരമാണ്.

1) അർജുന വിഷാദയോഗം

പാണ്ഡവ കൗരവ സൈന്യങ്ങളെ നയിക്കുന്ന പ്രധാന യോദ്ധാക്കളുടെ വിവരണം, യുദ്ധാരംഭ സൂചകമായി ഇരുപക്ഷത്തേയും സൈന്യാധിപൻമാർ അവരുടെ ശംഖുകൾ മുഴക്കുന്നു. ശ്രീകൃഷ്ണൻ പാഞ്ചജന്യമെന്നും അർജുനൻ ദേവദത്തമെന്നും പേരുള്ള ശംഖുകൾ മുഴക്കുന്നു. അർജുനന്റെ അപേക്ഷയനുസരിച്ച് ഭഗവാൻ തേര് ഇരുസൈന്യങ്ങളുടെ മധ്യത്തിൽ കൊണ്ടുപോയി നിർത്തുന്നു. യുദ്ധത്തിൽ വധിക്കേണ്ടത് തന്റെ ബന്ധുമിത്രാദികളെയാണെന്ന് തിരിച്ചറിഞ്ഞ അർജുനൻ ദുഃഖിതനാകുന്നു. യുദ്ധത്തിൽ നിന്നും പിൻമാറാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതിന്റെ കാരണങ്ങൾ തേരാളിയായ ഭഗവാനോട് വിവരിക്കുന്നു.

2) സാംഖ്യയോഗം

കർമണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമഫലഹേതൂർഭൂഃ
മാ തേ സംഗോസ്ത്വകർമണി
(ഭഗവദ്ഗീത 2/47)

നിനക്ക് കർമ്മം അനുഷ്ഠിക്കുന്നതിനേ അധികാരമുള്ളൂ. കർമ്മഫലത്തിനില്ല. ഫലത്തിന് വേണ്ടിയാകരുത് കർമ്മം ചെയ്യുന്നത്.

അതേപോലെ കർമ്മം ചെയ്യാതിരിക്കുന്നതിൽ താല്പര്യം ഉണ്ടാകാനും പാടില്ല.

മറ്റുള്ളവരുടെ ദൃഷ്ടിയിൽ, ഒരു ഭീരുവിനേപ്പോലെ യുദ്ധത്തിൽ നിന്നും പിൻമാറാനുള്ള അർജുനന്റെ തീരുമാനം മാറ്റാൻ ശ്രീകൃഷ്ണൻ വേണ്ട ഉപദേശം നൽകുന്നു. ക്ഷത്രിയ ധർമ്മത്തിന്റെ മഹത്വവും സാംഖ്യയോഗം കർമ്മയോഗം എന്നീ വിഷയങ്ങൾ പറഞ്ഞ് മനസ്സിലാക്കുന്നു. സ്ഥിതപ്രജ്ഞന്റെ ലക്ഷണവും മഹത്വവും വിവരിക്കുന്നു.

3) കർമ്മയോഗം

ഫലാസക്തിയില്ലാതെ കർത്തവ്യ കർമ്മം അനുഷ്ഠിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇവിടെ പറയുന്നത്. കർമ്മങ്ങൾക്കൊണ്ട് ഇന്ദ്രിയ പ്രത്യക്ഷമായ ലോകത്തെ സന്തോഷിപ്പിക്കണം. യജ്ഞാദികൾ അനുഷ്ഠിക്കേണ്ടതിന്റെ ആവശ്യവും ലോകസംഗ്രഹാർത്ഥം ഭഗവാൻ ചെയ്യുന്ന കർമ്മത്തിന്റെ വഴി ജ്ഞാനികളും പിന്തുടരേണ്ട തിന്റെ കാരണങ്ങളും വിവരിക്കുന്നു. ജ്ഞാനിയുടേയും അജ്ഞാനിയുടേയും ലക്ഷണങ്ങളും രാഗ ദ്വേഷങ്ങൾ ഉപേക്ഷിച്ച് കർമ്മം ചെയ്യണമെന്നുള്ള നിർദേശവും നൽകുന്നു. ജ്ഞാന സമ്പാദനത്തിന് തടസ്സം നിൽക്കുന്ന ആഗ്രഹങ്ങളെ എങ്ങനെ തരണം ചെയ്യാമെന്ന് ഉപദേശിക്കുന്നു.

4) ജ്ഞാനകർമ്മ സന്ന്യാസയോഗം

ഗുണ സമ്പൂർണ്ണനായ ഈശ്വരന്റെ മഹത്വവും കർമ്മയോഗ വിവരണവും, ആത്മജ്ഞാനിയായ കർമ്മയോഗിയുടെ ലക്ഷണങ്ങൾ, വിവിധ യജ്ഞങ്ങളുടെ വർണ്ണനയും അവയുടെ ഫലങ്ങളും, ജ്ഞാനത്തിന്റെ മഹത്വവും അത് ഗുരുവിൽ നിന്നും നേടേണ്ടതിന്റെ രീതിയും തൻമൂലം പരമമായ ശാന്തി ലഭിക്കുന്നതും.

5) കർമ്മസന്ന്യാസയോഗം

സാംഖ്യയോഗം കർമ്മയോഗി വിവരണം, സാംഖ്യയോഗിയുടേയും കർമ്മയോഗിയുടേയും ലക്ഷണങ്ങൾ, യോഗമഹത്വം, ജ്ഞാനയോഗത്തെപ്പറ്റി വിവരിക്കുന്നു, ഭക്തിയിലൂന്നിയ ധ്യാനയോഗ വർണനം.

6) ആത്മസംയമ യോഗം

കർമ്മയോഗം വിവരണം യോഗാരൂഢന്റെ ലക്ഷണം, ആത്മസാക്ഷാത്കാരം ലഭിച്ചവന്റെ ലക്ഷണങ്ങൾ, ധ്യാനയോഗ വിവരണം, മനോനിയന്ത്രണ മാർഗങ്ങൾ, യോഗഭ്രഷ്ടന്റെ ഗതി, ധ്യാനയോഗ മഹത്വം.

7) ജ്ഞാന വിജ്ഞാനയോഗം

വിശേഷ ജ്ഞാനസഹിതമായ ജ്ഞാനം, പ്രപഞ്ച ഘടകങ്ങളിൽ കാരണഭാവേന ഈശ്വരന്റെ സാന്നിധ്യം, ആസുര പ്രകൃതിയെ നിന്ദിക്കുകയും ദൈവിക പ്രകൃതിയെ പ്രശംസിക്കുകയും ചെയ്യുന്നു. എല്ലാ ദേവതകളേയും ഉപാസിക്കുന്നതിന്റെ ഫലങ്ങൾ ഭഗവാനിൽ എത്തിച്ചേരുന്നു, ഭഗവദ് പ്രഭാവവും സ്വരൂപവും അറിയാത്തവരെ നിന്ദിക്കുകയും അറിയുന്നവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

8) അക്ഷര ബ്രഹ്മയോഗം

ബ്രഹ്മം, അധ്യാത്മം, കർമ്മം, അധിഭൂതം, അധിദൈവം ഇവയെക്കുറിച്ച് അർജുനന്റെ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും. ഭക്തിയോഗം, ഉത്തരായന ദക്ഷിണായന മാർഗങ്ങൾ.

9) രാജവിദ്യാ രാജഗുഹ്യയോഗം

രാജവിദ്യ, ജഗത്തിന്റെ ഉൽപ്പത്തി, ആസുരപ്രകൃതിയുടെ നിന്ദയും ദൈവിക പ്രകൃതിയുടെ ഭഗവദ് ഭക്തി പ്രകാരവും, പ്രപഞ്ചത്തിന്റെ ആത്മരൂപേണയുള്ള ഭഗവാന്റെ വർണനവും. ഭഗവദ് മാഹാത്മ്യവർണ്ണനവും, സകാമ, നിഷ്കാമ ഉപാസനങ്ങളുടെ ഫലം, നിഷ്കാമ ഭഗവദ് ഭക്തി മാ

ഹാത്മ്യം.

10) വിഭൂതിയോഗം

ഭഗവാന്റെ വിഭൂതികളും, യോഗ ശക്തിയും തദ്ജ്ഞാനഫലവും, ഭക്തിയോഗം ഫലവും മഹത്വവും, അർജുനന്റെ ഭഗവദ്സ്തുതിയും വിഭൂതിയും യോഗശക്തിയും വിസ്തരിക്കണമെന്ന പ്രാർഥനയും, തന്റെ വിഭൂതികളെക്കുറിച്ചും യോഗശക്തികളെക്കുറിച്ചും ശ്രീകൃഷ്ണന്റെ വർണനം.

11) വിശ്വരൂപ ദർശന യോഗം

വിശ്വരൂപ ദർശനത്തിനായി അർജുനന്റെ പ്രാർത്ഥന, തന്റെ വിശ്വരൂപത്തെക്കുറിച്ച് ഭഗവാൻ വർണിക്കുന്നു, സഞ്ജയൻ വിശ്വരൂപം ധൃതരാഷ്ട്രർക്ക് വർണിച്ചു കൊടുക്കുന്നു. അർജുനന്റെ വിശ്വരൂപ ദർശനവും സ്തുതിയും, ശ്രീകൃഷ്ണന്റെ മഹത്വം വർണ്ണിച്ച് അർജുനനെ യുദ്ധത്തിനായി ഉത്സാഹിപ്പിക്കുന്നു, വിശ്വരൂപ ദർശനത്തിൽ ഭയചകിതനായ അർജുനന്റെ പ്രാർത്ഥനയും സൗമ്യരൂപം കാട്ടിത്തരുവാനുള്ള

അപേക്ഷയും, വിശ്വരൂപ ദർശന മാഹാത്മ്യം ശ്രീകൃഷ്ണൻ വിശദീകരിക്കുന്നു. സൗമ്യരൂപ ദർശനവും അനന്യ ഭക്തികൊണ്ടല്ലാതെ ചതുർഭുജരൂപ ദർശനം ദുർലഭമാണെന്ന് വ്യക്തമാക്കുന്നു. അനന്യ ഭക്തിയും ഫലവും ഭഗവാൻ വിവരിക്കുന്നു.

12) ഭക്തിയോഗം

സകാര, നിരാകാര ഉപാസനകളുടെ മഹത്വം, ശ്രേഷ്ഠത ഭഗവദ് പ്രാപ്തിക്കുള്ള ഉപായങ്ങളെക്കുറിച്ച് വർണനന, ഈശ്വരസാക്ഷാത്കാരം ലഭിച്ചവരുടെ ലക്ഷണങ്ങൾ.

13) ക്ഷേത്ര ക്ഷേത്രജ്ഞ വിഭാഗയോഗം

ക്ഷേത്രം ക്ഷേത്രജ്ഞൻ എന്നിവയെ സംബന്ധിച്ച് ഭഗവാന്റെ വിശദീകരണവും ജ്ഞാന മഹത്വവും, പ്രകൃതി പുരുഷ വിവരണം, പ്രകൃതി പുരുഷ വിജ്ഞാനം.

14) ഗുണത്രയ വിഭാഗയോഗം

ജ്ഞാന മഹത്വം, പ്രകൃതി പുരുഷ സംയോഗത്തിൽ നിന്ന് ജഗത്തിന്റെ ഉൽപ്പത്തിയും സത്ത്വഗുണം, രാജാഗുണം, തമോഗുണം എന്ന മൂന്ന് ഗുണങ്ങളുടെ ലക്ഷണങ്ങൾ, ഈശ്വര സാക്ഷാത്കാരത്തിനുള്ള വഴികൾ, ഗുണാതീതന്റെ ലക്ഷണങ്ങൾ.

15) പുരുഷോത്തമ യോഗം

സംസാരവൃക്ഷ വർണനയും ഈശ്വര സാക്ഷാത്കാരത്തിനുള്ള ഉപായവും, ജീവാത്മാവിവരണം, പരമാത്മാവും മഹത്വവും, ക്ഷര പുരുഷൻ, അക്ഷര പുരുഷൻ, പുരുഷോത്തമൻ.

16) ദൈവാസുര സമ്പദ്വിഭാഗ യോഗം

ദൈവിക സമ്പത്തിന്റെയും ആസുരിക സമ്പത്തിന്റെയും വിവരണം, ആസുരിക സമ്പത്തുള്ളവന്റെ ലക്ഷണവും ഗതിയും, ശാസ്ത്ര വിരുദ്ധമായ പ്രവർത്തികളിൽ നിന്ന് പിൻമാറുവാനും ശാസ്ത്ര വിധേയമായി പ്രവർത്തിക്കുവാനുമുള്ള നിർദേശങ്ങൾ.

17) ശ്രദ്ധാത്രയ വിഭാഗയോഗം

ശ്രദ്ധയെപ്പറ്റി വിശദീകരണം, ശാസ്ത്രവിരുദ്ധമായി കഠിന തപസ്സനുഷ്ഠിക്കുന്നവരെക്കുറിച്ച് വിശദീകരണം, വിവിധങ്ങളായ ആഹാരം, യജ്ഞം, തപസ്സ്, ദാനം ഇവയെക്കുറിച്ച് വിശദീകരണം, ഓം തത് സത് എന്ന് ഉരുവിടുന്നതിന്റെ ഉദ്ദേശ്യവും.

18) മോക്ഷ സന്ന്യാസയോഗം

ത്യാഗത്തിന്റെ വിശദീകരണം സാംഖ്യ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ, കർമ്മങ്ങളുടെ കാരണങ്ങൾ, ജ്ഞാനം, കർമ്മം, കർത്താവ്, ബുദ്ധി, ധൃതി, സുഖം എന്നിവയെ മൂന്ന് ഗുണങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്നു. വർണാശ്രമ ധർമ്മങ്ങളും പാലിക്കുന്നതിന്റെ ഫലങ്ങളും, ജ്ഞാനനിഷ്ഠ, ഭക്തിയോടു കൂടിയ നിഷ്കാമ കർമ്മാനുഷ്ഠാനം, ഗീതാപഠന പ്രചരണ തത്ത്വം.

ഗീതയിലെ ശാസ്ത്ര തത്വം

ഗീത ഒരു ആത്മീയശാസ്ത്രം മാത്രമല്ല, പിന്നെയോ ഒരു ലൗകികശാസ്ത്രം കൂടിയാണ്. യുദ്ധത്തിൽ നിന്നും പിൻമാറാൻ ശ്രമിച്ച അർജുനനെ ആത്മീയ ജീവിതത്തിലേക്ക് ആനയിക്കുകയല്ല, മറിച്ച് ധർമ്മത്തിലധിഷ്ഠിതമായ മാർഗത്തിലേക്ക് തിരിച്ചുകൊണ്ടുവരികയാണ് ഭഗവാൻ ചെയ്തത്.

സാമൂഹ്യജീവിയായ മനുഷ്യന് സമൂഹത്തോടും സമുദായത്തോടുമുള്ള കടപ്പാടും ഉത്തരവാദിത്വവും വീണ്ടും വീണ്ടും ഓർമിപ്പിച്ചു കൊണ്ട്, അർജുനനെ കർത്തവ്യകർമനിരതനാക്കാൻ വേണ്ട ഉപദേശം നൽകുന്നു. ഹൈന്ദവ സംസ്കാരത്തിലധിഷ്ഠിതമായ നാലു പുരുഷാർത്ഥങ്ങളെപ്പറ്റി വിവരിക്കുന്നു. ഒരുവൻ ജീവിതസാഫല്യം നേടി മോക്ഷപ്രാപ്തിയിലെത്താൻ ധർമ്മാർത്ഥ കാമങ്ങളിലൂടെ വേണം സ്വജീവിതം നയിക്കാനെന്നും സമർഥിക്കുന്നു.

ജീവിച്ചിരിക്കുന്ന കാലത്തോളം ഒരാളിന് കർമ്മം ചെയ്യാതിരിക്കാനാവുകയില്ല. മനുഷ്യ ജന്മമെടുത്ത ഒരു വ്യക്തിക്ക് ഒരു ജീവിത ലക്ഷ്യം ഉണ്ടായിരിക്കണം. അതെന്താണെന്ന് ജീവിതാരംഭത്തിലെ തന്നെ തീർച്ചപ്പെടുത്തണം. അതിനുവേണ്ടിയുള്ള കർമ്മമാർഗം കണ്ടെത്തണം. അതിനാവശ്യമായ ഉപദേശവും സഹായവും ഗുരുക്കൻമാരിൽ നിന്നും, ആചാര്യൻമാരിൽ നിന്നും സ്വീകരിക്കണം. കർത്തവ്യ കർമ്മങ്ങൾ ഫലാസക്തിയില്ലാതെ ഈശ്വരാർപ്പിതമായി ചെയ്യുമ്പോൾ അത് ഒരു യജ്ഞമായിത്തീരുന്നു. യജ്ഞത്തിന്റെ ലക്ഷ്യം ലോകസേവനം കൂടിയായിരിക്കണം. അങ്ങിനെ കർമ്മയോഗിയായ ഒരാൾക്ക് മോക്ഷപ്രാപ്തിയിലെത്തിച്ചേരാൻ സാധിക്കുന്നു.

# അനാമിക



ഹരിദാസൻ മതിലകത്ത്

അനാമിക എന്ന സംസ്കൃത വാക്കിന് പേരില്ലാത്തതെന്നും, പേര് ഉച്ചരിക്കുന്നത് നിഷിദ്ധമായതെന്നും അർത്ഥമുണ്ട്. സ്ത്രീ പുരുഷ ഭേദമന്യേ എല്ലാവരുടെയും മോതിര വിരലിന്റെ പേര് ഉച്ചരിക്കുന്നത് നിഷിദ്ധമായി കരുതാനും ആ വിരൽ അനാമിക എന്നറിയപ്പെടാനുമുള്ള കാരണം അന്വേഷിക്കുന്നത് രസകരമായിരിക്കും.

കൃതയുഗത്തിൽ നടന്ന ഒരു വിചിത്രമായ സംഭവത്തിലേക്കാണ് ഈ അന്വേഷണം നമ്മെ എത്തിക്കുക. സംഭവമാണെങ്കിലോ നാം ഭയഭക്തിയോടെ വന്ദിക്കുന്ന സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്ക് അധിപൻമാരായ, ബ്രഹ്മാ, വിഷ്ണു, മഹേശ്വരൻമാരിൽ രണ്ടുപേർക്കിടയിലുണ്ടായ അഭിപ്രായ വ്യത്യാസമാണ്. അഭിപ്രായ വ്യത്യാസം മാത്രമായിരുന്നോ അതോ ഞാനെന്ന ഭാവം കൂടി ഈ സംഭവത്തിന് ആക്കം കൂട്ടിയോ എന്നത് വായനക്കാർ തീരുമാനിക്കട്ടെ. ദേവി ഭാഗവതം പഞ്ചമസ്കന്ധത്തിലാണ് ഈ കഥാഖ്യാനം. കഠിനമായ തപസ്സനുഷ്ഠിച്ച ശേഷം ശേതദ്വീപിൽ നിന്നും തിരിച്ചു വന്ന മഹാവിഷ്ണുവിനെക്കാളും ലോകനാഥനാകാനുള്ള യോഗ്യത താൻ തപഃശക്തി കൊണ്ട് നേടിയിട്ടുണ്ടെന്ന അഹങ്കാരത്തിൽ ബ്രഹ്മാവ് മഹാവിഷ്ണുവുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ടു. രണ്ടുപേരും അവനവന്റെ യോഗ്യത തന്നെയാണ് ശ്രേഷ്ഠമെന്ന് സമർത്ഥിക്കാൻ പല വാദമുഖങ്ങളും നിരത്തി. വാദപ്രതിവാദം എങ്ങും എത്താതെ തുടർന്നപ്പോൾ പെട്ടെന്ന് അവരുടെ ഇടയിൽ ആകാശം മുട്ടുന്ന ഒരു ലിംഗം ദൃശ്യമായി. അതോടൊപ്പം ആകാശത്തിൽ നിന്ന് ഒരു അശരീരിയുമുണ്ടായി. ശ്രേഷ്ഠതയെകുറിച്ച് വിവാദത്തിൽ ഏർപ്പെടാതെ ഈ ലിംഗത്തിന്റെ അഗ്രം കണ്ടു പിടിക്കാൻ ശ്രമിക്കൂ. ഒരാൾ മേലഗ്രവും മറ്റൊരാൾ കീഴഗ്രവും കണ്ടെത്തട്ടെ. ആദ്യം ആരാണോ തന്റെ ദൗത്യം പൂർത്തീകരിക്കുന്നത് അയാൾ തന്നെയാണ് കേമൻ. ഇതുകേട്ട വിഷ്ണു കീഴ്പ്പോട്ടും ബ്രഹ്മാവ് മുകളിലേക്കും യാത്ര തുടങ്ങി.

വളരെക്കാലത്തെ യാത്രക്ക് ശേഷവും ലിംഗത്തിന്റെ കീഴഗ്രത്തെകുറിച്ച് ഒരു സൂചനപോലും കിട്ടാതെ വിഷ്ണു തന്റെ അന്വേഷണം വേണ്ടെന്ന് വെച്ച് പുറപ്പെട്ട ദിക്കിലേക്ക് മടങ്ങി. ബ്രഹ്മാവിന്റെ അന്വേഷണവും അദ്ദേഹത്തെ വളരെ മുകളിലേക്ക് എത്തിച്ചെങ്കിലും മുകളഗ്രത്തെകുറിച്ച് യാതൊരുവിധ വിവരവും കിട്ടാത്തതിനാൽ നിരാശനായി തിരിച്ചു പോകാൻ തീരുമാനിച്ചു. അപ്പോൾ മുകളിൽ ശൂന്യാകാശത്തുനിന്ന് ഒരു കൈതപ്പൂവിതൾ കീഴ്പ്പോട്ടു വരുന്നത് കണ്ടു. നിരാശയോടെ തിരിച്ചു മടങ്ങാൻ തീരുമാനിച്ചിരുന്ന ബ്രഹ്മാവിന്റെ മനസ്സിൽ ഈ കൈതപ്പൂവിതളിനെ കണ്ടതോടെ ഒരു പുതിയ ആശയം ഉദിച്ചു. അതുപ്രകാരം ബ്രഹ്മാവ് കൈതപ്പൂവിതളുമായി ഒരു രഹസ്യ ധാരണയിലെത്തി. വിഷ്ണുവിന്റെ മുന്നിൽ താൻ ഈ ഇതൾ ശിവന്റെ ശിരസ്സിൽ നിന്നും എടുത്തതാണെന്നും പറഞ്ഞ് അവതരിപ്പിക്കുമ്പോൾ കൈതപ്പൂവിതൾ അതിനെ സാക്ഷ്യപ്പെടുത്തണം എന്നായിരുന്നു ധാരണ. ബ്രഹ്മാവ് വിഷ്ണുവിനു മുമ്പിൽ തിരിച്ചെത്തി കഥ അവതരിപ്പിച്ചപ്പോൾ കൈതപ്പുവിതൾ മുൻ ധാരണ അനുസരിച്ച് അതിനെ സാക്ഷ്യപ്പെടുത്തി. ഇവർ രണ്ടുപേരും പറഞ്ഞത് അവിശ്വസനീയമായി തോന്നിയ വിഷ്ണു ഇതിന്റെ സത്യാവസ്ഥ അറിയണമെങ്കിൽ ശിവന്റെ സാന്നിധ്യം അനിവാര്യമാണെന്ന് പ്രസ്ഥാവിച്ച് ശിവനെ മനസ്സിൽ ധ്യാനിച്ചു. ഉടൻ അവിടെ പ്രത്യക്ഷപ്പെട്ട ശിവൻ ഇവരുടെ ഒത്തുകളി വിഷ്ണുവിനെ ധരിപ്പിക്കുകയും സൃഷ്ടി കർത്താവായിട്ടു കളവു പറഞ്ഞതിന് ബ്രഹ്മാവിന്റെ ഒരു തല തന്റെ മോതിര വിരലും പെരുവിരലും കൊണ്ട് നുള്ളി എടുക്കുകയും ചെയ്തു. ആ ശിരസ്സ് പിന്നീട് ശിവൻ ഭിക്ഷാടനത്തിന് വേണ്ടി ഉപയോഗിക്കുന്ന കപാലമായി. കൈതപ്പൂവിനെ മേലാൽ ശിവപൂജയ്ക്ക് ആരും ഉപയോഗിക്കില്ലെന്ന് ശപിക്കുകയും ചെയ്തു. മോതിര വിരലും പെരുവിരലും കൊണ്ട് ബ്രഹ്മാവിന്റെ തലനുള്ളി എടുത്തതുകൊണ്ട് മോതിരവിരലിനെ ബ്രഹ്മഹത്യാശാപം ഗ്രസിച്ചു. ബ്ര

*28-ാം പേജിൽ തുടരും*

# ഓട്ടിസം
## (Autism)



ഡോ. പാർവ്വതി കെ. എസ്

നാഡീവ്യൂഹ വ്യവസ്ഥിതിയുടെ പ്രവർത്തനത്തിലും വികാസത്തിലും ഉണ്ടാകുന്ന ക്രമക്കേടുകളാണ് ഓട്ടിസം എന്നറിയപ്പെടുന്നത്. ഈ അവസ്ഥയുള്ളവർ ആശയവിനിമയത്തിലും സാമൂഹികബന്ധങ്ങളിലും പ്രതികരണ സ്വഭാവത്തിലും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരായിരിക്കും. ഈ പ്രത്യേകതകൾ മൃദുല സ്വഭാവങ്ങൾ മുതൽ അക്രമാസക്തമായ അവസ്ഥവരെ എത്താറുണ്ട്. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ എന്നാണിത് അറിയപ്പെടുന്നത്.

ഓട്ടിസം പ്രധാനമായും നാലു തരത്തിലുണ്ട്.

1. ക്ലാസിക്കൽ ചൈൽഡ്ഹുഡ് ഓട്ടിസം
2. ആസ്പെർജേഴ്സ് സിൻഡ്രം
3. പി.ഡി.ഡി.എൻ.ഒ.എസ്ചൈൽഡ്ഹുഡ് ഡിസിന്റഗ്രേറ്റീവ് ഡിസോർഡർ.
4. ഇതു കൂടാതെയാണ് പെൺകുട്ടികളിൽ മാത്രം കാണുന്ന റെറ്റ് സിൻഡ്രോം എന്ന അവസ്ഥ.

മിക്ക വൈകല്യങ്ങളേയും ഭ്രൂണാവസ്ഥയിൽ കണ്ടെത്താമെങ്കിലും ഓട്ടിസം തിരിച്ചറിയാനാവില്ല. സാധാരണ രീതിയിൽ 18 മാസം മുതൽ മൂന്നുവയസ്സു വരെ ഈ അവസ്ഥ തിരിച്ചറിയാനാവും. പെരുമാറ്റത്തിലും ചലനത്തിലുമുള്ള പ്രത്യേകതളാണ് ഓട്ടിസം തിരിച്ചറിയാൻ സഹായിക്കുന്നത്. പാൽ കുടിക്കുമ്പോൾ സാധാരണ കുട്ടികൾ ചിരിച്ചും കളിച്ചും സന്തോഷം പ്രകടിപ്പിക്കുമെങ്കിലും ഇവർക്കതുണ്ടാവില്ല. അമ്മ എടുത്താലും എടുത്തില്ലെങ്കിലും പ്രത്യേകിച്ച് വികാരങ്ങളൊന്നും പ്രകടിപ്പിക്കില്ല. ചിലപ്പോൾ ആവശ്യമില്ലാതെ കരയും അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്യും. മലബന്ധവും വയറിളക്കവും ഉണ്ടാവും. ഈ കുട്ടികൾ വീഴുന്നതിലും വ്യത്യാസമുണ്ടാകും. പാവയെക്കെ മറിച്ചിടുന്നതുപോലെ കൈകൾ കുത്താതെ പെട്ടെന്ന് വീഴുകയാണ് ചെയ്യുക. സംസാരിച്ചു തുടങ്ങുന്ന ആദ്യകാലങ്ങളിൽ ചില കുട്ടികൾ പ്രത്യേകിച്ച് ലക്ഷണങ്ങളൊന്നും പ്രകടിപ്പിക്കില്ല. മറ്റ് കുട്ടികളെപ്പോലെ സംസാരിക്കുകയും ചെയ്യും. പിന്നീടാകും ഇതിൽ നിന്ന് പിന്നോട്ട് പോകുക. റിഗ്രസീവ് ഓട്ടിസം എന്നാണ് ഇതിനെ വിളിക്കുക.

ചിലരിൽ വളരെ പതുക്കെയാവും രോഗ ലക്ഷണങ്ങൾ പ്രകടമാവുക. ആദ്യം ഒന്നും രണ്ടും വാക്കുകൾ പറയുമെങ്കിലും പതുക്കെ അത് നിൽക്കും. ഒന്നര വയസ്സാകുമ്പോഴേക്കും കുട്ടികൾ ചെറിയ വാക്കുകളിലൂടെ ആശയ വനിമയം നടത്താതെയും പ്രതികരിക്കാതെയും ഇരിക്കുകയോ അതിനുള്ള ശേഷി നഷ്ടപ്പെടുകയോ ചെയ്താൽ ഓട്ടിസം സംശയിക്കണം.

---

*27-ാം പേജിൽ തുടർച്ച*

# അനാമിക

ഹത്യാശാപം ഏറ്റവരുടെ പേര് ഉച്ചരിക്കാൻ പാടില്ലെത്രേ! അങ്ങിനെയാണ് മോതിരവിരൽ അനാമിക ആയത്. പെരുവിരൽ തൊട്ട് മുറയ്ക്ക് നമ്മുടെ അഞ്ച് വിരലുകളുടെ സംസ്കൃത നാമങ്ങൾ അംഗുഷ്ഠം, തർജ്ജനി, മധ്യമ, അനാമിക, കനിഷ്ഠ എന്നിങ്ങിനെയാണ്. ഇതിൽ പെരുവിരലിനെ കൂട്ടുപിടിച്ചാലേ മറ്റു വിരലുകൾക്ക് എന്തെങ്കിലും പ്രവർത്തി നിർവഹിക്കാൻ സാധിക്കൂ. അതു കൊണ്ടാണ് ബ്രഹ്മഹത്യാ ശാപത്തിൽ നിന്ന് അംഗുഷ്ഠം ഒഴിവായത്. ഭഗവൽസാന്നിധ്യത്തെ ആദരിച്ചുകൊണ്ടാണ് ഹോമം ക്രിയകൾ മുതലായ ശുഭകാര്യങ്ങളിൽ പവിത്രധാരണത്തിന് ഈ വിരലിനെത്തന്നെ ആശ്രയിക്കുന്നത്. കൂടാതെ ശുദ്ധികാരകമെന്ന് വിശേഷിക്കപ്പെടുന്ന സ്വർണ്ണം കൊണ്ടുള്ള മോതിരം അണിയിച്ച് ഈ വിരലിനെ ശുദ്ധീകരിക്കാനും പാപവിമുക്തമാക്കാനും എല്ലാവരും ശ്രമിക്കുന്നു എന്നാണ് സങ്കൽപം.

വിവാഹത്തിലെ ആദ്യ ചവിട്ടുപടിയായ വിവാഹ നിശ്ചയത്തിന് നല്ല ദിവസവും ശുഭ മുഹൂർത്തങ്ങളും നിഷ്ക്കർഷിക്കുന്ന നാമെല്ലാം മോതിരം മാറ്റൽ ചടങ്ങിന് ഈ ശാപഗ്രസ്തമായ അനാമികയെ മടി കൂടാതെ ആശ്രയിക്കുന്നത് ഒരു പക്ഷെ ഭഗവൽ നിശ്ചയം കൊണ്ടായിരിക്കും.

# ജനാധിപത്യവും സ്വാതന്ത്ര്യവും



യു.എസ്. രവീന്ദ്രൻ

ഇന്ത്യക്ക് ബ്രിട്ടീഷ് ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചത് 1947 ആഗസ്റ്റ് 15-ാം തീയതി ആയിരുന്നല്ലോ. നൂറ്റാണ്ടാകളായി ഇന്ത്യ മുഗൾ രാജാക്കൻമാർ, ഡച്ചുകാർ, പോർച്ചുഗീസുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ തുടങ്ങിയ വിദേശ ശക്തികളുടെ ആക്രമണങ്ങൾകൊണ്ടും, അധിനിവേശം കൊണ്ടും പൊറുതിമുട്ടിയിരിക്കുകയായിരുന്നു ഏറ്റവും അവസാനത്തെ അധിനിവേശക്കാരായിരുന്ന ബ്രിട്ടീഷുകാരെ രക്തരഹിത സമരങ്ങളിലൂടെ പുറത്താക്കിയശേഷം ലോകത്തിലെ ഏറ്റവും വലിയ മാതൃകാപരമായ ജനാധിപത്യ രാഷ്ട്രമായി ഇന്ത്യ വളർന്നു, സ്വാതന്ത്ര്യം ആഘോഷിച്ച് ആഘോഷിച്ച് ഇപ്പോൾ സ്വന്തം മാതൃരാജ്യത്തെ അവഹേളിക്കുന്ന സ്ഥിതിവിശേഷം വരെ എത്തിയിരിക്കുന്നു. നമ്മുടെ ഭരണഘടന രാജ്യത്തുള്ള ഓരോ പൗരനും തുല്യമായ അവകാശങ്ങളും സ്വാതന്ത്ര്യവും നൽകുന്നതിനോടൊപ്പം സമൂഹത്തിന്റെ താഴെക്കിടയിലുള്ള പൗരൻമാരെ ഉയർത്തിക്കൊണ്ടുവരുന്നതിനുദ്ദേശിച്ച് അവർക്ക് ചില പ്രത്യേക ആനുകൂല്യങ്ങൾ കൂടി കൊടുത്തിട്ടുണ്ട്. കഴിഞ്ഞ കുറേ ദിവസങ്ങളിൽ ഹൈദരബാദ് യൂണിവേഴ്സ്റ്റിയിൽ നടന്ന സംഭവങ്ങൾ പത്രങ്ങളിലൂടെയും ദൃശ്യമാദ്ധ്യമങ്ങളിലൂടെയും കണ്ടപ്പോൾ അത്യന്തം ഖേദകരമായി തോന്നി. യൂണിവേഴ്സ്റ്റിയിൽ നിന്നും പുറത്താക്കിയ രോഹിത് വെമുല എന്ന വിദ്യാർത്ഥി ആത്മഹത്യ ചെയ്തു. അതിനെ തുടർന്നു യൂണിവേഴ്സ്റ്റിക്കകത്തും പുറത്തും നടന്ന സംഭവങ്ങൾ ദിശമാറി ചിന്തിക്കുന്ന യുവ തലമുറയിലേക്ക് വിരൽചൂണ്ടുന്നു. ലോകപ്രശസ്തനായ കാൾസേഗൻ എന്ന ശാസ്ത്രജ്ഞനെപ്പോലെ ആകാൻ ആഗ്രഹമുണ്ടായിരുന്ന രോഹിതിനെ ആത്മഹത്യയിലേക്ക് എത്തിച്ചത് എന്തെല്ലാം സംഭവ വിശേഷങ്ങൾ ആയിരുന്നു?. കാൾസേഗനെ മാതൃകാ പുരുഷനായി സ്വീകരിച്ച രോഹിതിന്, ഇന്ത്യയിലെ പരമോന്നതന്യായപീഠം കുറ്റക്കാരനാണെന്ന് കണ്ടെത്തി തൂക്കിലേറ്റിയ യാക്കൂബ് മേമനോട് അനുഭാവം തോന്നുവാൻ സ്വന്തം മനഃസാക്ഷി സമ്മതിച്ചിട്ടുണ്ടാകുമോ? യാക്കൂബ് മേമന്റെ കൂടി ബുദ്ധിയിൽ ഉദിച്ച് ആസൂത്രണം ചെയ്ത് നടപ്പാക്കപ്പെട്ട ബോംബേ സ്ഫോടനത്തിൽ മരിച്ചവരിൽ രോഹിത് വെമുലയുടെ ആരെങ്കിലും ബന്ധുക്കൾ ഉണ്ടായിരുന്നുവെങ്കിൽ യാക്കുബ് മേമനെ തൂക്കികൊന്നതിനെതിരായി രോഹിത് സംസാരിക്കുകയില്ലായിരുന്നു.സർവകലാശാലയിൽ നടത്തിയ അച്ചടക്കലംഘനം അധികൃതർ കണ്ടെത്തിയപ്പോൾ പിന്നോക്ക സമുദായക്കാരനോടുള്ള പീഡന മനോഭാവമാണെന്ന് വരുത്തി തീർക്കാനാണ് പല ഭാഗങ്ങളിൽ നിന്നും ശ്രമം നടന്നത്.

അവസാനം കോളേജിൽ നിന്നും ലൈബ്രറിയിൽ നിന്നും ഹോസ്റ്റലിൽ നിന്നും പുറത്താക്കപ്പെടേണ്ട സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചത് രോഹിത് വെമുല തന്നെയായിരുന്നില്ലേ? മഹാനായ അംബേദ്കറുടെ പേരിലുള്ള സംഘടനയുടെ മറവിൽ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുകയല്ലേ ചെയ്തത്. എല്ലാ വഴികളും അടപ്പിച്ച് സ്വയം ആത്മഹത്യയുടെ വഴിതെരഞ്ഞെടുത്തതിന് യൂണിവേഴ്സ്റ്റിയോ സർക്കാരോ ഉത്തരവാദിയാണോ? ഇവിടെ ഒരു സവർണ്ണമേധാവിത്വമുണ്ടെന്ന് വരുത്തിതീർക്കുവാൻ രോഹിത് എന്ന കീഴാളനോടുള്ള സഹതാപമെന്നോണം എല്ലാ രാഷ്ട്രീയ പാർട്ടികളും വിഷയം ഏറ്റെടുത്തിരിക്കയല്ലേ? രോഹിതിന്റെ മരണം വളരെ മൂർച്ചയേറിയ സമരായുധമായി മാറ്റികൊണ്ടിരിക്കയാണ്. ചിലർ ചുളുവിൽ ഒരു രക്തസാക്ഷിയെ കിട്ടിയതിൽ സന്തോഷിക്കുകയാണ് വാസ്തവത്തിൽ ചില രാഷ്ട്രീയ പാർട്ടികൾ.

അടുത്ത സംഭവം ജവഹർ ലാൽ നെഹ്റു യൂണിവേഴ്സ്റ്റിയിൽ നടന്നതാണ്. പാർലമെന്റാക്രമണകേസിൽ പ്രതിയായ അഫ്സൽ ഗുരുവിനെ തൂക്കി കൊന്നതിനെതിരെയുള്ള ഗുരു അനുസ്മരണ ചടങ്ങ് ആചരിക്കുകയും ഇന്ത്യാ വിരുദ്ധ മുദ്രാവാക്യങ്ങൾ വിളിച്ച് കൂവുകയും ചെയ്തതായിരുന്നു സംഭവം. അനേകം പണ്ഡിതൻമാരേയും, ബുദ്ധിജീവികളേയും വാർത്തെടുത്ത മഹത്തായ JNU എന്ന സ്ഥാപനത്തിന്റെ ഈ ദുര്യോഗം ഇന്ത്യാവിരുദ്ധ നിലപാടുള്ള അവിടുത്തെ ചില അദ്ധ്യാപകർ തന്നെ ഉണ്ടാക്കി തീർത്തതല്ലേ? ഇന്ത്യൻ പാർലമെന്റ് മന്ദിരം ആക്രമിക്കുകയും ആറു ജവാൻമാരുടെ മരണത്തിനിടയുമാക്കിയ ആ സംഭവത്തിന്റെ പ്രധാനസൂത്രധാരൻ അഫ്സൽ ഗുരുവാണെന്ന് ഇന്ത്യൻ പരമോന്നത ന്യായപീഠം കണ്ടെത്തുകയും വധശിക്ഷക്ക് വിധിക്കപ്പെടുകയും ഉണ്ടായി. അഫ്സൽ ഗുരുവിനോട് അനുഭാവം ഒരു സാധാരണ ഇന്ത്യാക്കാരന് ഉണ്ടാകാൻ വഴിയില്ല. മരിച്ച ജവാൻമാർ സ്വന്തം കുടുംബത്തിൽപ്പെട്ടവരായിരുന്നെങ്കിൽ ഇതിൽ പങ്കെടുത്തവർക്ക് അഫ്സൽ ഗുരുവിനോട് ഒരു അനുഭാവവും തോന്നുകയില്ലായിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തകർക്കാൻ വ്യാജ ഇന്ത്യൻ കറൻസികൾ പാക്കിസ്ഥാൻ അച്ചടിച്ച് വിതരണം ചെയ്യുന്ന പോലെ വിദ്യാർത്ഥികളുടെ സാംസ്കാരിക അച്ചടക്കം തകർക്കാൻ JNU ഹോസ്റ്റലിൽ പലതും നടക്കുന്നുണ്ടെന്ന് ഒരു പ്രമുഖ പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യം എവിടെ എത്തിനിൽക്കുന്നു എന്ന് ആലോചിക്കാമല്ലോ. പാക്കിസ്ഥാനുവേണ്ടി സിന്ദാബാദ് വിളിക്കുന്നവരെ മഹത്വവൽക്കരിക്കാനും രക്ഷിക്കാനും മറ്റും ചില രാഷ്ട്രീയ പാർട്ടികൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യം, ആവിഷ്ക്കാര സ്വാതന്ത്ര്യം തുടങ്ങിയ സൗകര്യങ്ങൾ ഭരണ ഘടന അനുവദിച്ചു തന്നിട്ടുണ്ടെങ്കിലും മാതൃരാജ്യത്തെ അവഹേളിക്കുന്ന വിധത്തിലും അപകടപ്പെടുത്തുന്ന വിധത്തിലും ദുരുപയോഗപ്പെടുത്തുവാനാവില്ലല്ലോ. രാഷ്ട്രീയ പാർട്ടികൾ അണികളിൽ ആളെ കൂട്ടുവാൻ ഏതു രാജ്യദ്രോഹ വാസനകൾക്കും കുടപിടിക്കുകയും ചെയ്യുന്നു. ഈ പാർട്ടികൾ എപ്പോഴെങ്കിലും അധികാരത്തിൽ എത്തിയാൽ ഇതുപോലുള്ള രാജ്യദ്രോഹ കുറ്റങ്ങളെ എങ്ങിനെ നേരിടും?.

യുവത്വം സമരമാണെന്ന് യുവാക്കൾ പറയുന്നു. യുവത്വം ആഘോഷിക്കേണ്ടത് രാഷ്ട്ര നിർമ്മിതിക്ക് കൂട്ടുനിന്നുകൊണ്ടാണ്. ഒരു വ്യവസ്ഥിതിയെ എതിർക്കേണ്ടത് രാജ്യത്തിന്റെ പൊതുമുതൽ നശിപ്പിച്ചും അരാജകത്വം സൃഷ്ടിച്ചും കൊണ്ടല്ല. ആശയപരമായിട്ടാണ് സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്താതെ. രാപകലില്ലാതെ മഞ്ഞുമലകളിൽ നമ്മുടെ എത്രയോ ജവാൻമാർ അതിർത്തികൾ കാത്തു സൂക്ഷിക്കുന്നു; രാജ്യത്തെ രക്ഷിക്കുന്നു. അപ്പോഴും രാജ്യദ്രോഹ കുറ്റം ചെയ്യുന്നവരെ ശിക്ഷിച്ചാൽ അതിൽ രാഷ്ട്രീയം കലർത്തി പാർട്ടികൾ മുതലെടുക്കുന്നു. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയിൽ എല്ലാ പൗരൻമാർക്കും തുല്യ സന്ദർഭങ്ങളാണുള്ളത്, അവകാശമാണുള്ളത്. ഒരു സാധാരണ ചായക്കടക്കാരൻ പ്രധാനമന്ത്രിയായിത്തീരുന്നു. കെ. ആർ നാരായണൻ എന്ന ദളിതൻ സ്വന്തം പ്രയത്നം കൊണ്ട് പ്രഥമ പൗരനായിത്തീർന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഡോക്ടർ സക്കീർ ഹുസൈൻ, ഫക്രുദീൻ അലി അഹമ്മദ് എന്നിവർ പ്രഥമ പൗരൻമാരായിരുന്നു. നമ്മുടെ അയൽ രാജ്യങ്ങളിൽ ഒരു ന്യൂനപക്ഷക്കാരന് ഇങ്ങനെയുള്ള പദവികൾ സ്വപ്നം കാണാൻ കഴിയുമോ?

വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം അവനവിനിഷ്ടപ്പെടാത്ത വ്യവസ്ഥിതിയോട് പടപൊരുതുന്നതിനു പകരം വഴിക്ക് വച്ച് കൊഴിഞ്ഞു പോയാൽ രാഷ്ട്രത്തിന് ഒരു നല്ല നേതാവിനെയായിരിക്കും നഷ്ടപ്പെടുക. വിദ്യാർത്ഥി സമൂഹം ഓർക്കേണ്ടതുണ്ട്, രാഷ്ട്രീയക്കാർക്ക് അവരുടെതായ താല്പര്യമുണ്ട്. രാഷ്ട്രീയ പാർട്ടികൾക്ക് രക്തസാക്ഷികൾ വേണം അതിന് വിദ്യാർത്ഥി സമൂഹം വഴിപ്പെടരുത്. രാഷ്ട്രീയക്കാരുടെ ചട്ടുകമാകാതെ സ്വന്തം ഭാവിയെ കരുപിടിക്കുകയാണ് വേണ്ടത്. സ്വാതന്ത്ര്യം അനുഭവിക്കാനുള്ളതാണ്, ആസ്വദിക്കുവാനുള്ളതാണ്, ആഘോഷിക്കുവാനുള്ളതാണ്. പക്ഷേ അത് സ്വന്തം നിലനിൽപ്പിനു അപകടകരമായ വിധത്തിലോ, സ്വന്തം കുടുംബത്തെ അപകീർത്തിപ്പെടുത്തുന്ന വിധത്തിലോ, സമൂഹത്തിന് നാശം വരുത്തുന്ന വിധത്തിലോ മാതൃരാജ്യത്തിനെ ഒറ്റു കൊടുക്കുന്ന വിധത്തിലോ ദുരുപയോഗപ്പെടുത്തുവാനുള്ളതല്ല.

(ക്ഷേത്രങ്ങളിലൂടെ)

# കുമാരനല്ലൂർ ശ്രീ കാർത്ത്യായനീ മഹാമായ



കെ. സുധാദേവി



ശംഖൊണ്ടിടത്തു മറുപാടൊരു ചക്രമുണ്ട്
കാലിൽ ചിലമ്പു ചില മുത്തുപടം കഴുത്തിൽ
ഓടീട്ടു വന്നു കുടി കൊണ്ട കുമാരനല്ലൂർ
കാർത്ത്യായനീ ശരണമിഹ കൈ തൊഴുന്നേൻ

അമ്മ! ഈ പ്രപഞ്ചം തന്നെ ഉൾക്കൊള്ളുന്ന രണ്ടക്ഷരം. അതിന്റെ മഹത്വവും ശക്തിയും അനുഭവിക്കാത്തവർ സമസ്ത ജീവജാലങ്ങളിലും ഉണ്ടാവില്ലല്ലോ? അപ്പോൾ സകല ചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിച്ചു പോരുന്ന പ്രപഞ്ചമാതാവായ ആ ദിവ്യശക്തിയെ കുറിച്ച് എന്താണ് പറയേണ്ടത്? നാടിന്റെ നാനാഭാഗത്തുമായി കാണപ്പെടുന്ന ചെറുതും വലുതുമായ ക്ഷേത്രങ്ങളിലും കാവുകളിലും മറ്റും കുടി കൊണ്ടിരിക്കുന്ന, വിവിധ രൂപത്തിലും ഭാവത്തിലും ഉള്ള ആ ദിവ്യശക്തി ഒന്നു തന്നെയെന്ന് നമുക്കേവർക്കും അറിയാവുന്ന വസ്തുതയും തന്നെ. ഓരോ ക്ഷേത്രങ്ങളിലും ദർശനം നടത്തുമ്പോൾ അവിടുത്തെ വിഗ്രഹത്തിൽ നിന്നും പ്രവഹിക്കുന്ന ചൈതന്യത്തിന്റെ ഒരംശം നമ്മിലേക്കും പ്രവഹിക്കുന്നു. നമ്മുടെ മനസ്സിലെ തിന്മയുടെ അവസാന അംശം പോലും തുടച്ചു മാറ്റുന്നതിന് ആ ചൈതന്യ പ്രവാഹം നമ്മെ വളരെയധികം സഹായിക്കും എന്നുള്ളതും പരമാർത്ഥം തന്നെ.

കോട്ടയം ടൗണിൽ, ഏറ്റുമാനൂർ കോട്ടയം റൂട്ടിൽ എം.സി റോഡിൽ നിന്നും ഏകദേശം ഒന്നര കിലോമീറ്റർ പടിഞ്ഞാറു മാറി കുമാരനല്ലൂർ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. മീനച്ചിലാർ അടുത്തു കൂടി തന്നെ ഒഴുകുന്നു. പ്രൗഢിയുള്ള ഗോപുരവും ആനക്കൊട്ടിലും ശീവേലി പന്തലും സ്വർണ്ണകൊടിമരവും എല്ലാം ചേർന്ന തന്ത്രസമുച്ചയ പ്രകാരം മഹാക്ഷേത്ര ലക്ഷണങ്ങൾ എല്ലാം തികഞ്ഞ പ്രൗഢഗംഭീരമായ ഒരു ക്ഷേത്രം. കിഴക്ക് ദർശനം ചെമ്പു മേഞ്ഞ രണ്ടു തട്ടുകളോടു കൂടിയ വൃത്താകാരമായ ശ്രീകോവിലും നാലമ്പലവും മണ്ഡപവും എല്ലാം പ്രൗഢി വിളിച്ചോതുന്നതാണ്. ശ്രീകോവിൽ മൂന്നു ഭാഗങ്ങളായാണ് ഗർഭഗൃഹം പടിഞ്ഞാറേ അറ്റത്തായി കാണുന്നു. മണ്ഡപത്തിന് മുമ്പിൽ നിന്നാൽ മാത്രമേ വിഗ്രഹം ദർശിക്കാൻ സാധിക്കൂ. അഞ്ജനശിലയിൽ ഏകദേശം മൂന്നടിയോളം ഉയരം വിഗ്രഹത്തിനുണ്ട്. അണിയിച്ചൊരുക്കുമ്പോൾ ഇരിക്കുന്നതായി തോന്നുമെങ്കിലും നില്ക്കുന്ന രൂപത്തിലാണ് പ്രതിഷ്ഠ. വെളുപ്പിനുള്ള പൂജ കഴിഞ്ഞാൽ ചാർത്തുന്ന സ്വർണ്ണ അങ്കി അടുത്ത ദിവസം നിർമ്മാല്യം കഴിയുമ്പോഴാണ് മാറ്റുന്നത്. പല തരത്തിലുള്ള അമൂല്യങ്ങളായ സ്വർണ്ണ രത്നാഭരണങ്ങളും വിശേഷപ്പെട്ട പുഷ്പമാല്യങ്ങളുമണി

ഞ്ഞ് വീരാളിപ്പട്ടും ചാർത്തി ശംഖ്, ചക്രം, അഭയ കടിബന്ധത്തോടു കൂടിയ നാലു തൃക്കൈകളോടും ത്രിപുര സുന്ദരി ആയി ഇരിക്കുന്ന ദേവീ വിഗ്രഹം കണ്ടു തൊഴുന്നവർക്ക് പാപമോചനം തന്നെ ഫലം. നന്ദഗോപഗൃഹേ ജാത യശോദാഗർഭ സംഭവേ എന്ന് ദേവീമാഹാത്മ്യത്തിൽ സ്തുതിച്ചിരിക്കുന്ന ആ മഹാമായ തന്നെയാണ് ഇവിടെയുള്ളത് എന്നും വിശ്വസിക്കുന്നു.

ദേവിയുടെ ശ്രീകോവിലിന് തെക്ക് ഭാഗത്ത് മഹാദേവന് പ്രത്യേകം ശ്രീകോവിൽ ഉണ്ട്. മണ്ഡപത്തിൽ തെക്കു പടിഞ്ഞാറു ഭാഗത്തായി മണിഭൂഷണന്റെയും വിഗ്രഹം ഉണ്ട്. നാലമ്പലത്തിനു വെളിയിൽ തെക്കു പടിഞ്ഞാറെ മൂലയിൽ വന ദുർഗ്ഗാദേവിയുടെ പ്രതിഷ്ഠ. ഇവിടെ മുകളിൽ മേൽക്കൂരയില്ല. ഇവിടുത്തുകാർ ഈ ദേവിയെ ആലുങ്കൽ ഭഗവതി എന്ന് വിളിക്കുന്നു. ഇവിടുത്തെ ദർശനക്രമം ഒരു ശ്ലോകരൂപത്തിൽ കൊടിമരത്തിനടുത്തായി എഴുതിവച്ചിരിക്കുന്നത് കാണാം. അത് ഇപ്രകാരം ആണ്.

ഉമാപതിക്കും മണിഭൂഷണനും
ക്രമേണ ഞാൻ കൈതൊഴുതായവണ്ണം
നമാമി പാദാംബുജ പല്ലവം തേ
കുമാരനല്ലൂരെഴുമദ്രികന്യേ

അതായത് ആദ്യം ശിവനെ തൊഴുത് ഇടതു ഭാഗത്തുള്ള കവാടത്തിൽ കൂടി നാലമ്പലത്തിൽ കടന്ന് മണ്ഡപത്തിലിരിക്കുന്ന മണിഭൂഷണനെ തൊഴുതശേഷം വേണം അമ്മയെ തൊഴുന്നത് എന്ന് സാരം. അമ്മയെ തൊഴുത് പ്രദക്ഷിണം വച്ച് ബലിക്കൽ പുരയിൽ കൂടി വെളിയിൽ കൊടിമരച്ചുവട്ടിൽ വന്ന് ക്ഷേത്രത്തിന് പ്രദക്ഷിണം ആയി വരുമ്പോൾ വനദുർഗ്ഗാ ദേവിയെ തൊഴുത് പ്രദക്ഷിണം പൂർത്തിയാക്കാവുന്നതാണ്. ശങ്കരാചാര്യർ, വില്വമംഗലം മുതലായ പല മഹാരഥൻമാരും ഇവിടെ വന്ന് ദേവിയെ ദർശിച്ച് സ്തുതിച്ചിട്ടുള്ളതാണ്. മഹാകവി കുഞ്ചൻ നമ്പ്യാർ ഇവിടെ 12 ദിവസം ഭജനം ഇരുന്നതും വളരെ പ്രസിദ്ധമായ ശ്രീകുമാരാലയ സ്തോത്രം 6 പാദങ്ങളിലായി രചിച്ചിട്ടുള്ളതും പ്രസിദ്ധമാണ്. ആദ്യ പാദത്തിലെ "ശ്രീകുമാരാലയം തന്നിൽ വിളങ്ങുന്ന ശ്രീദേവി പാർവ്വതി പാലയാം" എന്ന കീർത്തനം ഞങ്ങളുടെ കുട്ടിക്കാലത്ത് സന്ധ്യാജപത്തിൽ പെട്ടിരുന്നതാണ്. കൂടാതെ ഗുരുവായൂരപ്പന്റെ പ്രിയഭക്തയായ കൂറൂരമ്മ ഇവിടെ ഒരില്ലത്ത് വന്ന് താമസിച്ചു കുറച്ചുനാൾ ദേവിയെ കുളിച്ചു തൊഴുകയുണ്ടായി. അക്കാലത്ത് കൂറൂരമ്മ രചിച്ച സ്തുതിച്ചതാണ് ദേവിയുടെ "കേശാദി പാദം പാദാദികേശം വർണ്ണന". ഇത് വളരെ രസകരമായ വിധത്തിൽ കുമാരനല്ലൂർ ശ്രീലകത്ത് നിന്നും ദേവിയെ കണ്ടു വരുന്ന ഒരു വണ്ടിനോട് അമ്മയുടെ വിശേഷങ്ങൾ അന്വേഷിക്കുന്നതും വണ്ട് അതിനു മറുപടിയായി ശ്രീലകത്ത് അമ്മയുടെ അലങ്കാരങ്ങളും അംഗപ്രത്യംഗവും വർണ്ണിക്കുന്ന വിധത്തിലുമാണ് രചിച്ചിട്ടുള്ളത്. ആ കീർത്തനം വായിക്കുന്തോറും അമ്മയോടുള്ള നമ്മുടെ ഭക്തി വർദ്ധിക്കും എന്നതും സംശയാതീതം തന്നെ.

ഐതിഹ്യം ഃ കുമാരനല്ലൂർ ക്ഷേത്രത്തിന് ഏകദേശം 2400 വർഷത്തോളം പഴക്കം ഉണ്ടെന്ന് പറയപ്പെടുന്നു. അന്ന് നാടു ഭരിച്ചിരുന്ന ചേരമാൻ പെരുമാൾ ഉദയനായകീപുരം എന്ന പേരിൽ ഭഗവതിക്ക് ഒരു ക്ഷേത്രം വൈക്കത്തും സുബ്രഹ്മണ്യസ്വാമിക്കായി ഒരു ക്ഷേത്രം കോട്ടയത്തും പണി കഴിപ്പിച്ചു. ഈ സമയം പ്രശസ്തമായ മധുര മീനാക്ഷി ക്ഷേത്രത്തിലെ ദേവിയുടെ നിത്യം ചാർത്തുന്ന വിലയേറിയ മൂക്കുത്തി കാണാതായി. അത് കണ്ടു പിടിച്ച് കൊടുക്കുന്നതിന് ശാന്തിക്കാരന് 41 ദിവസത്തെ സമയം മഹാരാജാവ് അനുവദിച്ചു. കിട്ടിയില്ല എങ്കിൽ ശിരഛേദം ചെയ്യുന്നതിനും തീർപ്പാക്കി. 40-ാമത്തെ ദിവസം എന്തു ചെയ്യേണ്ടു എന്നറിയാതെ ആ ശുദ്ധബ്രാഹ്മണൻ നാളെത്തെ വധശിക്ഷയെ കുറിച്ചോർത്ത് കുണ്ഠിതപ്പെട്ട് അമ്മയുടെ തിരുനടയിൽ തന്നെ കിടപ്പായി. അപ്പോൾ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ഉടൻ തന്നെ ഇവിടെ നിന്നും പുറപ്പെടുക ഞാൻ മുമ്പിലുണ്ടാകും എന്ന അശരീരിയും ശ്രവിച്ചു. കണ്ണു തുറന്നു നോക്കിയ ശാന്തിയുടെ മുൻപിൽ ഒരു ദിവ്യചൈതന്യം കാണുകയും അതിന്റെ പുറകെ ശാന്തിക്കാരൻ നടക്കുകയും ചെയ്തു. നടന്ന് അദ്ദേഹം കുമാരനല്ലൂരിൽ പുതിയതായി പണിത ക്ഷേത്രത്തിലെത്തി. ആ സമയം അവിടെ കുമാര പ്രതിഷ്ഠക്കുള്ള തയ്യാറെടുപ്പ് നടക്കുകയാണ്. ശാന്തിക്കാരനോടൊത്ത് അവിടെയെത്തിയ ആ ദിവ്യചൈതന്യം ക്ഷേത്ര ശ്രീകോവിലിൽ ഗർഭഗൃഹത്തിൽ ലയിക്കുകയുണ്ടായി സുബ്രഹ്മണ്യ സ്വാമിയാണ് അതെന്ന് തെറ്റിദ്ധരിച്ച് തന്ത്രികൾ പ്രാണപ്രതിഷ്ഠയ്ക്കൊരുങ്ങുമ്പോൾ ഒരു അശരീരി ഉണ്ടായി. കുമാരനല്ല ഊരിൽ എന്ന ശബ്ദം ശ്രവിച്ച

പ്പോൾ അത് സാക്ഷാൽ മഹാമായ എന്നു മനസ്സിലാക്കി പ്രാണപ്രതിഷ്ഠ ചടങ്ങുകൾ നിർത്തി വച്ചു. അങ്ങനെ അവിടെ പ്രതിഷ്ഠിക്കാനിരുന്ന ഭഗവാന്റെ വിഗ്രഹത്തെ ഉദയാനപുരത്ത് പണി തീർന്ന ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കയും ഉദയ നായകി ഭാവത്തിൽ അവിടെ ഒരു നായകീപൂജ ദേവിയെ സങ്കല്പിച്ച് നടത്തുകയും ചെയ്തു. ഇന്നും ആ ഭഗവതി സേവ നടന്നു വരുന്നു.

അനന്തരം ഉദയനാപുരത്തു പ്രതിഷ്ഠിക്കാൻ കരുതിയിരുന്ന ദേവീ വിഗ്രഹം കുമാരനല്ലൂരിൽ പ്രതിഷ്ഠിക്കാൻ ഒരുങ്ങിയെങ്കിലും പെരുമാൾക്ക് ഉണ്ടായ ഒരു സ്വപ്നദർശനത്താൽ, ശ്രീ പരശുരാമൻ ആയിരം വർഷത്തോളം പൂജിച്ച് വേദഗിരി എന്ന പുണ്യസ്ഥലത്ത് ജലാധിവാസം ചെയ്തിട്ടുള്ള വിഗ്രഹം അവിടെനിന്നും കൊണ്ടു വന്ന് പ്രതിഷ്ഠിക്കാൻ ആരംഭിക്കയും ഈ സമയം ജടാധാരിയായ ഒരു ബ്രാഹ്മണ ശ്രേഷ്ഠൻ അവിടെയെത്തി ശ്രീകോവിലിനുള്ളിൽ കടന്ന് പ്രതിഷ്ഠ നടത്തി മറയുകയും ചെയ്തുവത്രേ. അത് സാക്ഷാൽ ശ്രീപരശുരാമ സ്വാമി ആയിരുന്നു എന്നും വിശ്വാസം.

വിശേഷങ്ങൾ ഃ വൃശ്ചികത്തിൽ പത്തു ദിവസത്തെ ഉത്സവം ഉത്സവത്തിന് ഇവിടെ എന്നും അമ്മയ്ക്ക് ആറാട്ടുണ്ട്. പിടിയാനപ്പുറത്തു മാത്രമേ ദേവിയെ എഴുന്നെള്ളിക്കയുള്ളു എന്ന പ്രത്യേകതയും ഉണ്ട്. വൃശ്ചികത്തിലെ തൃക്കാർത്തിക വളരെ പ്രസിദ്ധം ആണ്. കുമാരനല്ലൂർ ഗ്രാമം കൂടാതെ ഏറ്റുമാനൂർ മുതൽ കോട്ടയം വരെയുള്ള എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും കാർത്തിക വിളക്കുകളാൽ ശോഭിക്കുന്നത് കാണേണ്ട ഒരു കാഴ്ച തന്നെയാണ്. ആ സമയം ഇവിടെ ജാതിയോ മതമോ ഒന്നും തന്നെ ഒരു പ്രശ്നമാകുന്നതും അല്ല. അമ്മയുടെ തൃക്കാർത്തിക വിളക്കും ആറാട്ടെഴുന്നള്ളിപ്പും വടക്കുംനാഥൻ കണ്ട ഒരു കഥയും പ്രസിദ്ധമാണല്ലോ. വടക്കും നാഥ ക്ഷേത്രത്തിൽ തൊഴാൻ എത്തിയ വില്വമംഗലത്ത് സ്വാമിയാർ ശ്രീലകത്ത് ഭഗവാനെ കാണാതെ അന്വേഷിച്ച് നടന്നതും തെക്കുവശത്തുള്ള മതിലിനു മുകളിൽ കുമാരനല്ലൂരമ്മയുടെ ആറാട്ടെഴുന്നള്ളിപ്പു കാണുന്ന ഭഗവാനെ കണ്ടു മുട്ടിയതും പ്രസിദ്ധമായ കഥയാണ്. ഇന്നും കാർത്തിക നാളിൽ വടക്കുംനാഥരുടെ രാവിലത്തെ പൂജ തെക്കുവശത്തുള്ള മതിലിനരികിലാണ്. അത്താഴപൂജ കഴിഞ്ഞശേഷമാണ് ഇവിടെ ദീപാരാധന നടക്കുന്നത് എന്നതും ഒരു പ്രത്യേകത തന്നെ. അതിഗംഭീരമായ ദീപാരാധനയാണ് ഇവിടെ നിത്യവും നടക്കുന്നതും. നാട്ടുകാരുടെ സഹായത്തോടുകൂടി ഊരായ്മ ദേവസ്വം ആണിവിടെ ക്ഷേത്ര കാര്യങ്ങൾ നടത്തുന്നത്. മധുരയിൽ നിന്നും വന്ന ബ്രാഹ്മണശ്രേഷ്ഠന്റെ പിൻതലമുറയാണ് ഇന്നും ശാന്തി നടത്തുന്നത്. അവരുടെ ഇല്ലപ്പേരും മധുര എന്നു തന്നെ.

കുമാരനല്ലൂരമ്മയുടെ കഥകൾ വളരെയധികം ഉണ്ടെങ്കിലും എടുത്തു പറയാനുള്ളത് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിജി ഈ ക്ഷേത്രം സന്ദർശിച്ചു എന്നുള്ളതും അദ്ദേഹം വളരെ നേരം ആനന്ദ ബാഷ്പത്തോടുകൂടി നടയ്ക്കു മുമ്പിൽ ധ്യാനലീനനായി നിന്നു എന്നതും മടങ്ങാൻ നേരം ഈ ക്ഷേത്രം സന്ദർശിച്ചിരുന്നില്ല എങ്കിൽ എന്റെ ജന്മം നിഷ്ഫലമായേനേം എന്ന പറഞ്ഞതായും പഴമക്കാർ പറയുന്നു. ജീവിതത്തിൽ ഒരിക്കലെങ്കിലും ആ തിരുനടയിൽ നിന്നു തൊഴുതു പ്രാർത്ഥിക്കുന്നതിന് ഏവരേയും അമ്മ അനുഗ്രഹിക്കും എന്ന് വിശ്വസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## *വിഷുസദ്യ*

### എറണാകുളം കരയോഗം ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം

**2016 ഏപ്രിൽ 14** (വ്യാഴം) വിഷുദിനത്തിൽ വിഷുകിറ്റ് ലഭിക്കും. വിഷുകിറ്റിൽ സാമ്പാർ, കാളൻ, അവിയൽ, ഓലൻ, എരിശ്ശേരി, മെഴുക്കുപുരട്ടി, അച്ചാർ, പാലട, പഴപ്രഥമൻ (ചോറ് ഒഴികെ) എന്നിവ ഉണ്ടായിരിക്കും. ആയതിന് **750** രൂപ കരയോഗം ഓഫീസിൽ നൽകി മുൻകൂർ ബുക്കു ചെയ്യേണ്ടതാണ്. ഏപ്രിൽ **9** മുതൽ **12** വരെയുള്ള ദിവസങ്ങളിൽ വിഷു സദ്യകിറ്റിന് കരയോഗം ഓഫീസിൽ മുൻകൂറായി പണം അടക്കാവുന്നതാണ്. മുൻകൂർ പണം അടച്ച് ബുക്കു ചെയ്യുന്നവർക്ക് ഏപ്രിൽ **14** ന് വിഷുദിനത്തിൽ സദ്യകിറ്റ് രാവിലെ **9 മണി മുതൽ 10 മണി** വരെ ലഭിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊള്ളുന്നു.

ഏപ്രിൽ **10,11,12,13,14** ദിവസങ്ങളിൽ പാലട പ്രഥമൻ ടി.ഡി.എം ഹാളിൽ ലഭിക്കുന്നതായിരിക്കും.

**ജനറൽ സെക്രട്ടറി**

# എന്റെ ഗ്രാമം



ടി. എൻ. രാജലക്ഷ്മി

കുന്നും മലകളും പാടും പുഴകളും
സുന്ദരമാണെന്റെ കൊച്ചു ഗ്രാമം
തെളിനീരുമായിക്കുണുങ്ങിയൊഴുകുന്ന
അരുവികളുള്ളൊരു പുണ്യ ഗ്രാമം

പച്ചവിരിച്ചിട്ട കുന്നിൻ നെറുകയിൽ
പിച്ചവെച്ചോടുന്ന പൈക്കിടാങ്ങൾ
കളകളംപാടുന്ന പുഴതൻ വിരിമാറിൽ
മുങ്ങിനീരാടുന്ന പൈതങ്ങളും

കതിരിട്ടു നിൽക്കുന്ന പാടങ്ങളും
പാടവരമ്പത്തെ കേരങ്ങളും
വാഴയും ചേനയും കാച്ചിലും കോവലും
കായ്ച്ചുനിൽക്കുന്ന തേൻമാവുകളും

പാടത്തിനോരത്തെ തോടുകളും
തോടിനിറമ്പിലെ കൈതകളും
പച്ചിലച്ചാർത്തിലിരുന്നു മധുരമാം
നാദം പൊഴിക്കുന്ന പൂങ്കുയിലും

ആറ്റിനരുകിലൊരമ്പലവും
അമ്പലമുറ്റത്തൊരാൽത്തറയും
ആൽത്തറമേലുള്ള കൽവിളക്കിൻ തിരി-
നാളത്തിൻ ശോഭയുമെത്ര ധന്യം

മതിലുകളില്ലാത്ത വീടുകളുണ്ടതിൽ
ഒരുപോലെ വാഴുന്ന മാനുഷരും
ഐശ്വര്യ പൂർണ്ണമാണെന്റെ ഗ്രാമം
എന്റെ മനസ്സിലെ സ്വപ്ന ഗ്രാമം

## നായർ സ്ത്രീ സമാജം 2016 ഏപ്രിൽ മാസ പരിപാടി

നായർ സ്ത്രീ സമാജത്തിന്റെ ആഭിമുഖ്യത്തിൽ വിഷു വിപണന മേള നടത്തുന്നു. 2016 ഏപ്രിൽ **8,9 (വെള്ളി, ശനി)** തീയതികളിൽ എറണാകുളം വിമൻസ് അസ്സോസിയേഷൻ ഹാളിൽ.

**ശ്രീമദ് ഭഗവത് ഗീതാ ക്ലാസ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.**
**താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക:**

**0484 2362672**



# പണം

പ്രശോഭ് മേനോൻ

ഞാൻ താമസിക്കുന്ന ഫ്ളാറ്റിന്റെ ബാൽക്കണിയിൽ നിന്ന് കണ്ടു, അടുത്തടുത്ത് ഒരുപാട് ഫ്ളാറ്റുകളിൽ, പല തരത്തിലുള്ള നക്ഷത്രങ്ങൾ, ആ ഫ്ളാറ്റുകളിലെ ബാൽക്കണിയിൽ തൂങ്ങിക്കിടക്കുന്നത്. എന്റെ ബാൽക്കണിയിൽ മാത്രം നക്ഷത്രമായി ഞാൻ തന്നെ നിന്നു...... !!

ഈ ക്രിസ്തുമസ് രാവിൽ ഞാൻ ഓർത്തു ഒരുപാട് ക്രിസ്തുമസുകൾ ആഘോഷമാക്കിയ എനിക്ക് ഈ ക്രിസ്തുമസ് ഏകാന്തവാസമായിരിക്കും വിധിച്ചിട്ടുണ്ടാകുക. ഞാൻ അലക്സ്... അലക്സ് അച്ചായൻ എന്ന് എല്ലാവരും വിളിക്കും. എന്റെ ഏറ്റവും വലിയ ശക്തിയും, ദൗർബല്യവും എന്റെ കുടുംബമാണ്. മക്കൾ രണ്ടാളും സോഫ്റ്റ്‌വെയർ എൻജിനിയേഴ്സ് ആണ്. സോജിയും, റെന്നിയും. ഭാര്യ മിനി.

6 മാസം മുമ്പ് ഇതുപോലൊരു രാവിലാണ് എന്നെ ലോറി ഇടിച്ചത്. ആ ഇടിയുടെ ആഘാതത്തിൽ തെറിച്ച് പോയത് എന്റെ ഒരു കാലായിരുന്നു. വെപ്പുകാൽ വയ്ക്കാൻ സാമ്പത്തികം ഇല്ലാത്തതിനാൽ എന്റെ ഒരു കാൽ എനിക്ക് വേണ്ടി ഡബിൾ റോൾ കളിക്കുന്നു....!!

അന്ന് ഞാൻ മനസ്സ് വിട്ട്, ചിന്തകളെ വേട്ടയാടാൻ അനുവദിച്ച് റോഡിലൂടെ നടന്നു. പണത്തിന്റെ മുന്നിൽ ഞാൻ തലകുനിച്ചിട്ടില്ല കാരണം അത് എനിക്ക് ധാരാളം ഉണ്ടായിരുന്നു.

ഒരുപാട് പണവും, പ്രശസ്തിയും ഒക്കെയുള്ള എന്റെ ആ കാലം. ആ കാലത്ത് എന്നെ പിന്തുണക്കാൻ, ഇഷ്ടപ്പെടാൻ, എനിക്കുവേണ്ടി കരയാൻ, എനിക്കുവേണ്ടി ത്യജിക്കാൻ ആളുകൾ ഏറെ ഉണ്ടായിരുന്നു. ഒരു നാൾ ഓട്ടോ റിക്ഷയിൽ കയറി എന്റെ ഓഫീസിലേയ്ക്ക് പോയിക്കൊണ്ടിരിക്കുമ്പോഴാണ് ഞാൻ ഓർത്തത് എന്റെ പേഴ്സ് ഞാൻ മറന്നുപോയല്ലോ എന്ന്... അതെടുക്കാൻ തിരികെ ചെന്ന് ഫ്ളാറ്റിന്റെ മുന്നിൽ ഓട്ടോ നിർത്തി ഞാൻ പൈസയെടുത്ത് തിരിച്ചു വന്നപ്പോൾ ഓട്ടോ കാണുന്നില്ല. വാച്ച്മാൻ ദേവസിച്ചേട്ടൻ ഷെൽറ്ററിന്റെ അകത്തു നിന്നും പറഞ്ഞു. സർ എന്താ നമ്മളെ ഒക്കെ അന്യരായി കാണുന്നെ....

പൈസ ഒക്കെ കൊടുത്ത് സാറെ.....

അങ്ങനെ ഒരുപാട് ഒരുപാട് സംഭവങ്ങൾ...

ആദ്യ ശമ്പളം കിട്ടിയപ്പോൾ സ്റ്റാർ ഹോട്ടലിൽ Buffet ന് കൊണ്ട് പോയ എന്റെ മകനും, മകളും.....

ശമ്പള വർദ്ധനവ് കിട്ടിയപ്പോൾ എനിക്ക് പുതിയ കാർ മേടിച്ചു തന്ന എന്റെ ഭാര്യ. അവൾ അന്ന് പറഞ്ഞു

ഇത് അലക്സിന് എന്റെ വക, എന്നെ കെട്ടിയതിന്റെ കൂലി ആയി കരുതിക്കൊ സ്ത്രീധനമൊന്നും കിട്ടിയില്ലല്ലൊ, Love Marriage.....

പുതിയ ലോകത്തിന്റെ ജീവശ്വാസമായ പണമെന്ന കൈമാറ്റ വസ്തുവിനു മുന്നിൽ തോറ്റുപോയ എന്റെ മുന്നിൽ അവൾ അഭിമാനത്തോടെയും അഹങ്കാരത്തോടെയും നിന്നു.....

ഞാൻ അന്ന് പറഞ്ഞു എനിക്ക് അങ്ങനെ കൂലിയൊന്നും വേണ്ട... നമുക്ക് പോകുവാൻ ഒരു കാർ കൂടി, അങ്ങനെ പറഞ്ഞാൽ പോരെ മിനു...

കഴിഞ്ഞ ഓണത്തിന് ഞാൻ മിനുവിനും, കുട്ടികൾക്കും കുറെ ഡ്രസ്സുകൾ മേടിച്ചു. അന്ന് ഞാൻ കുട്ടികൾക്ക് ഒരു സ്പെഷ്യൽ ഓണസമ്മാനവുമായാണ് വന്നത്. അത് സിംഗപ്പൂരിലേക്ക് ഒരു ഫാമിലി ടൂർ പാക്കേജ് ആയിരുന്നു. എല്ലാവരും ഭയങ്കര ത്രില്ലിൽ ആയിരുന്നു.

മിനു പറഞ്ഞു എന്റെ ഒഫീഷ്യൽ വർക്കിന് എനിക്ക് ഖത്തറിൽ പോകേണ്ടി വരും. അടുത്ത മാസം അതിന് മുമ്പ് ഒരു റിലാക്സേഷൻ... താങ്ക്യു സോ മച്ച് അലക്സ്.

കുട്ടികളിൽ റെന്നി പറഞ്ഞു ഞാൻ ജനുവരിയിൽ ന്യൂസിലാന്റിൽ പോവില്ലെ.. So before that a great vacation with my family. Thank you so much papa. Soji പറഞ്ഞു papa its great surprise but I have Laser treatment, have to go. had paid an advance of three and a half lakhs..

അതുകൊണ്ട് സോജി വന്നില്ല.

ഞങ്ങൾ മൂന്നുപേരും പോയി വന്നു. ഒരുപാട് വർണ്ണങ്ങളും, ആഡംബരങ്ങളും കണ്ട്... തി

രിച്ചു വന്നപ്പോഴേക്കും എന്റെ കമ്പനിയിൽ സമരം തുടങ്ങിയിരുന്നു. ഷിപ്പിങ് റീസെക്ഷൻ.... അതുകൊണ്ട് ഓഫീസിലെ സീനിയർ സ്റ്റാഫിനോട് ആവശ്യപ്പെടുകയാണ് കമ്പനി. ഉയർന്ന ശമ്പളം കൊടുത്ത് എന്നെ പോലത്തെ സീനിയർ സ്റ്റാഫിനെ നിർത്തേണ്ട കാര്യം കമ്പനിക്ക് ഇല്ലായിരുന്നു.

എന്റെ ജോലി പോയ നാളിൽ മിനു ഖത്തറിലേക്കു പോയി. അന്നുതൊട്ട് എനിക്ക് വലിയ പ്രയാസമായിരുന്നു. വീട്ടിൽ ആരോടും പറയാതെ ഞാൻ തന്നെ പലിശ കൊടുത്തു കൊണ്ടിരുന്ന കുട്ടികളുടെ എഡ്യൂക്കേഷൻ ലോൺസ്, മിനുവിന്റെ നിർബന്ധപ്രകാരം എടുത്ത ഹൗസിംഗ് ലോൺ.... പിന്നെ എന്റെ മൂന്ന് ക്രഡിറ്റ് കാർഡുകൾ എല്ലാം എന്നെ പേടിപ്പിച്ചു. ഇത്രയും നാൾ എന്നെ നോക്കി ചിരിച്ച ഈ ലോണുകൾ എല്ലാം ഒരു ദിവസം കൊണ്ട് മുഖം കറുപ്പിച്ചു...!!

റെന്നി ന്യൂസിലന്റിൽ പഠിക്കാൻ പോവാ... 2 കൊല്ലത്തേക്ക്... എന്തായാലും അവനോട് ചോദിച്ചു നോക്കാം. ചോദിച്ചപ്പോൾ അവൻ പറഞ്ഞു പപ്പാ, ഇത്രയും Experience ഇല്ലെ പപ്പക്ക്, പുതിയ ജോലി കിട്ടാതിരിക്കില്ല. മാത്രമല്ല ഞാൻ earn ചെയ്തത് വച്ചാണ് ഞാൻ പോകുന്നെ... വേറൊന്നും ഇല്ല... എന്തോ വെട്ടി പിടിച്ചതിന്റെ സന്തോഷത്തിൽ അവൻ പറഞ്ഞു സോറി പപ്പാ..

Its ok dear

ഞാൻ പറഞ്ഞു.

Laser Treatment നു വേണ്ടി മൂന്നര ലക്ഷം കൊടുത്ത സോജിമോളുടെ അടുത്ത് ചോദിച്ചാൽ ഇതേ ഉത്തരമായിരിക്കും എന്നറിയാവുന്നതു കൊണ്ട് ഞാൻ ചോദിച്ചില്ല.

ഇതെല്ലാം ആലോചിച്ച് നടക്കുമ്പോഴാണ് എന്നെ ലോറി ഇടിച്ചത്. ബോധം വന്നപ്പോൾ കാൽ എടുത്ത് മാറ്റിയിരുന്നു. റെന്നിയും, സോജിയും മുന്നിലുണ്ട്, പിന്നെ എന്റെ കൂടെ ഓഫീസിൽ ജോലി ചെയ്ത് ഷുക്കൂറും. ആരുടെ മുഖത്തും സന്തോഷമില്ലായിരുന്നു. കാൽ പോയി എന്ന വാസ്തവം ഞാൻ മനസ്സിലാക്കിയപ്പോൾ, അവരുടെ മുഖത്തെ സന്തോഷമില്ലായ്മ എനിക്ക് മനസ്സിലായി. ഒരു നിസംഗഭാവത്തോടെ ഞാൻ കിടന്നു.

എനിക്ക് ബോധം തെളിഞ്ഞ് അര മണിക്കൂറിനുള്ളിൽ മിനു എന്നെ വിളിച്ചു. അവൾ ഒരുപാട് കരഞ്ഞു.

പിന്നീടുള്ള ദിവസങ്ങളിൽ അവളുടെ കരച്ചിൽ, വാക്കുകളായി മാറി. അവൾ സംസാരിച്ചു

ഞാൻ ഡോക്ടറോട് സംസാരിച്ചു. വെപ്പുകാൽ വയ്ക്കണം. നല്ലൊരു കാലിന് 5 ലക്ഷം രൂപ മതി. നമുക്ക് അതു വയ്ക്കാം അലക്സ്... ഞാൻ അങ്ങോട്ട് വരാത്തത് അലക്സിനെ ഈ അവസ്ഥയിൽ കാണാൻ കഴിയാത്തതുകൊണ്ടാ...

ഞാൻ പറഞ്ഞു

മിനു, കുഴപ്പമില്ല നീ എല്ലാം കഴിഞ്ഞിട്ട് വന്നാൽ മതി, പക്ഷെ എന്റെ കൈയിൽ പണം ഇല്ല... 5 ലക്ഷം എടുക്കാൻ... നീ ഒന്ന് അയച്ച് താ..

അവൾ പിന്നീട് വിളിക്കാം എന്ന് പറഞ്ഞ ഫോൺ വച്ചു. ഒരു അരമണിക്കൂറിനുള്ളിൽ അവൾ വീണ്ടും വിളിച്ചു.

മിനു ആ അലക്സ്, ഇപ്പൊ എന്റെ കൈയിലും ഉണ്ടാവില്ല.... Colleagues നോട് ചോദിക്കാൻ മടി... 5 ലക്ഷം എടുക്കാൻ ഇല്ല എന്ന് പറഞ്ഞാൽ... അലക്സിന് എങ്ങനെയെങ്കിലും arrange ചെയ്യാൻ പറ്റുമോ, അല്ലെങ്കിൽ അലക്സ് നമുക്ക് ലോൺസ് എല്ലാം Handle ചെയ്യണ്ടെ. ഇത്രയും കാലം അലക്സ് അല്ലേ നോക്കിയത്, Now I will take care of it; ഞാൻ 6 മാസത്തിനുള്ളിൽ വരില്ലേ Alex....... then we will see

മാസങ്ങൾ ഓരോന്നായി കടന്നു പോയി. മിനുവും, മക്കളും അല്ലാതെ എനിക്ക് കുറെ കാലമായി ആരോടും അടുപ്പമുണ്ടായിരുന്നില്ല, പണ്ട് ഉണ്ടായിരുന്നു കൂട്ടുകാർ... ഇപ്പോൾ അവർ എവിടെ ആണെന്നുപോലും അറിയില്ല. എഫ് ബിയിൽ പോലും 25 ഫ്രണ്ട്സുള്ള ഞാൻ ആരോട് സഹായം ചോദിക്കും. എന്റെയും മിനുവിന്റേയും പ്രണയ വിവാഹമാണ്. അതുകൊണ്ട് ഞങ്ങൾ പ്രണയിച്ചിരുന്ന കാലത്ത് എന്റെ ഏറ്റവും അടുത്ത സുഹൃത്ത് അവൾ തന്നെയാണ്. അന്നു തൊട്ടെ അവളുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും എന്റേയും കൂടെ ആയിരുന്നു. അവൾ ബ്യൂട്ടിപാർലറിൽ പോകുന്നതും, പുതിയ ഡ്രസ്സ് മേടിക്കുന്നതും എല്ലാം എന്റെയും കൂടെ ആഗ്രഹങ്ങളായിരുന്നു, ആവശ്യങ്ങളായിരുന്നു. എന്റെ ആഗ്രഹങ്ങൾ രണ്ടാമതായിരുന്നു എന്നും....

എനിക്ക് പണം ഉള്ളപ്പോൾ അവൾ എനിക്ക് മേടിച്ച് തന്ന കാർ, വാച്ച്മാൻ എനിക്ക് വേണ്ടി കൊടുത്ത ഓട്ടോ കാശ്, കുട്ടികൾ മേടിച്ചു തന്ന five star buffet..... എല്ലാം എത്തിപിടിക്കാൻ പറ്റാ

ത്ത അത്ര ഉയരത്തിലായി എനിക്ക് തോന്നി...!!

വളരെ വിചിത്രമായൊരു രീതിയാണ് ഈ Society യിൽ.....പണം ഉള്ളവനെ പണം കൊടുത്ത് സഹായിക്കാൻ ഒരുപാട് പേരുണ്ട്. അതില്ലാത്തവനെ സഹായിക്കാൻ വിരലിൽ എണ്ണാവുന്നവരും....!! പണ്ടൊക്കെ സ്നേഹത്തിനോടാണ് ആളുകൾക്ക് Posassiveness, എനിക്ക് തോന്നുന്നു അത് ഇപ്പോൾ പണത്തിനോടാണ്....!

ഈ ബാൽക്കണിയിൽ ഇരുന്ന് ഞാൻ ഇതെല്ലാം ഓർക്കുന്നു. രണ്ടു ദിവസം കഴിഞ്ഞാൽ എനിക്ക് വെപ്പ് കാൽ വരും, നീണ്ട മാസങ്ങൾക്കു ശേഷം.... സന്തോഷം ഒന്നുമില്ല....ശരിക്കുള്ള കാലൊന്നും അല്ലല്ലോ...!! പക്ഷെ ഒന്നുണ്ട് എന്റെ ഒരു കാലിന്റെ ഡബിൾ റോൾ കളി അവസാനിക്കും....!!

ഒരു കൈമാറ്റ വസ്തു സൃഷ്ടിച്ച മായാവലയത്തിൽ കുടുങ്ങി പോകാതിരുന്നത് എന്റെ ദൗർഭാഗ്യം, എന്റെ ഏറ്റവും വലിയ തെറ്റ്....അങ്ങനെ ആയിരുന്നെങ്കിൽ ഞാൻ എന്നെ തന്നെ കൂടുതൽ സ്നേഹിച്ചേനെ.

എന്റെ പണം.... നിന്റെ പണം എന്ന വേർതിരിവ് സൃഷ്ടിച്ച സമൂഹമേ ഞാൻ ഇതാ നിന്റെ മുന്നിൽ കീഴടങ്ങുന്നു...

അതും എനിക്ക് വേണ്ടി അല്ല.

എന്റെ പ്രിയപ്പെട്ടവരെ കൂടെ നിർത്താൻ വേർപാടുകളെ ഒഴിവാക്കാൻ ... ഞാൻ ഇതാ മനസ്സിൽ മന്ത്രിക്കുന്നു.

പണം എന്ന സത്യം
പണം എന്ന വികാരം
പണം എന്ന മനുഷ്യൻ


## ചൈത്രം

● മാനസിക സംഘർഷമനുഭവിക്കുന്നവർ ● ഏകാന്തതയനുഭവിക്കുന്നവർ ● ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ ●നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ

നേരിട്ടും ഫോണിലും ബന്ധപ്പെടാം; 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**


# വിശേഷദിവസങ്ങൾ

## 2016 ഏപ്രിൽ17 മുതൽ മെയ് 14 വരെ

| | | |
|---|---|---|
| ഏപ്രിൽ | 17 | തൃശ്ശൂർ പൂരം |
| | 19 | മഹാവീർജയന്തി |
| | 22 | ഭൗമദിനം, ഹനുമജ്ജയന്തി |
| | 23 | സ്വാതിതിരുനാൾ ജയന്തി, പത്താമുദയം |
| | 24 | സത്യസായി സമാധിദിനം |
| | 27 | വരാഹവതാരം |
| മെയ് | 1 | മെയ്ദിനം, ബലരാമജയന്തി |
| | 3 | കരയോഗവിഘ്നേശ്വരക്ഷേത്ര പ്രതിഷ്ഠാദിനം |
| | 5 | മത്സ്യാവതാരം |
| | 7 | വൈശാഖമാസാരംഭം |
| | 8 | ലോകറെഡ്ക്രോസ് ദിനം, ചിന്മയാനന്ദ ജയന്തി |
| | 9 | അക്ഷയതൃതിയ, ബലഭദ്രാവതാരം |
| | 11 | ശ്രീശങ്കരജയന്തി |

# പുനർജ്ജനി



മൃണാളിനി

രാവിലെ കുളിച്ചുതൊഴുന്നത് ഒരു ദിന ചര്യയായിരുന്നു. അത് അമ്മിണിക്കുട്ടിയെ കാണാൻ വേണ്ടി മാത്രമല്ല കാവിലമ്മയെ തൊഴാൻ കൂടി വേണ്ടിയായിരുന്നു. തനിക്ക് നിറവേറ്റാൻ ഒരു പാട് നേർച്ചകളുണ്ടായിരുന്നു. എം കോം കഴിഞ്ഞ് തനിക്കൊരു തൊഴിൽ അനിയത്തിയുടെ വിവാഹം, എന്നിട്ട് അമ്മിണിക്കുട്ടിയെ താലിചാർത്തൽ.

ഓർമ്മ വച്ച നാൾ മുതലള്ളതാണ് കാവിലെ കുളിച്ചു തൊഴൽ. കൂട്ടിന് അനിയത്തി രാധമണിയും അവളുടെ കൂടെ അമ്മിണിക്കുട്ടിയും കാണും. അന്നൊക്കെ നന്നെ കുട്ടികളായിരുന്നു. വൈകാരിക ലോകത്തിന്റെ സീമകളിൽപ്പോലും എത്തിയിട്ടില്ലായിരുന്നു. തങ്ങൾ രണ്ടു പേരും മുതിർന്ന കുട്ടികളും രാധാമണി നന്നെ കൊച്ചനുജത്തിയും. അമ്മിണിക്കുട്ടിക്ക് അസൂയയോ അഹന്തയോ തൊട്ടുതീണ്ടിയിട്ടില്ല. അമ്മിണിക്കുട്ടിയുടെ ഒരു കൈയ്യിൽ എണ്ണപ്പാത്രത്തിൽ കാച്ചിയ എണ്ണയും മറ്റെ കൈയ്യിൽ വലിയൊരു പാത്രം താളിയും കാണും. അത് രാധാമണിയുമായി പങ്കുവയ്ക്കാനാണ്. തന്റെ കൈയ്യിൽ ഓലപ്പന്ത് കാണും. അത് എറിഞ്ഞു കളിച്ച് മുമ്പേ ഓടും. അപ്പുണ്ണ്യയേട്ടാ അമ്മിണിക്കുട്ടി നീട്ടി വിളിക്കും. അവൾക്ക് വേലിപ്പത്തലിലിരിക്കുന്ന ഓന്തിനേയും, നിലത്തിഴയുന്ന അരണയേയും ഭയമാണ്. അവളെ അങ്ങിനെ പേടിപ്പെടുത്തുന്നതിൽ ഒരു രസം തോന്നാറുണ്ട്.

എന്താണ് അമ്മിണിക്കുട്ടിയും താനുമായുള്ള ബന്ധമെന്നോ? അതൊരു കഥയാണ്. തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കത്തിൽ അമ്മിണിക്കുട്ടിയുടെ തറവാടിന്റെ മുറ്റത്ത് ഒരു കൈക്കുഞ്ഞ് വന്നടിഞ്ഞു. അന്നത്തെ കാരണവർ ആ കുഞ്ഞിനെ രക്ഷിച്ചെടുത്തു. തന്റെ മക്കളുടെ കൂടെ വളർത്തി. പ്രായമായപ്പോൾ അവന് കാര്യസ്ഥന്റെ സ്ഥാനം നൽകി. അവന്റെ കർമ്മ കുശലതയിൽ തൃപ്തനായ കാരണവർ അവന് പാടത്തിനക്കരെ നല്ലൊരു ചെറിയ വീടും അല്പം നിലവും കൊടുത്തു. അവിടെ അയാൾ ഗൃഹസ്ഥനായി ജീവിച്ചു. അതാണ് അപ്പുണ്ണിയുടെ മുതുമുത്തച്ഛൻ.

കാരണവർ ജീവിച്ചിരുന്നിടത്തോളം കാലം അദ്ദേഹത്തിന്റെ കാര്യസ്ഥൻ തന്റെ കാര്യസ്ഥപ്പണിയും ഒപ്പം തന്റെ കൃഷിയും നടത്തിപ്പോന്നു. കാരണവരും അയാളും തമ്മിൽ അഭേദ്യബന്ധമുണ്ടായിരുന്നു. ഒടുവിൽ കാരണവർ മരിച്ചു, കാര്യസ്ഥനു വയസ്സായി. അയാൾ സ്വന്തം മക്കളെ കുടുംബഭാരമേല്പിച്ചു. കാര്യസ്ഥന്റെ മക്കൾ അച്ഛന്റെ നിർദ്ദേശമനുസരിച്ച് കുറെ കാലം പഴയ തറവാടിന്റെ ഗതിവിഗതികളിൽ ആത്മാർത്ഥമായി പങ്കു ചേർന്നു. പക്ഷേ അവരുടെയും മക്കളുടെ കാലമായപ്പോൾ സ്വന്തം താല്പര്യങ്ങളിൽ മുഴുകി അവർ കൃഷിയുടെയും വ്യാപാരത്തിന്റെയും നാനാ തുറകളിൽ വ്യാപൃതരായി.

അമ്മിണിക്കുട്ടിയുടെ തറവാട്ടിലാകട്ടെ ഒരു പാട് സാമ്പത്തിക മാറ്റങ്ങൾ സംഭവിച്ചു. വളർന്നു വരുന്ന പെൺമക്കളുടെ വിവാഹഘോഷങ്ങളും ഇരുപത്തെട്ടുകെട്ടും, ചോറൂണും ഒക്കെയായി തറവാടിന്റെ അടിത്തറ തന്നെ കാലക്രമത്തിൽ തകർന്നു. അപ്പുണ്ണിയുടെ വീട്ടുകാർ സാമ്പത്തികമായി ഉയർന്നു. അമ്മിണിക്കുട്ടിയാകട്ടെ പഴയ പ്രതാപം മങ്ങിയ ഓർമ്മകളിൽ തൂങ്ങി ഒരു വിധം മുന്നോട്ടു പോയി.

വളർന്നു വരും തോറും അപ്പുണ്ണിക്ക് അമ്മിണിക്കുട്ടി തന്റേതെന്ന ചിന്തയായിരുന്നു.അമ്മിണിക്കുട്ടിയുടെ അമ്മ മരിച്ചു പോയി. അച്ഛൻ വേറെ വിവാഹം കഴിച്ചു. അവർ ദൂരെയെവിടെയോ ആണ്. അമ്മയുടെ വിവാഹം കഴിക്കാത്ത സഹോദരിയാണ് വളർത്തിയത്. അവർക്ക് അപ്പുണ്ണിയെ കാര്യമായിരുന്നു. പക്ഷേ തറവാടി

ന്റെ അപ്പോഴത്തെ കാരണവർ അമ്മിണിക്കുട്ടിയുടെ അമ്മാവനായിരുന്നു. വലിയമ്മായിയുടെതായിരുന്നു ഭരണം. ജീർണ്ണിച്ചതെങ്കിലും തല ഉയർത്തി നിൽക്കുന്ന പാരമ്പര്യ മഹിമയിലായിരുന്നു അവരെല്ലാം ജീവിച്ചിരുന്നത്.

അമ്മിണിക്കുട്ടിയുടെ കഴുത്തിൽ കറുത്ത ചരടിൽ കോർത്ത ഒരു സ്വർണ്ണത്തകിട് മാത്രമേ ഉണ്ടായിരുന്നുള്ളു. വലിയമ്മായിക്ക് ധാരാളം ആഭരണങ്ങൾ ഉണ്ടായിരുന്നു. അപ്പുണ്ണി അടുക്കള വഴിയാണ് അമ്മിണിക്കുട്ടിയുടെ വീട്ടിൽ കയറുക. ചെറിയമ്മ സ്വീകരിച്ചിരുത്തി ചായയും പലഹാരങ്ങളും നൽകും. ഉമ്മറത്തിരിക്കുന്ന കർക്കശ സ്വഭാവിയായ അമ്മാവന്റെ മുമ്പിൽ അപ്പുണ്ണി ചെല്ലാറില്ല.

അപ്പുണ്ണിയും അമ്മിണിക്കുട്ടിയും ഒന്നിച്ചാണ് സ്ക്കൂളിൽ പോകാറ്. കൂടെ തലമുടി രണ്ടു വശത്തും മെടഞ്ഞ് റിബണിട്ട് കെട്ടി തോൾ ബാഗുമായി രാധാമണിയും കാണും.അപ്പുണ്ണി അമ്മിണിക്കുട്ടിയെക്കാൾ ഒരു ക്ലാസിനു മീതെയായിരുന്നു. പ്രീഡിഗ്രി കഴിഞ്ഞപ്പോൾ അമ്മിണിക്കുട്ടിയുടെ പഠിത്തം വീട്ടുകാർ നിർത്തി. അവൾക്ക് പഠിക്കാൻ കഴിവില്ലാഞ്ഞിട്ടല്ല. അവരുടെ വീട്ടിലെ യാഥാസ്ഥിതികത്വത്തിന്റെ അധിനിവേശത്തിൽ അവളുടെ പഠനമോഹം ഹോമിക്കപ്പെട്ടു.

അവളുടെ നൊമ്പരങ്ങൾക്കെല്ലാം മൂക സാക്ഷിയായി അപ്പുണ്ണി മാത്രമുണ്ട്. പതിവായി കുളക്കടവിലേക്കുള്ള യാത്രയിൽ രാധാമണിയായിരുന്നു അവർക്കുള്ള കവചം. ഒരിക്കൽപ്പോലും പ്രണയവാക്യങ്ങൾ ഉതിർത്തിട്ടില്ല. യൗവനത്തിന്റെ കുതിപ്പിന്റെ പടഹധ്വനി അറിഞ്ഞിട്ടില്ല. പഴയ ഓലപ്പന്തിന്റെ സ്ഥാനത്ത് അപ്പുണ്ണി ഒരു കപ്പന്തണ്ട് ചുഴറ്റിയാണ് നടക്കുക. കാരണം ഇഴജന്തുക്കളെ അമ്മിണിക്കുട്ടിക്ക് ഇപ്പോഴും പേടിയാണ് . അവർ തമ്മിൽ അധികം സംസാരിക്കാറില്ല. മൗനത്തിന്റെ ഈറ്റുനോവിൽ അവർ പറയാതെ തമ്മിൽ വാചാലരായി.

സാമ്പത്തികമായി ഉയർന്ന അപ്പുണ്ണിയുടെ വീട് പുതിയതായി ഉയർന്ന രണ്ടു നില വീടായി. നിലം പകുതിയിലധികം നികത്തി തെങ്ങിൻ തോപ്പാക്കി. പുതിയ തെങ്ങിൻ തോപ്പുകൾ വാങ്ങിച്ചു. അങ്ങാടിയിൽ കടമുറികൾ വാങ്ങി.കച്ചവടം ചെയ്തു. കൊപ്ര ആട്ടുന്ന മില്ലു സ്ഥാപിച്ചു. അപ്പുണ്ണിയുടെ സഹോദരൻമാരെല്ലാം കച്ചവടക്കാരായി. എന്നിട്ടും സാമൂഹികമായി അവർ അമ്മിണിക്കുട്ടിയുടെ കുടുംബത്തെക്കാൾ താഴ്ന്നവരായിരുന്നു.

അപ്പുണ്ണിയോടുള്ള വാത്സല്യം മൂലമാണ് അവർ അയാളെ പഠിക്കാനായി ഉഴിഞ്ഞുവച്ചത്. അയാൾ ബി. കോം കഴിഞ്ഞ് എം കോംമിനു ചേർന്നു. അപ്പോഴും കാവിൽ കുളിച്ചു തൊഴുന്ന ദിനചര്യ തുടർന്നു വന്നു. അവരുടെ സമ്മേളനം രാധാമണിക്കു മാത്രമറിയാമായിരുന്ന രഹസ്യമായിരുന്നു. ദിവസങ്ങൾ മുമ്പോട്ടൊഴുകി. ഒരു ദിവസം കുളിക്കാൻ വന്ന അമ്മിണിക്കുട്ടിയുടെ കണ്ണ് നിറഞ്ഞിരുന്നു. അന്ന് പതിവില്ലാതെ അപ്പുണ്ണി അവളെ നിർത്തി വിവരമാരാഞ്ഞു. അവൾ ഒന്നും മിണ്ടാതെ സ്ത്രികളുടെ കുളപ്പുരയിലേക്കു പോയി. അന്ന് അപ്പുണ്ണി മനസ്സംഘർഷത്തോടെയാണ് കാവിൽ തൊഴുതത്.

തിരിച്ചു പോരുമ്പോൾ അമ്മിണിക്കുട്ടി മുമ്പേ നടന്നു പോയി. അപ്പുണ്ണി രാധാമണിയോട് ചോദിച്ചു. നിനക്കറിയ്യോ അവൾ എന്തിനാണ് കരഞ്ഞതെന്ന്? അമ്മിണിചേച്ചിയെ കെട്ടാൻ ഒരാളു വരുന്നൂന്നാ പറഞ്ഞത്. പിറ്റേന്ന് അമ്മിണിക്കുട്ടിയോട് നേരിട്ട് ചോദിച്ചു. അവൾ വിതുമ്പി. രണ്ടാം വിവാഹക്കാരനായ ഒരു മദ്ധ്യവയസ്കനാണ് വരൻ. അന്ന് അപ്പുണ്ണി ചിന്താവിഷ്ടനായി. അയാൾ മദ്ധ്യവയസ്കനും രണ്ടാം വിവാഹക്കാനുമായതു കൊണ്ടാണോ അവൾക്ക് എതിർപ്പ്? വാസ്തവത്തിൽ അവൾക്ക് തന്നോട് താത്പര്യമുണ്ടോ? എങ്ങിനെ അറിയും.

അപ്പുണ്ണി തന്റെ മൂത്ത ജ്യേഷ്ഠന്റെ ഭാര്യയോട് ചോദിച്ചു. അവളുടെ മനസ്സറിയാൻ എന്താണ് മാർഗ്ഗം? അവർ സഹായിക്കാമെന്ന് ഏറ്റു. പിറ്റേന്ന് കുളക്കടവിൽ പോകുമ്പോൾ അപ്പുണ്ണി അവളോട് പറഞ്ഞു. ഏട്ടത്തിയമ്മയ്ക്ക് നിന്നെ കാണണോന്ന്. തിരച്ചു പോകുമ്പോൾ വേലിപ്പടർപ്പിൽ പിടിച്ചുകൊണ്ട് ഏട്ടത്തിയമ്മ നിന്നിരുന്നു. അവർ അമ്മിണിക്കുട്ടിയെ മാറ്റിനിർത്തി രഹസ്യമായി പലതും ചോദിച്ചു. അവൾ നിന്നു വിതുമ്പുന്നതു കണ്ടു. ഏട്ടത്തിയമ്മ തിരിച്ചു വന്ന് അപ്പുണ്ണിയോട് പറഞ്ഞു നീ ധൈര്യമായി കൂട്ടിക്കൊണ്ടു വന്നോളിൻ.

വിഷയം ജ്യേഷ്ഠൻമാരോടവതരിപ്പിക്കപ്പെട്ടു. അവരും യോജിച്ചു. പക്ഷേ അപ്പുണ്ണിയോട് ചോ

ദിച്ചു. നീ ചെന്നു വിളിച്ചുച്ചാൽ ഓള് വരണോന്നുണ്ടോ? അപ്പുണ്ണി സങ്കോചം പൂണ്ടു. മൂത്ത ജ്യേഷ്ഠൻ വീണ്ടും പറഞ്ഞു നീ ആദ്യം ഓളെക്കണ്ട് വിളിച്ചിറക്കിയാൽ വരുമോന്നു ചോദിക്ക്. അല്ല ചേട്ടാ നമുക്കാദ്യം ആലോചനയുമായിപ്പോവാം. മറുപടി കേട്ടിട്ടല്ലേ വിളിച്ചിറക്കലും മറ്റും. രണ്ടാമത്തെയാൾ പറഞ്ഞു പക്ഷേ നമ്മൾ തയ്യാറെടുത്തു പോണം എനിക്കാ വല്യമ്പ്രാനെ ശരിക്കറിയാം മൂത്ത ജ്യേഷ്ഠൻ പറഞ്ഞു.

അങ്ങിനെ അപ്പുണ്ണി വീണ്ടും അമ്മിണിക്കുട്ടിയുടെ തറവാടിന്റെ അടുക്കള വീട്ടിലെത്തി. ചെറിയമ്മ വാതില്ക്കൽ കാലും നീട്ടിയിരുന്നിരുന്നു. അമ്മിണിക്കുട്ടി അകത്തെ വാതിക്കൽ ചാരിനിന്നു. അപ്പുണ്ണി വിവരമെല്ലാം പറഞ്ഞ് അവളോട് ചോദിച്ചു. ഞാൻ വിളിച്ചാൽ ഇറങ്ങി വരുമോ നീ? അമ്മിണിക്കുട്ടി പതുക്കെ തലയാട്ടി. അവളുടെ മുഖത്ത് ഭയം നിഴലിട്ടിരുന്നു. അങ്ങനെ തലയാട്ടിയാൽ പോരാ. തെളിച്ച് പറയ്. അവൾ ചെറിയമ്മയുടെ മുഖത്തു നോക്കി. പറയൂ കുട്ടി, അവർ പ്രോത്സാഹിപ്പിച്ചു. ഞാൻ വന്നോളാം അവൾ ഇടറിയ ഒച്ചയിൽ അറിയിച്ചു.

അപ്പുണ്ണിയുടെ അമ്മക്ക് അറുപത്തഞ്ചു വയസ്സായി. കണ്ണിനു മൂടൽ വന്നു. ചെവി ശരിക്കും കേൾക്കില്ല. എങ്കിലും അമ്മയെ ചെന്നു കണ്ടു. കാലുതൊട്ടു തൊഴുതു. എങ്ങടാ ഉണ്ണീ നീ പോണത്? വൃദ്ധ വ്യർത്ഥമായി ചോദിച്ചു. ഒക്കെണ്ട് അമ്മേ. ഞാൻ ഒരാളെ കൂട്ടിക്കൊണ്ടു വരാം. വൃദ്ധ എന്തു മനസ്സിലാക്കിയോ എന്തോ തലയിൽ കൈവച്ച് അനുഗ്രഹിച്ചു.

അപ്പുണ്ണിയും ജ്യേഷ്ഠൻമാരും അറയ്ക്കൽ വീടിന്റെ പൂമുഖത്തളത്തിൽ കയറിച്ചെന്നു. ഊം എന്താ എല്ലാവരും കൂടി? വലിയമ്മാവൻ ചോദിച്ചു. അവർ തിണ്ണയിൽ ഇരുന്നു. വല്ല്യേട്ടൻ മുഖവുരയില്ലാതെ പറഞ്ഞു. ഞങ്ങൾ അമ്മിണിക്കുട്ടിയെ പെണ്ണുചോദിക്കാൻ വന്നതാണ്. അമ്മാവൻ ഒരു നിമിഷം രൂക്ഷമായി നോക്കി. പെട്ടെന്ന് തിരിഞ്ഞ് അകത്തേക്ക് നോക്കി പറഞ്ഞു. ആരൂല്യേ ഇബ്ടെ. കുറച്ച് വിശിഷ്ടാതിഥികൾ വന്നിരിക്കുന്നു. കസാലയിട്ട് കൊടുക്കിൻ. വല്യമ്മായി വാതിക്കൽ വന്നു. ഇരിക്കുന്നവരെയെല്ലാം വീക്ഷിച്ചു. അമ്മാവൻ തുടർന്നു. നമ്മുടെ കാര്യസ്ഥൻ രാമന്റെ കൊച്ചു മക്കളെ, ബന്ധം സ്ഥാപിക്കാൻ വന്നിരിക്കുകയാ സൽക്കരിക്കണ്ടേ?

പിന്നീട് അവരോട് പറഞ്ഞു നിങ്ങൾക്ക് ജാതിയോ ഊരോ പേരോ ഉണ്ടോ? എവനെന്താ ജോലി, ജാതി, ഇവടെത്തെ പൊയ്പോയ കാരണവർ ഇട്ടു തന്നതാണ്. “നമ്മളാരും ജാതിയും കൊണ്ടല്ലല്ലോ ജനിക്കുന്നത് പിന്നെ ജോലി. അവൻ ഫൈനൽ എം കോമിന് പഠിക്കുകയാണ്. ജോലിയൊക്കെ കിട്ടിക്കോളും.” “അപ്പോൾ കൂലില്ല്യ വേലേല്ല്യ. കുടുംബ മഹിമ അപാരം. നെനക്കൊക്കെ എങ്ങനെ ധൈര്യം വന്നൂടാ ഇവിടെ വന്നു പെണ്ണു ചോദിക്കാൻ” അമ്മാവൻ കയർത്തു.

മൂത്ത ജ്യേഷ്ഠൻ പറഞ്ഞു. ഇനി പറഞ്ഞു നിന്നിട്ട് കാര്യമില്ല. അവളെ വിളിക്ക്. അപ്പുണ്ണി ഉറക്കെ വിളിച്ചു. വാതില്ക്കൽ കാൽ പെരുമാറ്റം ഭയചകിതമായ മുഖത്തോടെ അമ്മിണിക്കുട്ടി ഇറങ്ങി വന്നു. കയറിപ്പോടി അകത്ത്! വലിയമ്മാവൻ അലമുറയിട്ടു. ഞെട്ടിക്കരഞ്ഞുകൊണ്ട് അവൾ അകത്തേക്കോടി. വലിയമ്മാവനും പിറകെ അകത്തേക്കു പോയി. വലിയ പിച്ചള വാതിൽ ചേർത്തടഞ്ഞു. അവർ ഇതികർത്തവ്യഥാമൂഢരായി നിന്നു. പതുക്കെ തിരിച്ചു പോന്നു.

അമ്മിണിക്കുട്ടി വീട്ടുതടങ്കലിലായി. കുളിക്കാൻ കിണറ്റിനരികത്ത് മറച്ചുകെട്ടിയ കുളിപ്പുര മതി എന്നു നിശ്ചയിച്ചു. അമ്മിണിക്കുട്ടി ചെറിയമ്മയുടെ മാറത്തു കിടന്നു തേങ്ങി. നെനക്ക് പൊയ്ക്കോളായിരുന്നില്ലേ? അവർ അടക്കത്തിൽ ചോദിച്ചു. അമ്മിണിക്കുട്ടിയുടെ വരൻ പെണ്ണു കാണാൻ വന്നു. നേരിയ കഷണ്ടിയും കുടവയറുമായി എണ്ണമെഴുക്കിന്റെ കറുപ്പുള്ള ഒരാൾ. നിശ്ചയത്തിനുള്ള തീയതിയും കുറിച്ചു. വിവരങ്ങളെല്ലാം വലിയ വീട്ടിലെ ജോലിക്കാരി പാറുവമ്മ അപ്പുണ്ണിയുടെ വീട്ടിൽ അറിയിച്ചു കൊണ്ടിരുന്നു.

അവർ ഒരു പ്ലാൻ തയ്യാറാക്കി. നിശ്ചയത്തിനു രാവിലെ അമ്മിണിക്കുട്ടിയെ എന്തായാലും കാവിൽ തൊഴാൻ കൊണ്ടുവരാതിരിക്കില്ല. അപ്പോൾ കാറുമായിച്ചെന്ന് അവളെ തട്ടിക്കൊണ്ടു പോരുക. സംഘബലത്തിന് ഒരു ജീപ്പിൽ അവരുടെ ജോലിക്കാർ നാലു പേരെയും കൂട്ടണം.

നിശ്ചയിച്ച ദിവസം അടുത്തു. അമ്മിണിക്കുട്ടി പൂജാമുറിയിലിരുന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു. ഒരു ദൈവവും അവളുടെ വിളി കേൾക്കുന്നതാ

യി തോന്നിയില്ല. അപ്പുണ്ണി എന്നും കുളിക്കടവിലും, കാവിലും അവളെ വ്യർത്ഥമായി തിരഞ്ഞു. പക്ഷെ അവൾ വീട്ടുതടങ്കലിലാണ് എന്നറിഞ്ഞു.

നിശ്ചയ ദിവസം രാവിലെ അപ്പുണ്ണിയുടെ സംഘം കാവിലേക്കുള്ള തിരിവിൽ കുറ്റിച്ചെടികൾക്ക് മറവിലായി തമ്പടിച്ചു. അപ്പോൾ കുളക്കരയിൽ ഒരാരവം. ആളുകൾ ഓടിക്കൂടുന്നു. അപ്പുണ്ണി വെപ്രാളപ്പെട്ടു കുളത്തിനടുത്തെത്തി. ശവം പൊന്തി ആരോ പറഞ്ഞു. അവൻ ആളുകളെ വകഞ്ഞു മാറ്റി മുന്നിലെത്തി. അമ്മിണിക്കുട്ടിയുടെ മൃതശരീരം കുളക്കടവിൽ കയറ്റി കിടത്തിയിരിക്കുന്നു.അവൻ ഒന്നേ നോക്കിയുള്ളൂ. വേച്ച് വേച്ച് നടന്ന് ആൽത്തറയിൽ പോയിരുന്നു. എന്നാലും അവൾ ഒരു ദിവസം കൂടി കാത്തരിന്നില്ലല്ലോ കാവിലമ്മേ, ഈ ചതി എന്നോട് വേണമായിരുന്നോ. അവന് ഒരു തുള്ളി കണ്ണീര് വന്നില്ല. മനസ്സിൽ നിസംഗത്വമായിരുന്നു.

കാലം പിന്നേയും മുന്നോട്ട് പോയി. അമ്മിണിക്കുട്ടി എല്ലാവർക്കും പഴയ ഓർമ്മയായി, അപ്പുണ്ണിക്കൊഴിച്ച്. അവൻ എന്നും കുളത്തിന്റെ പടവിൽ വന്നിരിക്കും. അപ്പുണ്ണ്യേട്ടാ അമ്മിണിക്കുട്ടി വിളിക്കുന്നുണ്ടോ? ഒരിക്കലും ആ വിളി കേൾക്കാതായി. കാവിൽ പോക്ക് പണ്ടേ നിർത്തി. വിളിച്ചാൽ വിളികേൾക്കാത്ത ഭഗവതി. അമ്മിണിക്കുട്ടിയുടെ തെറ്റാണോ അവൾക്ക് പ്രത്യാശയുടെ തിരിനാളം കൊടുക്കാൻ കഴിഞ്ഞില്ല. എങ്കിലും അവൾ ഈ കടുകൈ ചെയ്തു കളഞ്ഞല്ലോ. അപ്പുണ്ണിയുടെ ഉള്ളം എരിയുന്ന കനലായിരുന്നു. എം കോം കഴിഞ്ഞിട്ടും ജോലിക്കൊന്നും ശ്രമിക്കാതെ വീട്ടിൽ ചടഞ്ഞുകൂടിയിരിക്കുന്ന അപ്പുണ്ണിയെ ജ്യേഷ്ഠൻമാർ ദ്വേഷിച്ചു. അവൻ മറുത്തൊന്നും പറയാതെ മൗനം പൂണ്ടു.

അവൻ ഷേവ് ചെയ്യാതെയായി. കുളി വല്ലപ്പോഴുമായി. ഒരിക്കലും അമ്പലക്കുളത്തിൽ മുങ്ങില്ല. പക്ഷെ അതിന്റെ പടവുകളിലിരുന്ന് അമ്മിണിക്കുട്ടിയെ കിനാവു കാണും. ഈ പടവുകളിൽ, ഈ ജലത്തിൽ അവളുടെ ആത്മാവ് നീന്തിതുടിക്കുന്നില്ലേ? എന്നിട്ടും ഓളങ്ങൾക്കിടയിൽ നിന്നും അവളുടെ മണിനാദം എന്തേ നീട്ടിവിളിക്കാത്തൂ?

ഒടുവിൽ വല്ല്യേട്ടനും ചെറിയേട്ടനും മുൻകയ്യെടുത്ത് അപ്പുണ്ണിയെ ടൗണിലുള്ള ഒരു കോളേജിൽ അദ്ധ്യാപക വൃത്തിയിലാക്കി. എയ്ഡഡ് കലാലയമായ അതിന്റെ ഉടമസ്ഥൻ അവർക്ക് പരിചയമുള്ള ഒരു ഹാജിയാരായിരുന്നു. അപ്പുണ്ണി അങ്ങനെ ബാലകൃഷ്ണൻ എം.കോം ലക്ചററായി.

രാധാമണി വളർന്ന് വിവാഹപ്രായമെത്തി. അന്നൊരിക്കൽ ഒരാലോചന വന്നു. മാറ്റക്കല്ല്യാണം. അതായത് രാധാമണിയെ വരിക്കുന്ന ആളുടെ സഹോദരിയെ അപ്പുണ്ണി വിവാഹം ചെയ്യണം. എനിക്കാവില്ല ഒരു വിവാഹം കഴിക്കാൻ. എന്നെ നിർബന്ധിക്കരുത്. അപ്പുണ്ണി പറഞ്ഞു. പിന്നെ നീ ഇങ്ങനെയിരുന്നു എന്തു ചെയ്യാൻ പോണു. രാധാമണിയുടെ ഭാവിയിൽ നിനക്ക് ചുമതലയൊന്നുമില്ലേ? ജ്യേഷ്ഠൻമാരവനെ ശാസിച്ചു.ജ്യേഷ്ഠത്തിമാർ അവനോട് സമ്മർദ്ദം ചെലുത്തി. പഴേതിന്റെയൊക്കെ ഭാരം പേറി നീ എത്രനാൾ നടക്കും എന്റെ അപ്പുണ്ണി? പോയവര് തിരിച്ചു വര്യോ നീ ആ കുട്ടീടെ ഭാവി ആലോചിക്ക്. നല്ല എൻജിനീയറാ വരൻ. നീ ഒന്നു നിന്നു കൊടുത്താൽ അവളുടെ ഭാവി നന്നാവും . അപ്പുണ്ണി അപ്പോഴും മറുപടി പറഞ്ഞില്ല.

കുളക്കടവിലിരുന്ന് അപ്പുണ്ണി ചോദിച്ചു "ഞാൻ കല്ല്യാണം കഴിക്കട്ടെ അമ്മിണിക്കുട്ടി?" ഏതോ അടക്കാനാവാത്ത ശോകം അയാളുടെ ഉള്ളിൽ തട്ടി. അന്ന് ആദ്യമായി അയാൾ തേങ്ങിക്കരഞ്ഞു. കുറെ നേരം അവിടെ ചിലവിട്ടിട്ട് അയാൾ തിരിച്ചു പോയി. അയാൾ മൂത്ത ജ്യേഷ്ഠത്തിയോട് പറഞ്ഞു എനിക്ക് സമ്മതമാണ്. എല്ലാവരും സംതൃപ്തരായി. പെണ്ണു കാണാൻ രാധാമണിക്കുള്ള വരൻ വന്നു. അപ്പുണ്ണി തിരിച്ചു പോയില്ല. എന്റെ ഒരു ഫോട്ടോ കൊടുത്തയച്ചാൽ മതി. നിനക്ക് പെണ്ണിനെ കാണണ്ടെ? വേണ്ട. അവൻ പിൻവാങ്ങി.

അങ്ങനെ വിവാഹദിവസം അടുത്തു. നീ കാവിലൊന്ന് കുളിച്ച് തൊഴ്. വിവാഹത്തിന്റെ തലേന്ന് ജ്യേഷ്ഠത്തി പറഞ്ഞു. അപ്പുണ്ണി മറുപടി പറഞ്ഞില്ല.

ഗുരുവായൂരിലായിരുന്നു കല്ല്യാണം. വിവാഹത്തിനിടക്കും അപ്പുണ്ണി ദേവകിയെ പാതി കണ്ടതെയുള്ളൂ. ഗോതമ്പിന്റെ നിറം, താലി കെട്ടിയപ്പോൾ സമൃദ്ധമായ മുടി ആരോ പൊക്കിപ്പിടിച്ചു. എല്ലാം നിമിഷങ്ങൾകൊണ്ട് നടന്നപോലെ തോന്നി. എല്ലാം കഴിഞ്ഞപ്പോൾ രാധാമണി

അവരുടെ കാറിൽ ആൺവീട്ടിലേക്കും അപ്പുണ്ണി ദേവകിയേയും വഹിച്ചുള്ള കാറിൽ തന്റെ വിട്ടിലേക്കും വന്നു.

രാത്രി വധു പാലും കൊണ്ടു വരാൻ കാത്തിരുന്നപ്പോൾ അപ്പുണ്ണി ഒരു നിശ്ചയമെടുത്തു. ദേവകി മുറിയിൽ കയറി സങ്കോചത്തോടെ നിന്നു. ഇരിക്കു, അപ്പുണ്ണി പറഞ്ഞു. അവൾ പാൽ ഗ്ലാസ്സ് നീട്ടി. അപ്പുണ്ണി അതു വാങ്ങി ഒരിടത്തു വച്ചു. എനിക്കു സംസാരിക്കാനുണ്ട്. അവൻ പറഞ്ഞു, ദേവകി ആകാംക്ഷയോടെ നോക്കി. പിന്നീട് അവൻ കണ്ണടച്ചിരുന്നു അമ്മിണിക്കുട്ടിയുടെ കഥ മുഴുവൻ അവളോട് പറഞ്ഞു. കണ്ണു തുറന്നപ്പോൾ ദേവകി കുനിഞ്ഞ് കണ്ണുപൊത്തി ക്കരയുന്നു. അവൻ അവളെ ചേർത്തു പിടിച്ചു. കരയിക്കാൻ പറഞ്ഞതല്ല. നീ മറ്റൊരാളിൽ നിന്നും ഇതറിയരുത്. അതുകൊണ്ടാണ് ഞാൻ തന്നെ പറഞ്ഞത്. കരയാതെ അതുകൊണ്ടൊന്നും അവളുടെ ഏങ്ങലടികൾ തീർന്നില്ല. അവൾ കരഞ്ഞു കരഞ്ഞ് അപ്പുണ്ണിയുടെ മാറിൽ വീണുറങ്ങി. അവളെ പതുക്കെ മെത്തയിൽ കിടത്തുമ്പോൾ അപ്പുണ്ണി ഓർത്തു. അവൾ ആർക്കു വേണ്ടിയാണ് കരഞ്ഞത്. അവൾക്കുവേണ്ടിയോ അതോ അമ്മിണിക്കുട്ടിക്കു വേണ്ടിയോ?

പിറ്റേന്ന് രാവിലെ കണ്ണുതുറന്നപ്പോൾ അപ്പുണ്ണി ഞെട്ടി. അമ്മിണിക്കുട്ടി വന്നു മുന്നിൽ നിൽക്കുന്നോ? പുളിയിലക്കരയൻ മുണ്ട്, തോളത്ത് തോർത്ത്, കയ്യിൽ എണ്ണയും താളിയും. അത് ദേവകിയാണെന്ന് ഒന്നു കൂടി നോക്കിയപ്പോൾ മനസ്സിലായി. വരൂ നമുക്ക് കുളിച്ചു തൊഴണ്ടെ? അവൾ പ്രസന്നതയോടെ പറഞ്ഞു. അപ്പുണ്ണി ഒന്നും മനസ്സിലാക്കാനാവാതെ എഴുന്നേറ്റിരുന്നു. വരൂന്നെ അവൾ വീണ്ടും പറഞ്ഞു. ഒന്നും മിണ്ടാതെ അയാൾ അവളെ അനുഗമിച്ചു. ജ്യേഷ്ഠത്തിയമ്മമാർ നോക്കി നിന്നു. ദേവകി ഉത്സാഹവതിയായിരുന്നു. തലേന്ന് രാത്രി കരഞ്ഞ പെണ്ണാണെന്നു തോന്നില്ല.

കുളത്തിനടുത്തെത്തിയപ്പോൾ അപ്പുണ്ണി പറഞ്ഞു പടവുകൾക്ക് വഴുക്കലുണ്ടാകും സൂക്ഷിച്ചോ. ഞാൻ കൂടി വരണോ? ഏയ് എനിക്ക് ശീലാണ്. ഞങ്ങളുടെ നാട്ടിലും കുളമൊക്കെയുണ്ട്. അവൾ പ്രതിവചിച്ചു. അപ്പുണ്ണി കുറെ നാളുകൾക്കു ശേഷം ആദ്യമായി മുങ്ങിക്കുളിച്ചു. അപ്പുറത്തു നിന്ന് അവൾ തുടിച്ചു കുളിക്കുന്ന സ്വരം കേൾക്കാമായിരുന്നു. കുളി കഴിഞ്ഞു ഈറനുടുത്ത് രണ്ടു പേരും അമ്പലത്തിൽ പോയി. കാവിലമ്മയെ നോക്കുവാൻ അപ്പുണ്ണിക്ക് ഉൾക്കിടിലമുണ്ടായിരുന്നു. പക്ഷേ ഭഗവതി തന്നെ നോക്കി പുഞ്ചരിക്കുന്നതായി തോന്നി. തൊഴുത് മടങ്ങുമ്പോൾ അപ്പുണ്ണിയെ ഇലച്ചീന്തിൽ നിന്ന് കുറി തൊടിവിച്ചു കൊണ്ട് ദേവകി വിളിച്ചു അപ്പുണ്ണ്യേട്ടാ അയാൾ കോരിത്തരിച്ചു. അവൾ തുടർന്നു അമ്മിണിക്കുട്ടി എങ്ങും പോയിട്ടില്ല്യ. അവളുടെ ആത്മാവ് എന്റെ ഉള്ളിലുണ്ട്. അവർ ഒന്നിച്ച് തിരിച്ചു നടന്നു.

# അഭിനന്ദനങ്ങൾ



ഭാരതസർക്കാരിന്റെ മിനിസ്ട്രി ഓഫ് മൈൻസ് നൽകുന്ന നാഷണൽ ജിയോ സയൻസ് അവാർഡ് 2014 ന് അർഹനായത് നമ്മുടെ കരയോഗാംഗമായ ഡോ. സി.പി. ഉണ്ണികൃഷ്ണന്റെ മകൻ **ഡോ. കെ.പി. കൃഷ്ണ**നാണ്. ആർട്ടിക് & അന്റാർട്ടിക് മേഘലകളിലെ മഞ്ഞുമലകളിലെ ഗവേഷണ പഠനശാഖയ്ക്ക് നൽകിയ ശ്രദ്ധേയമായ സംഭാവനകൾക്കാണ് പ്രസ്തുത അവാർഡ്. അദ്ദേഹം ഇപ്പോൾ ഭാരതസർക്കാറിന്റെ 'നാഷ്ണൽ സെന്റർ ഫോർ അന്റാർടിക് ഓഷ്യൻ & റിസർച്ച്' (NACAOR) ലെ പോലാർ സയൻസ് വിഭാഗത്തിൽ ശാസ്ത്രജ്ഞനായി പ്രവർത്തിച്ചുവരുന്നു. ഡോ. കെ. പി. കൃഷ്ണന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ നേരുന്നു.

# VARICOSE VEINS

## (സിരകളിലെ തടിപ്പ്, ചുരുളൽ) (സിരാഗ്രന്ഥി)



ഡോ. ദേവിദാസ് വെള്ളോടി






എന്താണ് വെരിക്കോസ് വെയിൻ

അശുദ്ധരക്തം ഹൃദയത്തിലേക്ക് തിരികെയെത്തിക്കുന്ന സിര(Vein) കളിലുണ്ടാകുന്ന തടിപ്പും ചുരുളലും (twisting) ആണ് വെരിക്കോസിറ്റി എന്ന പേരിലറിയപ്പെടുന്നത്. ശരീരത്തിന്റെ ഏത് ഭാഗത്തുള്ള സിരകളിലും ഇത് വരാമെങ്കിലും സാധാരണയായി കാലിലെ സിരകളിലെ തടിപ്പിനേയും (enlargement) ചുരുളലിനെയും (twisting) ആണ് വെരിക്കോസ് വെയിൻ എന്നപേരിൽ പറഞ്ഞു വരുന്നത്. സിരകളിൽ leaflet വാൽവുകൾ എന്ന പേരിൽ രക്തം തിരികെ പോരാതിരിക്കാനായി (താഴേക്ക്) പ്രത്യേക വാൽവുകൾ ഉണ്ട്. കാലിലെ മാംസപേശികൾ സിരകളിൽ മർദ്ദം ചുമത്തി രക്തപ്രവാഹം ഹൃദയത്തിലേക്ക് ത്വരിതപ്പെടുത്തുന്നു. സിരകളിൽ തടിപ്പും ചരുളലും ഉണ്ടായാൽ ഈ വാൽവുകളുടെ പ്രവർത്തനം ശരിക്ക് നടക്കാതെ വരികയും അതിനാൽ രക്തപ്രവാഹം താഴേക്ക് ആകുകയും സിരകളിൽ തടിച്ചു കൂടുകയും ചെയ്യുന്നു.

കാലിലെ ഏറ്റവും പുറമേയ്ക്കു കാണാവുന്ന സിരകളിലാണ് വെറിക്കോസിറ്റി കൂടുതൽ വരുന്നത്. എഴുന്നേറ്റ് നിൽക്കുമ്പോഴാണ് ഏറ്റവും കൂടുതൽ മർദ്ദം ഈ സിരകളിൽ വരുന്നതും അതു കാരണം വേദന കൂടുകയും ചെയ്യുന്നത്. വെരിക്കോസ് വെയിൻ ഒരു സൗന്ദര്യപ്രശ്നം മാത്രമല്ല, ശക്തമായ വേദന, നീർക്കെട്ട്, എക്സിമ, തൊലിയുടെ മൃദുത്വംനഷ്ടപ്പെടൽ, ചൊറിച്ചിൽ, വ്രണം എന്നിവയ്ക്കു കൂടി കാരണമാകുന്നു. വെരിക്കോസ് വെയിൻ അതിന്റെ നീലനിറം കൊണ്ട് തിരിച്ചറിയാം. ചിലന്തി വലമാതിരി പിണഞ്ഞുകിടക്കുന്നതിനാൽ Spider Veins എന്നും പറയുന്നു.

വെരിക്കോസ് വെയിൻ ലക്ഷണങ്ങൾ

സിരകളിലെ തടിപ്പ്, ചുരുണ്ടുകിടക്കുന്ന നീലനിറമുള്ള സിരകൾ, ശക്തിയായ വേദന, പ്രത്യേകിച്ച് വ്യായാമം ചെയ്താൽ കൂടുതൽ വേദന, സന്ധികളിൽ നീർക്കെട്ട്(പ്രത്യേകിച്ച് വൈകുന്നേരം) തൊലിക്ക് അകാരണമായ നിറവും മൃദുത്വവും ചിലപ്പോൾ വരൾച്ചയും കാണാം. നീർക്കെട്ടിന് പുറമേ ചൊറിച്ചിൽ ചിലപ്പോൾ വ്രണമായി മാറുകയും ചെയ്യും. പെട്ടെന്ന് എഴുന്നേൽക്കുമ്പോൾ കാലിൽ കോച്ചിപ്പിടുത്തം വരാം. ചെറിയ മുറിവുണ്ടായാൽ പോലും ശക്തിയായ രക്തസ്രാവം. ചിലപ്പോൾ വെരിക്കോസ് വെയിൻ പൊട്ടി രക്തം വരാം. സന്ധികളിൽ വെളുത്ത നിറത്തിലുള്ള തടിപ്പ് കാണാറുണ്ട്. കൂടുതലായി സ്ത്രീകളിലാണ് ഇത് കാണപ്പെടുന്നത്.

വെരിക്കോസ് വെയിനുണ്ടാകാനുള്ള കാരണ

ങ്ങൾഃ രക്തത്തെ മുകളിലേക്ക് പമ്പുചെയ്യുന്ന Leaflet വാൽവുകളുടെ പ്രവർത്തന വൈകല്യമാണ് വെരിക്കോസിന് കാരണമെന്ന് നേരത്തെ പറഞ്ഞുവല്ലോ. ഇത് ഏതു സിരകളിലും വരാമെങ്കിലും കാലിലെ സിരകൾ ഹൃദയത്തിൽ നിന്ന് ഏറെ ദൂരെ ആയതിനാലും ഗുരുത്വാകർഷണം കാരണം കാലിലെ സിരകളിൽ മുകളിലേക്ക് രക്തം പമ്പുചെയ്യുന്നതിന് കൂടുതൽ മർദ്ദം ആവശ്യമായതിനാലും കാലിലാണ് വെരിക്കോസ് വെയിൻ കൂടുതലായി കാണുന്നത്.

ഹൃദയധമനികളിലെ പ്രവർത്തനവൈകല്യം (ജൻമനാൽ) ഗർഭാവസ്ഥ, ആർത്തവിരാമം, കൂടുതൽ നിന്ന് ജോലി ചെയ്യുക, വയറ് കൂടുതൽ ചാടി ശരീരഭാരം കൂടുതലാവുക, എന്നീ അവസ്ഥകളിൽ വെരിക്കോസ് വെയിൻ കണ്ടു വരുന്നു. മലദ്വാരത്തിൽ (Anus) മൂലക്കുരു(Piles). കാലുകളിൽ വെരിക്കോസിറ്റി ഉള്ളവരിൽ piles വരുവാനുള്ള സാധ്യത കൂടുതലാണ്. പുകവലി ഒരു പ്രധാന കാരണമായി കാണുന്നു.

സങ്കീർണ്ണത (Complications)

വെരിക്കോസ് വെയിൻ അപായകാരിയല്ല. പക്ഷെ രക്ത ചംക്രമണം ശരിയായി ഇല്ലാത്തതിനാൽ വേദന, നടക്കുവാൻ പ്രയാസം, സിരകൾ തടിച്ച് ചുരുങ്ങുന്നിടത്ത് ചൊറിച്ചിൽ, നീർക്കെട്ട്, ചിലപ്പോൾ ചൊറിഞ്ഞ് പൊട്ടി വ്രണമാകുകയോ ചെയ്യാം. ചെറിയ മുറിവുകളിൽ നിന്നു പോലും കൂടുതൽ രക്തം പോകുക, പെട്ടെന്ന് അറിയാതെ സിരകൾ പൊട്ടി രക്തം വാർന്നു പോകുകയും സങ്കീർണ്ണതകളാണ്. വ്രണം ശരിയായി പരിചരിക്കാതിരുന്നാൽ ത്വക്കിനെ ബാധിക്കുന്ന അർബുദം വരുവാനുള്ള സാധ്യതയുണ്ട്. രക്തം കട്ടപിടിക്കുതിനാലുള്ള സങ്കീർണ്ണത ആരോഗ്യ പ്രശ്നങ്ങൾ വരുവാനുള്ള സാധ്യതയുണ്ട്. കാലിലെ ത്വക്കിലെ കോശങ്ങളുടെ വിളർച്ച, രക്തചംക്രമണം കുറവായതിനാൽ തരിപ്പ്, കടച്ചിൽ, വേദന, വേദനയുള്ളതിനാലും ശരീരഭാരം കൂടുതലാകുന്നതിനാലും ശരിയായ വ്യായാമം ചെയ്യാൻ പറ്റാതിരിക്കുക, അതിനാൽ കൂടുതൽ വണ്ണം വക്കുവാനുള്ള സാധ്യത വരുന്നു.

രോഗ നിർണ്ണയം(Diagnosis)

ഒരു ഫിസിഷന് കണ്ടാൽ തന്നെ വെരിക്കോസ് വെയിൻ തിരിച്ചറിയാം. പുറത്തേയ്ക്ക് കാണുന്ന വെരിക്കോസ് വെയിൻ ഏവർക്കും സിരകളുടെ തടിപ്പിനാലും, ചുരുണ്ടു കൂടലിനാലും നീലനിറത്തിനാലും തിരിച്ചറിയാം.

അകത്തേയ്ക്കുള്ള സിരകളിലെ തടിപ്പ് നമുക്ക് നേരിൽ കാണാൻ കഴിയില്ല. ഇതിന് കാലിന്റെ അൾട്രാ സൌണ്ട് (Ultra Sound) Sonography ടെസ്റ്റ് ചെയ്യുന്നത് കൃത്യമായ രോഗ നിർണ്ണയത്തിന് സഹായിക്കും.

ഡോപ്ലർ ടെസ്റ്റ് (Doppler Test)

കാലിന്റെ ഡോപ്ലർ ടെസ്റ്റ് അൾട്രാ സൌണ്ട് ടെസ്റ്റ് പോലെതന്നെയുള്ളതാണ്. സിരകളിലെ രക്തം കട്ടപിടിക്കൽ, വെരിക്കോസിന്റെ സങ്കീർണ്ണത, സിരകളിൽ കൊഴുപ്പ് അടിഞ്ഞ് കൂടിയ അവസ്ഥ (Athero sclerosis), Venus Occlusion (സിരകൾ അടഞ്ഞു പോകുക, ചുരുങ്ങി പോകുക). തുടങ്ങിയ സങ്കീർണ്ണാവസ്ഥകൾ മനസ്സിലാക്കാൻ സാധിക്കും. പരിശോധന വളരെ വ്യക്തമായി രോഗനിർണ്ണയം നടത്തുവാനും അതിന്റെ സങ്കീർണ്ണതകൾ മനസ്സിലാക്കുവാനും സഹായിക്കുന്നു.

ചികിത്സ

കൂടുതൽ സങ്കീർണ്ണമാക്കാതെ നോക്കുന്നതാണ് പ്രധാന ചികിത്സാ രീതി. ജീവിതരീതിയിൽ മാറ്റം വരുത്തവാനള്ള നിർദ്ദേശങ്ങൾക്കാണ് പ്രാധാന്യം കൊടുക്കാറുള്ളത്. കൂടുതൽ സമയം നിൽക്കാതിരിക്കുക, ചുട്ടുപൊള്ളുന്ന വെയിലത്ത് നടക്കാതിരിക്കുക, ശരീരത്തിന്റെ അമിതഭാരം കുറക്കുക, കാലിലെ പേശികൾക്ക് ശക്തി കിട്ടുന്ന തരത്തിൽ വ്യായാമം ചെയ്യുക, വേദന കൂടുതലുള്ളപ്പോൾ വ്യായാമം കുറക്കുക, ഭാരം കൂട്ടുന്ന ഭക്ഷണക്രമത്തിൽ നിന്ന് പിൻമാറി ആരോഗ്യകരമായ ദിനചര്യ പിൻതുടരുക എന്നിവ വെരിക്കോസ് വെയിൻ കാരണമുള്ള പ്രയാസങ്ങളെ കുറയ്ക്കും. വെറുതെയിരിക്കുമ്പോൾ കാലുകൾ ഉയർത്തി വെയ്ക്കുന്നതും ഗുണം ചെയ്യും.

Compression Stocking :

കംപ്രഷൻ സോക്സുകൾ എല്ലാ മരുന്നു കടകളിൽ ലഭിക്കുന്നുണ്ട്. ഡോക്ടറുടെ നിർദ്ദേശ പ്രകാരം യുക്തമായ Stocking വാങ്ങി ഉപയോഗിക്കുന്നത് രക്തപ്രവാഹത്തെ മുകളിലേക്ക് ത്വരിതപ്പെടുത്തും. വേദനാ സംഹാരികളും, നീർക്കെട്ട് കുറക്കുന്നതുമായ മരുന്നുകൾ കഴിക്കുകയും തൽക്കാലത്തേക്ക് ആശ്വാസമേകും.

ലേസർ, റേഡിയോ ഫ്രീക്വൻസി ചികിത്സകൾഃ

ലേസർ ചികിത്സകളും റേഡിയോ ഫ്രീക്വൻസി ചികിത്സകളും വ്യാപകമായി പ്രചാരത്തിലുള്ളവയാണ്. തടിച്ച് ചുരുണ്ട സിരകളെ കുറെയൊക്കെ കുറച്ച് കുറച്ച് ശരിയാക്കുവാൻ ഈ ചികിത്സകൾക്ക് കഴിയും.

ശസ്ത്രക്രിയ (Surgery)

കൂടുതൽ ചുരുങ്ങി തടിച്ച സിരകളെ മുറിച്ചു കളയുന്ന ചികിത്സാരീതിയാണിത്. ഇത്തരം ശസ്ത്രക്രിയകൾ ഇപ്പോൾ കൂടുതൽ പ്രോത്സാഹിപ്പിക്കാറില്ല. ലേസർ ചികിത്സയാൽ കേടായ സിരകളെ ഒഴിവാക്കുവാനും അതിൽ കൂടെയുള്ള രക്തപ്രവാഹം നിർത്തുവാനും കഴിയുമെന്നതിനാൽ ശസ്ത്രക്രിയ ചെയ്യുന്നത് കുറഞ്ഞു വരുന്നു.

Quit Smoking (പുക വലിക്കരുത്)

ആയുർവ്വേദ ചികിത്സ ഃ

ആയുർവ്വേദത്തിൽ സ്രോതോ ദൃഷ്ടിയായും സ്രോതോരോധമായുമാണ് വെരിക്കോസ് വെയിനിനെ വിശേഷിപ്പിച്ചിരിക്കുന്നത്. വിരുദ്ധാഹാര ഭോജനത്താലും ഗുരുത്വമേറിയ ഭക്ഷണം കൂടുതൽ കഴിക്കുന്നതിനാലും ത്രിദോഷകോപത്താൽ ആണ് സിരാഗ്രന്ഥി ഉണ്ടാകുന്നതെന്ന് ആയുർവ്വേദ ശാസ്ത്രം പറയുന്നു.

യുക്തമായ തൈലങ്ങളാൽ അഭ്യംഗം ചെയ്യുന്നതും പഞ്ചകർമ്മത്തിൽ വസ്തിക്രമം ചെയ്യുന്നതും ഗുണം ചെയ്യും.

രക്ത മോക്ഷം(സിരാവേധം)

കെട്ടികിടക്കുന്ന ദുഷ്ടരക്തത്തെ പുറത്തേക്ക് കളയുന്നതിന് സിരാവേധം എന്ന ചികിത്സ ചെയ്യാറുണ്ട്. പ്രത്യേകതരം ഉപകരണത്താൽ സിരകളിൽ തട്ടുമ്പോൾ രക്തം പുറത്തുപോകുന്ന ചികിത്സ രീതിയാണിത്. അറബ് രാജ്യങ്ങളിൽ പ്രചാരത്തിലുള്ള ഹിജാമ (Wipping Therapy) ഇതിനോട് സാമ്യമുള്ള ചികിത്സയാണ്.

ജജകാവചരണം (അട്ടയിടൽ)

പ്രത്യേകയിനം അട്ടകളെ കൊണ്ട് കടിച്ച് ദുഷ്ടരക്തത്തെ കളയുന്നചികിത്സയാണിത്. കെട്ടിക്കിടക്കുന്ന ദുഷ്ടരക്തത്തെ പുറത്തു കളയുന്നതിനാൽ നീർക്കെട്ട്, ചൊറിച്ചിൽ, ദുഷ്ടവൃണം എന്നിവക്ക് കുറവുണ്ടാകും. വൈദ്യൻമാരാൽ മാത്രം പരീക്ഷിക്കാവുന്ന ചികിത്സകളാണ് സിരാവേധവും അട്ടയിടലും.

മരുന്ന് സേവഃ

വാതരക്തത്തിനുള്ള മരുന്നുകളും ചികിത്സയും വെരിക്കോസ് വെയിനിന് ഫലപ്രദമാണ്. ചിരുവില്വാദി കഷായം, ഗന്ധർവ്വഹസ്താദ്രി കഷായം, കൈശോര ഗുൽഗുലു തുടങ്ങിയ മരുന്നുകൾ യുക്താനുസരണം കഴിക്കുന്നത് ഫലത്തെ തരുന്നു. മൂലക്കുരു(Piles) വിന് നിർദ്ദേശിക്കുന്ന ആയുർവ്വേദ മരുന്നുകളെല്ലാം Vericose Vein ഗുണം ചെയ്യുന്നവയാണ്.

ചില ഗൃഹൗഷധികൾ, ഉപായങ്ങൾഃ

1) കാല് ഉയർത്തി വയ്ക്കുക.
2) മഞ്ഞൾപൊടി, തേൻ, കറ്റാർവാഴനീർ ചേർത്ത് സിരകളിൽ തടിപ്പുള്ള സ്ഥലങ്ങളിൽ ലേപനം ചെയ്യുക.
3) തവിഴാമ തോരൻ ദിവസേന കഴിക്കുക.
4) ഗന്ധർവ്വഹസ്താദ്രി ഗണത്തിലെ മരുന്നുകൾ ഇട്ട് തിളപ്പിച്ച വെള്ളം കുടിക്കുക.
5) ത്രിഫലചൂർണം 5 ഗ്രാം ദിവസേന കഴിക്കുക.
6) ശുദ്ധമായ ആവണക്കെണ്ണ വെറുംവയറ്റിൽ 15 ml കുറച്ച് വെള്ളം ചേർത്ത് കഴിക്കുക.
7) ധാരാളം പഴവർഗ്ഗങ്ങൾ ഭക്ഷണത്തിൽ ഉൾക്കൊള്ളിക്കുക.
8) പിണ്ഡതൈലം, സഹചരാദിതൈലം എന്നിവ ദിവസേന കാലിൽ താഴേ നിന്ന് മുകളിലേക്ക് തലോടുക.

ശ്രദ്ധിക്കുകഃ

വ്യക്തമായ രോഗനിർണ്ണയം ഡോക്ടറുടെ സഹായത്താൽ ചെയ്യുക. D-VT (Deep Veins Thrombosis) ഇല്ല എന്ന് ഉറപ്പു വരുത്തുക. വെരിക്കോസ് വെയിൻ കണ്ടു തുടങ്ങുമ്പോഴേ നിയന്ത്രണത്തിൽ കൊണ്ടുവരാനായി ഭക്ഷണ ക്രമം, വ്യായാമം, ആയുർവ്വേദമരുന്നുകൾ എന്നിവ ശീലിക്കുക. വെരിക്കോസ് വെയിൻ ഒരു മാരകമായ അസുഖമല്ല. പക്ഷെ ചികിത്സിച്ചില്ലെങ്കിൽ മറ്റു സങ്കീർണ്ണതകൾ വരാം.

# ഈ ജീവിതം



പറവൂർ രാജഗോപാൽ

ശക്തിയായ പേമാരിയായിരുന്നു. കഴിഞ്ഞ കുറേ ദിവസങ്ങളായി തുള്ളിക്കൊരു കുടമെന്നപോലെ മഴപെയ്തു തീർന്നു. മലകളെ ഇളക്കുവാനും മരങ്ങളെ കടപുഴക്കുവാനും മൊട്ടക്കുന്നുകളെ തരിപ്പണമാക്കാനും കാറ്റ് അതിശീഘ്രം വീശിയടിച്ചു. എവിടെയെല്ലാമോ കുറേ മരങ്ങൾ കടപുഴകി കലങ്ങി മറിഞ്ഞൊഴുകിയ വെള്ളത്തിൽ വേരുകൾ നഷ്ടപ്പെട്ട ഓർമ്മകളായി. മലമടക്കുകളിൽ നിന്നട്ടഹാസത്തോടെ അടർന്നു വീണ വെള്ളപ്പാച്ചിലിൽ ജീവിതത്തിന്റെ കണ്ണികൾ പലതും നഷ്ടപ്പെട്ടിരിക്കണം.

എല്ലാം കഴിഞ്ഞ് ഒരു വെയിൽ കണ്ടു. പടിഞ്ഞാറൊളിച്ച സൂര്യന്റെ രൂപം പതിവിൻ ശോഭയാർന്നു കിഴക്കൻ മലകളിൽ തിളങ്ങി.

കിഴവൻ അന്നും കാതോർത്തു. കിളികൾ കളകളാരവം പൊഴിക്കുന്നു. പുഴകൾ സ്വച്ഛന്ദം കടലിലേക്ക് ഒഴുകിയടുക്കുന്നു. വല്ലപ്പോഴും ആ വഴി കടന്നു പൊയ്ക്കൊണ്ടിരുന്ന ഗവർമെന്റ്വക വണ്ടി പകലും രാവും ഓരോ തവണ ഓട്ടം തുടങ്ങിയിരിക്കുന്നു.

പാതവക്കിൽ ഒറ്റപ്പെട്ടു പോയ ചൂളമരവും നോക്കി അയാൾ കുടിലിൽ ഇരുന്നു.

പടിഞ്ഞാറസ്തമിക്കുന്ന തിരക്കിലാണ് പകൽ വെളിച്ചം.

ഇനി ഒരു ശുഭരാത്രി, അല്ലെങ്കിൽ ഒരഭിശപ്ത രാത്രി കൂടി ഇരുണ്ടു വെളുക്കും. വീണ്ടും പ്രഭാതകിരണങ്ങൾ മലമടക്കുകളിലും കൈയെത്താദൂരത്തെന്നപോലെ കാണാനാവുന്ന മൊട്ടക്കുന്നുകളിലും മൃദുസ്പർശനങ്ങളേകി പശ്ചിമഘട്ടത്തുയരുമ്പോൾ, കീറിയ പായയിൽ കിടന്നു ഞരങ്ങി കണ്ണു തിരുമ്മി ഉണരുക. കൈക്കോട്ടുമായി ഇറങ്ങി പുറപ്പെടുക.

ഓർത്തപ്പോൾ കിഴവനു തന്നെ അത്ഭുതം.

ഇനീ ഇതെത്രയാന്നു വെച്ചാ ഈ ജീവിതം?

പലപ്പോഴായി അയാൾ അയാളോടു തന്നെ ചോദിക്കുന്നു. അതിനു തക്ക മറുപടിയും അയാൾക്കറിയാം. മരണം വരെ. എന്നാണു മരണം എന്നാരെങ്കിലും തിരിച്ചു ചോദിച്ചാൽ കിഴവൻ നിശ്ശബ്ദമായി ആ ചോദ്യം നിരാകരിക്കും. എന്നിട്ട് എപ്പോഴും പിറുപിറുക്കും.

ജീവിതാവസാനം വരെ അദ്ധ്വാനിച്ചു ജീവിക്കണം. ആരേം ആശ്രയിക്കാനെടവരുത്താതെ കണ്ട്... !

അയാളുടെ ദൈവത്തോടുള്ള ഏകപ്രാർത്ഥനയും മറ്റൊന്നല്ല. പക്ഷേ ഇന്ന് അയാൾ അശക്തനാണ്. കൈക്കോട്ടുയർത്തി ആഞ്ഞു കൊത്താൻ പോയിട്ട് മുറ്റത്തെ കളകൾ പറിക്കാൻ പോലും അശക്തൻ.

അയൽക്കാരിൽ പലരും മഴവെള്ളത്തിൽ തകർന്ന തങ്ങളുടെ ചെറ്റകൾ കുത്തി മറയ്ക്കുന്ന തിരക്കിലാണ്. യുവാക്കളുടെ ഉത്സാഹത്തിമിർപ്പുകൾ കൂക്കുവിളികളായും പൊട്ടിച്ചിരികളായും ഉയർന്നുകേൾക്കാനുണ്ട്. വീണ്ടും പുനരധിവാസത്തിനു വേണ്ടി ഒരുങ്ങുകയാണ്.

പടിഞ്ഞാറോട്ടുള്ള അവസാന വണ്ടി ചൂളമരത്തിനു സമീപം നിറുത്താതെ ഓടിച്ചു പോയെന്നറിഞ്ഞപ്പോൾ കിഴവന്റെ മുഖം കൂടുതൽ കരിവാളിച്ചു. പിന്നീട് പഴയരൂപം കൈകൊണ്ടു.

അയാളുടെ കുടിലിലും വെള്ളം കയറി. കൊടും തണുപ്പിൽ കൂനി കൂടിയിരിക്കേ, ആരെല്ലാമോ വന്ന് വിളിച്ചുവെന്ന് ഓർക്കുന്നു. അവരെല്ലാം അകലങ്ങളിലെ സ്കൂളുകളിൽ അഭയം തേടുന്നു. അയാൾ ഏറെ നേരം ഒന്നും സംസാരിക്കാതെ തലകുനിച്ചിരുന്നു. കൈയിൽ കൊള്ളുന്നതെല്ലാം പെറുക്കിയെടുത്ത് സ്ഥലം വിടുകയാണ് ഓരോരുത്തരും. അവരെ നോക്കി അയാൾ വീറോടെ പുലമ്പി.

പോയിന്റെ കുരിങ്ങളേ എന്റെയീ വീടു വിട്ട് ഞാനെങ്ങട്ടൂല്ല .

എല്ലാം മനസ്സിന്റെ ദാർഢ്യം കൊണ്ടായിരുന്നു.

എത്രയെത്ര മഴക്കാലങ്ങൾ. മലവെള്ളപ്പാച്ചിലുകൾ. വെയിലും മഴയും ഇരുളും വെളിച്ചവും സുഖദുഃഖങ്ങളും അനിയന്ത്രിതങ്ങളായ ഓളങ്ങൾ പോലെ പിറവിയെടുത്ത് എത്രയോ വട്ടം കൺമുന്നിലൂടെ കടന്നുപോയിരിക്കുന്നു. അവയെല്ലാം പൂർണ്ണമായി മറവിയുടെ മടിത്തട്ടിൽ മാഞ്ഞുവെന്ന് പറയുന്നത് ശരിയാവില്ല.

അന്നെല്ലാം മെയ്യിന്റെ തുടിപ്പും കൈയിന്റെ കരുത്തും ഇല്ലാത്തതെന്തൊക്കെയോ ഉണ്ടെന്നു വരുത്തി. കിഴവൻ കൈക്കോട്ട് പിടിച്ച് തഴമ്പിച്ച കൈപ്പടം ഉയർത്തിനോക്കി. അദ്ധ്വാനത്തിന്റെ കരുവാളിച്ച മുറിപ്പാടുകൾ നോക്കിയിരിക്കെ ജീവിതത്തോടു തന്നെ ചാരിതാർത്ഥ്യം തോന്നി. ഒരു കാലം ഈ കൈകൾ പലർക്കും ആവശ്യമായിരുന്നു. ഇന്നീ കൈപ്പടങ്ങൾ കണ്ടാൽ അവർക്കറയ്ക്കും. കാർക്കിച്ചു തുപ്പും. രക്തം വറ്റി ചുളി

ഞ്ഞുപോയ തൊലി ഇത്ര കണ്ടു കറുത്തതാകാനുള്ള കാരണം കൊടുംവെയിലിൽ ഉരുകി തളർന്നതിന്റെ തെളിവു തന്നെ.

മുമ്പെല്ലാം അദ്ധ്വാനിച്ചു ജീവിച്ചിരുന്ന കാലം മക്കൾ ഓരോരുത്തരായി എഴുതും.

അച്ഛൻ ഇനിയുമെന്തിനിങ്ങനെ കഷ്ടപ്പെടണം. ഇനിയുള്ള കാലമെങ്കിലും വന്ന് എന്റെ കൂടെ പാർക്കരുതോ?

കൃഷ്ണൻകുട്ടിയുടെ കത്തു വായിപ്പിച്ച് അയാൾ ചിരിക്കും. അവൻ അതും അതിലപ്പുറവും എഴുതും .

അയാളുടെ മൂത്തമകനാണ് കൃഷ്ണൻകുട്ടി. അയാൾക്കും നാണിക്കും കൂടി ഉണ്ടായ ആദ്യസന്താനം.

അവനെയും കൊണ്ട് സ്കൂളിൽ ചെന്ന് ചേർക്കാൻ നേരം ഹെഡ്മാഷ് പേര് ചോദിച്ചപ്പോൾ, രാവുണ്ണി മകൻ കൃഷ്ണൻകുട്ടിയെന്നു പറയുമ്പോൾ ആ മുഖത്ത് അഭിമാനമായിരുന്നു.

അവന്റെ പഠിപ്പിനിടെ, നാണി പ്രസവിച്ചതാണ് വാസുക്കുട്ടനെ. ജനിക്കുമ്പോൾ തന്നെ അവന് ഒരു പ്രത്യേക ഐശ്വര്യമുണ്ടായിരുന്നു. ആർക്കും എടുത്ത് ഓമനിക്കാൻ തോന്നുന്ന ചന്തം.

നാണി പിന്നെയും ഒന്നു രണ്ടു പെറ്റു. ഗോവിന്ദൻകുട്ടിയും കമലാക്ഷിയും.

എല്ലാവരും വളർന്നു. കമലാക്ഷി ഒഴിച്ചുള്ള മക്കൾ എല്ലാവരും പഠിച്ചു. ഓരോ നിലയിലായി. കമലാക്ഷി പത്താം തരം മൂന്നുവട്ടം തോറ്റുവെന്നറിഞ്ഞപ്പോൾ കൃഷ്ണൻകുട്ടി പറഞ്ഞു.

ഇനി നീ രാവിലെ പുസ്തകവുമായി ഇറങ്ങി ബദ്ധപ്പെടേണ്ട, അടുക്കളയിൽ അമ്മയേയും സഹായിച്ചങ്ങു കഴിഞ്ഞാ മതി.

മുപ്പത്തൊന്നു വർഷം മുൻപാണ് അയാൾ നാണിയെ ധൈര്യപൂർവ്വം അവളുടെ വീട്ടിൽ നിന്ന് വിളിച്ചിറക്കി കൊണ്ടുവന്നത്. തന്റെ മകൾ ഇരുപത്തൊന്നു തികയും മുൻപേ അച്ഛന്റെ പോലെ ഇഷ്ടപ്പെട്ട ഒരാളിന്റെ കൂടെ ഇറങ്ങിപ്പോയതിലും അയാൾ തെറ്റായൊന്നും കണ്ടില്ല. കമലാക്ഷി ചെയ്തത് തെറ്റാണെന്ന് പറഞ്ഞ ആൺകോലങ്ങൾ ഓരോരുത്തരും അവരവർക്കു യോജിച്ചവരെ തന്നത്താൻ കണ്ടെത്തി അവർക്കു കൂടി യോജിച്ച പരിതസ്ഥിതികൾ തേടി ഇറങ്ങുമ്പോഴും അയാളിൽ ആത്മ വിശ്വാസം ബാക്കിയായിരുന്നു.

ഇന്നിപ്പോൾ........

കിഴവൻ നിറുത്താതെ ചുമച്ചു കൊണ്ടിരുന്നു. ചുമച്ചു തുപ്പിയ കഫക്കട്ടകളിൽ ഉറുമ്പരിക്കുന്നു.

ഇന്നിപ്പോൾ ആർക്കും അയാളെ വേണ്ടെന്നായിരിക്കുന്നു. എന്നിട്ടും ആർക്കോ വേണ്ടി അയാൾ കാത്തിരിപ്പു തുടരുന്നു.

നാണി വരുമെന്ന് അയാൾക്ക് നിശ്ചയമുണ്ട്. മക്കൾ കാര്യം കാണാൻ മിടുക്കൻമാരാണ്. അവരുടെ കാര്യലബ്ധിക്കു ശേഷം അവൾ അവിടെ തൃണം പോലെ അവഗണിക്കപ്പെടുമെന്ന് ഉറപ്പുണ്ട്.

അന്നവൾക്ക് കേറിവരാൻ ഈ ചെറ്റമാടമല്ലാതെ ഒരിടം കാണുമെന്ന് കരുതാനാവുന്നില്ല.

കിഴവൻ ചുമച്ചു മുറ്റത്തേയ്ക്ക് നീട്ടിതുപ്പി.

കൃഷ്ണൻകുട്ടിയുടെ ഭാര്യയുടെ സുഖപ്രസവത്തിനായിരുന്നു അവൻ വന്ന് അവളെ കൂട്ടികൊണ്ടു പോയത്.

അവൻ വന്നു വിളിക്കുമ്പം ചെല്ലാതൊക്കോ?

അല്ലേലും നാണിക്ക് മക്കളോടും മരുമക്കളോടും തഞ്ചത്തിനു നിൽക്കാനറിയാം. അതറിയാൻ മേലാത്തവൻ ഈ താൻ മാത്രം. കിഴവൻ ദീർഘമായി ഒന്നു നെടുവീർപ്പിട്ടു.

കൃഷ്ണൻ കുട്ടിയുടെ ഭാര്യയുടെ പ്രസവം കഴിഞ്ഞു കുട്ടിയെ നോക്കിത്തിരുമ്പോഴേയ്ക്കും വാസുക്കുട്ടനു കുട്ടി ജനിക്കും. പിന്നെ ഗോവിന്ദനും. കമലാക്ഷി ഒന്നേ പെറ്റുള്ളു. ചാപിള്ള. അവൾക്ക് കുഞ്ഞുങ്ങളില്ലാത്തതിൽ അയാൾക്കു മനസ്താപമുണ്ട്. എന്തു ചെയ്യാം, ദൈവഹിതം നിറവേറ്റപ്പെടുകയല്ലേ. നിവൃത്തിയെന്ത് ?

കമലാക്ഷി പ്രസവിച്ചു കണ്ട് കണ്ണടക്ക ണമെന്നാണ് കിഴവന്റെ മോഹം.

വീണ്ടും മഴ വന്നു. കൊടുങ്കാറ്റും ഇടിവാളും പെരുകി. റോഡും തോടും ഒന്നു ചേർന്നു. മലമടക്കുകൾ വിങ്ങിപ്പൊട്ടി. പ്രകൃതി കോപാകുലയായി ആഴ്ചകളോളം ഉറഞ്ഞു നിന്നു തുള്ളി. വണ്ടിയുടെ ഓട്ടം നിലച്ചു. പലരും കൈയിൽ കിട്ടിയതുമായി അങ്ങുമിങ്ങും മാറിപ്പാർത്തു.

ഒടുവിൽ ഒരു ദിവസം വീണ്ടും പശ്ചിമ ഘട്ടത്തിൽ സൂര്യനുദിച്ചു. മക്കളുടെ വിവരം പോയിട്ട് നാണിപൊലും ഒന്നെഴുതിയില്ല. നാട്ടിലായിരിക്കുമ്പോൾ അവൾ മക്കൾക്കയക്കുന്ന കത്തുകൾ അയൽപക്കത്തെ അച്ചോത്ത എഴുതി കൊടുക്കും. നഗരത്തിൽ അച്ചോത്തമാർ കാണില്ലായിരിക്കും.

കള്ളക്കർക്കിടകം കഴിഞ്ഞു വന്നെത്തുന്ന പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണം. ചുറ്റിനും ഉത്സാഹം. ആമോദം.

അയാൾ മാത്രം ഓണം വിസ്മരിക്കാൻ തയ്യാറായി. നാണി ഇക്കുറിയും ഓണത്തിനു മക്കളുടെ കൂടെ തന്നെയാകും. അവൾ പോയതിൽപിന്നെ എത്ര ആഘോഷകാലങ്ങൾ ശ്രദ്ധയിൽ പെടാതെ കടന്നു പോയി.

ഒരു വൈകുന്നേരം കിഴക്കുനിന്നു വണ്ടി വന്നു. ചൂളമരത്തിനു സമീപം വണ്ടി ഇറങ്ങിവരുന്ന സ്ത്രീരൂപം വല്ലാതെ തളർന്നിരുന്നു.

അയാൾ ഒന്നും ചോദിച്ചില്ല. എങ്കിലും അവളുടെ കണ്ണുകൾ പലതും പറഞ്ഞു.

പോരുന്നോഴി കമലാക്ഷീനെ ഒന്നു കേറി ക

*55-ാം പേജിൽ തുടരും*

# ഉമ്പർട്ടോ എക്കോ



ശ്രീകുമാർ ശ്രീമംഗലം

ഗുരു ആശ്രമത്തിലെ രണ്ടു മുറികൾ ചൂണ്ടിക്കാട്ടി രണ്ടു ശിഷ്യരോട് തങ്ങളുടെ യുക്തിപോലെ മുറികൾ നിറച്ചു കൊള്ളുവാൻ ആവശ്യപ്പെട്ടു. ആദ്യത്തെയാൾ വെള്ളി നാണയങ്ങൾ കൊണ്ടു കുറേയധികം വൈക്കോൽ വാങ്ങി മുറി നിറയ്ക്കാൻ തുടങ്ങി. പക്ഷെ നിറയുന്നില്ല. രണ്ടാമൻ ചെല്ലുമ്പോൾ മുറി അടച്ചിട്ടിരിക്കയാണ്. അയാളതിന്റെ വാതിലും ജനലുമൊക്കെ സൂര്യവെളിച്ചത്തിലേക്ക് മലർക്കെ തുറന്നിട്ടു. ചന്ദനത്തിരി കത്തിച്ചു. പിന്നെ ശാന്തമായി ചമ്രം പടിഞ്ഞ് നിലത്തിരുന്ന് ഭജനഗീതങ്ങൾ പാടിത്തുടങ്ങി. ഇപ്പോൾ മുറി പ്രകാശംകൊണ്ടും സുഗന്ധം കൊണ്ടും സംഗീതം കൊണ്ടും നിറഞ്ഞു.

ഇതു കണ്ട ഗുരു പറഞ്ഞു: ദാ മനുഷ്യരുടെ മുന്നിൽ തെളിയുന്ന രണ്ടു വഴികൾ ചിലർ വൈക്കോൽ കൊണ്ട് ഉള്ളം നിറയ്ക്കുമ്പോൾ ചിലർ തൊട്ടറിയാനാവാത്ത ഏതോ ചിലതുകൊണ്ട് ഉള്ളം നിറയ്ക്കുന്നു. ...!

ഇവിടെ എതാ ഒരു ചന്ദനമരം... (വെട്ടേറ്റാലും ചന്ദനമരം മഴുവിന്റെ വായ്ത്തലയേയും സുഗന്ധ പൂരിതമാക്കും) ചാരെ പരിലസിക്കുന്നു....

ഇകരങ്ങൾ കരങ്ങളാക്കി നമ്മെ ഗാഢഗാഢം പുണരുമ്പോൾ ആ അനുപമ ദിവ്യസുഗന്ധം നമ്മിലും വന്നു നിറയുകയായി....

വിവർണ്ണനാതീതമായ കർമ്മകാണ്ഡം....!

ഉമ്പർട്ടോ എക്കോ....., തന്നിൽ തന്നെ നിമഗ്നമായിരിക്കുന്ന ഉറവയിൽനിന്നെടുത്ത് ആ സർഗ്ഗോപഹാരം നമുക്കേകുമ്പോൾ.... നമ്മിലതു നിറയുമ്പോൾ... അങ്ങിനെ നാമതിൽ നിമഗ്നമാകുമ്പോൾ ഒന്നും പറയാൻ കഴിയാതെ അനുഭൂതിയുടെ ഈ തീരത്ത് മിഴികൾ നിറഞ്ഞ് കരംകൂപ്പി നമ്മളിങ്ങനെ നിന്നു പോകുന്നു.....

Knowledge is not Communicable എന്നു (വിജ്ഞാനം വിനിമയ വിധേയമല്ല) ഹെർമ്മൻ ഹെസ്സെ പറഞ്ഞപോലെ....എങ്കിലും, ഒന്നോർത്താൽ മരണം....! മരണം നമ്മുടെ പിന്നിലുണ്ട് മുന്നിലുമുണ്ട്. പിറകിൽ നിൽക്കുന്ന മരണത്തിന്റെ നിഴൽ നമ്മുടെ ശരീരത്തിലേക്കു വീഴും. ഈ നിഴൽ കാണാതിരിക്കാൻ വേണ്ടിയുള്ള കണ്ണടയ്ക്കലാണ് നമ്മുടെ ഓരോ പ്രവർത്തനവും. പ്രവർത്തിയിലേർപ്പെട്ടിരിക്കുമ്പോൾ നമ്മൾ നിഴലിനെ കാണുന്നില്ല. മരണത്തേക്കാൾ ശക്തിയാർജ്ജിച്ചതായി ഈ ലോകത്ത് മറ്റൊന്നും ഇല്ല. പൊളോണിയ നിസിനെപ്പോലെ യവനികയ്ക്കു പിന്നിൽ ഒളിച്ചു നില്ക്കുമ്പോഴും മരണം വാൾ മുനയായ് വന്ന് സർവ്വതിനെയും ഭേദിച്ച് ഒടുവിൽ മാറുപിളർത്തു പോകും. Thou, Wretched, rash, introducing, fool, farewell എന്നു പറഞ്ഞിട്ടു പോവുകയും ചെയ്യും. പരീക്ഷിത്തിനെപ്പോലെ കൊട്ടാര വാതിലുകളടച്ച് അകത്തിരിക്കും. പക്ഷെ മരണം പുഴുവായി പഴത്തിനകത്തു കയറി മുന്നിലെത്തും കൊത്തി വീഴ്ത്തും.... മരണം ഇരുട്ടിലേയ്ക്കുള്ള കുതിച്ചു ചെല്ലലാണെന്ന് വില്ല്യംബ്ലേക്ക്....! പ്രായമേറെച്ചെന്ന വേശ്യയാണു മരണമെന്ന് ഹെമിങ്‌വേ! ന കാലസ്യാതി ഭാരോ ഃസ്ത്രീ കൃതാഞ്ജ്ഛ ഃ സുദുർജയ എന്നു വാല്മീകി ..! യുദ്ധകാണ്ഡം 48 (19)

നന്മയുടെ നറുമലരിറുത്തും, സ്വയമെരിഞ്ഞും, മറ്റുള്ളവർക്കായി പ്രകാശം ചൊരിഞ്ഞ എത്രയോ പേരെയാണു മരണം വിളിച്ചിറക്കി കൊണ്ടങ്ങു പോയിരിക്കുന്നത്..... !

ഇപ്പോഴിതാ, ഇറ്റാലിയൻ തത്വചിന്തകനും, നോവലിസ്റ്റും, സാഹിത്യ വിമർശകനും സർവ്വോപരി, സത്യാന്വേഷികളായ വിദ്യാർത്ഥികളുടെ ഗുരുഭൂതനുമായ ഉമ്പർട്ടോ എക്കോ നമ്മെ വിട്ട് മരണത്തിന്റെ ഇരുകരങ്ങളിലേക്ക് വീണു കൊടുത്തിരിക്കുന്നു.

“പെരുത്തുനൂറ്റാണ്ടിടയ്ക്കെരിക്കലാമരുപ്പറമ്പാ
മുലകത്തിലീശ്വരൻ
ഒരുറ്റ വൃക്ഷത്തെ നടുന്നു പാന്ഥരായ്
വരുന്നവർക്കുറ്റ വിശ്രമിത്തിനായ്” എന്നു കവി പാടിയതുപോലെ, ഒന്നോർത്താൽ മാസ്റ്റർ പീസ് കാട്ടുപൂക്കളെപ്പോലെ വിരിയില്ല എന്നു ഹെൻട്രിക് ഇബ്സൺ പറഞ്ഞതെത്ര ശരി......

ലോകത്ത് ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന എഴുത്തുകാരിലൊരാളാണ് ഉമ്പർട്ടോ എ

ക്കോ.

തത്വചിന്താപരതയും ചരിത്രസാരവും സമന്വയിക്കപ്പെടുന്ന ഗദ്യസത്ത. ആരെയും അതിൽ അന്തർലീനമാക്കുന്ന വൈദ്യതാലിംഗനം വിവരണത്തിന്റെ അപാര ചാരുത അദ്ദേഹത്തെ സാഹിത്യനഭസ്ഥലിയിലെ എഴുത്തിന്റെ എക്കോയാക്കി.

സഹൃദയലോകം ഒന്നടങ്കം ഉത്സവമായി ഉദ്ഘോഷിച്ച ലാറ്റിനമേരിക്കൻ നോവലിസ്റ്റ് ഗബ്രിയേലാ ഗാർസിയാമാർക്കോസിന്റെ "ഏകാന്തതയുടെ നൂറുവർഷങ്ങൾ" എന്ന നോവലിൽ (One hundred year of Solitude) താൻ സൃഷ്ടിച്ച മക്കൊണ്ട എന്ന സങ്കല്പസ്ഥലത്തെ ഉറുമ്പുകളെക്കൊണ്ട് തിന്നു നശിപ്പിക്കുന്ന ഒരു രംഗമുണ്ട്! വന്യമായ ഭൂരുഹ ഭാവന! ഇതിനു സമാനവും എന്നാതിലുപരിയുമായ ഒരു വിവരണശൈലിയാണ് ഉമ്പർട്ടോ എക്കോ രൂപപ്പെടുത്തിയിട്ടുള്ളത്. എക്കോയുടെ ദ നെയിം ഓഫ് ദ റോസ് എന്ന വിഖ്യാത നോവൽ ഈ സത്യം വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ സോഷ്യൽ സറ്റയറും, ആസ്തറ്റിക് ഫിലോസഫിയും തമ്മിലുള്ള ആന്തരവൈരുദ്ധ്യം ഇല്ലാത്ത പ്രശാന്തതയാണു ഉമ്പർട്ടോ എക്കോയുടെ പ്രകൃഷ്ട കൃതിയുടെ അന്തർമേളനമെന്നു നിരൂപകവൃന്ദം ഉദ്ഘോഷിക്കുന്നു.

ഉമ്പർട്ടോ എക്കോയുടെ 'ദ നെയിം ഓഫ് ദ് റോസ്' എന്ന നോവലിൽ സോഷ്യൽ സറ്റയർ (Social Satire) എന്നു തോന്നിപ്പോകാവുന്ന തരത്തിലുള്ള രസകരമായ ഒരു കഥാസന്ദർഭമുണ്ട്. പതിനാലാം നൂറ്റാണ്ടിലെ സെമിനാരിയിൽ നടക്കുന്ന കൊലപാതക പരമ്പര യഥാവിധി അന്വേഷിച്ചുന്മൂലനം ചെയ്‌വാൻ കുറ്റാന്വേഷകനായ ഫ്രാൻസിസ്ക്കൻ സഭാ പുരോഹിതൻ നിയോഗിക്കപ്പെട്ടു. വൈരുദ്ധ്യമെന്നു പറയട്ടെ ഒരിക്കലും ഫ്രാൻസിസ്ക്കൻ സഭാപുരോഹിതൻ ഇത്തരമൊരു കൃത്യത്തിന് നാളിതേവരെ നിയോഗിക്കപ്പെട്ടിട്ടില്ല. ഇവിടെ പ്രസ്തുത കൃത്യത്തിനു നിയോഗികപ്പെട്ട അച്ഛൻ, വില്ല്യം ഓഫ് ബാസ്ക്കർവീൽ സത്യത്തിൽ നമ്മൾ ഷെർലേക്ക് ഹോസ്സ് കുറ്റാന്വേഷണ കഥാ പരമ്പരയിൽ അർതർ ക്കേനൻഡോയൽ സൃഷ്ടിച്ച ഹൗണ്ട് ഓഫ് ബാസ്കർ വീൽ (ഓസ്കാർ വില്ലയിലെ വളർത്തുനായ)യെ ഓർമ്മിച്ചു പോകും.

ഇവിടെ വില്ല്യം അച്ഛനു സഹായിയായി കൈക്കാരൻ പയ്യൻ അഡ്സോയും ഉണ്ട്. അതിപുരാതന സെമിനാരിയുടെ ഇരുളാർന്നതും ഗഹ്വരവുമായ സ്ഥലികളിലൂടെയും മഴച്ചാറ്റലുകളുടെ മറഞ്ഞ വിജ്ഞാന സ്ഥലികളിലൂടെയും, അനാദി ദൈവങ്ങളുറങ്ങുന്ന അസ്ഥിമജ്ജകളിലൂടെയും, അവർ സഞ്ചരിക്കുകയാണ്. അവിടുത്തെ കൂറ്റൻ മ്യൂസിയത്തിലെ കാഴ്ചകൾ ക്യൂറേറ്റർ അവർക്കു കാണിച്ചു കൊടുക്കുന്നുമുണ്ട്. അവിടൊരിടത്ത് ക്രിസ്തുവിനെ തറച്ച കുരിശിന്റെ ഒരു കഷണം കാണുകയുണ്ടായി. ഉടൻ തന്നെ സഹായിയായി കൂടിയ പയ്യൻ അവിടെ സാഷ്ടാംഗ നമസ്കാരം നടത്തി. ഭക്തി കൊണ്ട് വളരെ വികാരഭരിതമായ രംഗം സൃഷ്ടിച്ചു. തിരിച്ചു പോരും വഴി ഫ്രാൻസിസ്ക്കൻ പുരോഹിതനായ ഡിറ്റക്ടീവ് തന്നെ അനുഗമിക്കുന്ന സഹായി പയ്യനോടു പറഞ്ഞു. നീ വലിയ ആവേശമൊന്നും കാണിക്കണ്ട. ഞാൻ ലോകത്തു പലയിടത്തും സഞ്ചരിച്ചിട്ടുള്ളവനാണ്. വലിയ പല സെമിനാരികളിലും സഞ്ചരിച്ചു പാർത്തിട്ടുണ്ട്. അവിടെയൊക്കെ ഈ കുരിശിന്റെ ഓരോ കഷണങ്ങൾ ഉണ്ട്. അതൊക്കെ വിശ്വസിക്കാമെങ്കിൽ ക്രിസ്തുവിനെ ഒരു കുരിശിലല്ല തറച്ചത് മൊത്തം ഒരു കാടു തന്നെ വേണ്ടി വരും.

'ദ് നെയിം ഓഫ് ദ റോസിൽ' ഇത്തരമൊരു സറ്റയർ ക്രിസ്ത്യൻ ചരിത്രത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ വശങ്ങൾ..... ഇങ്ങനെ വേണ്ടുവോളം അപഗ്രഥിച്ചുള്ള തന്റെ നോവൽ സഹൃദയരുടെ ശതകോടി പ്രണാമം അർഹിക്കുന്നു.

ഒരു നോവൽ എഴുതിക്കാണിക്ക് എന്നുള്ള നിരൂപകരുടെയും പുകൾപെറ്റ എഴുത്തുകാരുടെയും വെല്ലുവിളിയെ ഉള്ളുകൊണ്ടെടുത്താണ് ഈ കൃതിക്കു പിറവി കൊടുക്കുന്നത്. ഭാഷാപഠനത്തിൽ സിമിയോട്ടിക്സ് (ചിഹ്നശാസ്ത്രം) എന്ന ശാഖ മാറ്റി മറിച്ച് 1975 ൽ തന്നെ ഘടനയുടെ അഭാവം എന്ന പുസ്തകമെഴുതിയും പിന്നെ നരവംശ ശാസ്ത്ര പഠനങ്ങളിലൂടെയും എഴുത്തിന്റെ ഉത്സവമുതിർത്ത അക്കാദമിയായിരുന്നു. ഉമ്പർട്ടോ എക്കോ. !

നോവലിൽ വില്ല്യം അച്ഛൻ സെമിനാരിയിലെ കൊലപാതകത്തിന്റെ രഹസ്യം ചുരുളഴിച്ചെടുക്കെ അവിടുത്തെ ലോകോത്തര വായനശാല മുഴുവൻ മെഴുകുതിരിയുടെ തീയിൽ കത്തി നശിച്ചു പോകുന്നു. ! വന്യമായ ദുരൂഹത ഇതൾ വിടർത്തും പോലെ !

മരണമില്ലാത്ത കാലത്തെ ഉപാസിക്കുന്ന ഒരു ചെറുപ്പക്കാരന്റെ ചിത്രം വരച്ചു കാട്ടുന്ന മറ്റൊരു പൂർവ്വസൂരിയായ ഇറ്റാലിയൻ എഴുത്തുകാരനുണ്ട്. The Ittalian Folk & Tales എഴുതിയ ഇറ്റാലോ-ക്കൽ വീനോ (Ittalo-Kalveeno) ഒരിക്കലും മരിക്കാതിരിക്കണമെന്ന ആഗ്രഹം, മരണമെന്ന

സത്യം. ഇവ തമ്മിലുള്ള വൈരുദ്ധ്യങ്ങളും സമരസപ്പെടലുകളും നാമ്പിട്ടു നിന്ന രഥ്യയ്ക്കൊടുവിലൊരു നാൾ ഈ ചെറുപ്പക്കാരനെ അന്വേഷിച്ചോടി തേഞ്ഞു പോയ ഒരു കാളവണ്ടി നിറച്ചുമുള്ള ചെരുപ്പുമായി അവൻ വരുന്നു മരണം. തിരിച്ചറിയാതെ ആ ചെറുപ്പക്കാരൻ തന്റെ സ്വപ്നത്തെയുമുള്ളിലൊതുക്കി ആരവങ്ങളില്ലാതെ നിരുപാധികം മരണത്തിനു കീഴടങ്ങുന്നു. നാടോടിക്കഥാവതരണശൈലി വളരെ നന്നായി ആവിഷ്കരിച്ചിരിക്കുന്ന ഈ കൃതിയിൽ ഇറ്റാലോ ക്കൽ വീനോ....എടുത്തു പറയത്തക്ക പുരസ്കാരങ്ങൾ കരസ്ഥമാക്കിയ ഈ കൃതി ഇറ്റാലിയൻ പാരമ്പര്യത്തിന്റെ അനവദ്യ ചാരുത തന്നെയാണ്.

കല കലയ്ക്കു വേണ്ടിയെന്നും കല ജീവിതത്തിനുവേണ്ടിയെന്നുമുള്ള വാദമുഖങ്ങൾ 1957 മുതൽ ആരംഭിച്ചു കഴിഞ്ഞതാണല്ലോ. Aestheticism and Dedacticism എന്നതു വിശ്വ സാഹിത്യ സംവാദമായിരുന്നു. അങ്കുശമില്ലാത്ത വാഗ്വാദം.... ഈ സംവാദത്തിനു വിരാമമിട്ടതു സാഹിത്യസാർവ്വഭൗമനും നിരൂപണപ്രതിഭയുമായ ശ്രീ കുട്ടികൃഷ്ണമാരാരാണ്. ജോർജ് ഓർവൽ തുടങ്ങി വച്ചുവെങ്കിലും വിരാമം ഇട്ടത് മാരാർ തന്നെയെന്നതു എടുത്തു പറയേണ്ടതാണ്. ഇതുപോലെ വെളിനാടു രചനകൾ സാഹിത്യ ലോകത്ത് വിശിഷ്യാ ഇറ്റാലിയൻ കൃതികൾ വിഭ്രമാത്മകവും വശീകരണസാന്ദ്രതയുമുള്ള അനുരണനങ്ങൾ സൃഷ്ടിച്ച ഘട്ടമുണ്ടായിരുന്നു. കൊളംബിയായിലെ മാർക്കോസും, മെക്സിക്കോവിലെ കാർലോസ് ഫ്യൂവന്റോസും, പെറുവിലെ മാരിയോ വർഗ്ഗാസ്യോസയും ഒക്കെ മലയാളിക്കു പരിചിതമായ ഘട്ടം. ചരിത്രത്തിൽ സാഹിത്യത്തിലെ ഈ ഘട്ടത്തെ ലാറ്റിനമേരിക്കൻ ബ്ലൂം എന്നു നിരൂപകരുൾപ്പടെ വിലയിരുത്തുന്നു. അങ്ങനെ മലയാളത്തിലെ ഏറ്റവും ഖ്യാതിയുള്ള എഴുത്തുകാരനാരെന്നു ചോദിച്ചാൽ കഥാ ലോകത്തു നിന്ന് ഒരൊറ്റ മറുപടിയേ ഉണ്ടാകുന്നുള്ളൂ.! ഗബ്രിയേലാ ഗാർസിയ മാർക്കോസ് ....! അനന്തരം ആ വംശാവലിയെ ഒന്നുകൂടി ഉയർത്തിക്കെട്ടാനും അടയാളപ്പെടുത്താനും ഇറ്റാലിയൻ നോവലിസ്റ്റ് ഉമ്പർട്ടോ എക്കോ വന്നണയുന്നത്.

അൻപത്തിയഞ്ചാം വയസ്സിൽ പൂർണ്ണ അന്ധത ബാധിച്ചു മറ്റു വായനാ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരിക്കുകയും പിന്നെയും ഉന്നത സാഹിത്യ സൃഷ്ടി നടത്തുകയും ചെയ്ത അർജന്റിനാ എഴുത്തുകാരൻ, 'ജോർജ് ലൂയിബോർഹെസ്' ഉമ്പർട്ടോ എക്കോക്കു ഗുരുവായിരുന്നു. നെയിം ഓഫ് ദ റോസ് എന്ന നോവലിലെ അന്ധനായ സന്യാസി ലൈബ്രേറിയനെ ബോർഹെസിനെ ത്തന്നെ അനുസ്മരിച്ചു വിരചിച്ചിട്ടുള്ളതാണ്.

1956 ൽ അദ്ദേഹത്തിന്റെ ആദ്യപുസ്തകം L L Problema Estetico in San-Tommso പ്രസിദ്ധം ചെയ്തു. 1962 ലെ ഒരു സെപ്തംബറിൽ റിനാറ്റിക്ക് റാമേജ് (Renatic Ramage) എന്ന ജർമ്മൻ ആർട്ട് ടീച്ചറെ അദ്ദേഹം ജീവിത സഖിയാക്കി. അനന്തരം അദ്ദേഹത്തിനു ഒരു മകളും മകനും ജനിക്കുന്നു. മിലൻ അപ്പാർട്ടുമെന്റിലും, അർബിനോയിലും അദ്ദേഹത്തിന് വെക്കേഷൻ വില്ലകൾ ഉണ്ടായിരുന്നു. ഇവിടങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ഹരിതാഭമായ സാഹിത്യജീവിതം സമുദ്ഫുല്ലമായിരുന്നത്. മിലനിൽ മുപ്പതിനായിരം പുസ്തകങ്ങളും അർബിനോയിൽ ഇരുപതിനായിരം പുസ്തകങ്ങളും ഉണ്ടായിരുന്നു. 1980 മുതൽ 1990 വരെ കൊളംബിയ യൂണിവേഴ്സിറ്റിയുടെ വിസിറ്റിംഗ് പ്രൊഫസറായി പല തവണ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1992-93 ലും ഹാർഡ്വേർഡ് യൂണിവേഴ്സിറ്റിയുടെ നോർട്ടൺ പ്രൊഫസറായിരുന്നു. 1993 മെയ് എട്ടിനു പതിനഞ്ചു വർഷത്തിനുമേൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുള്ള ആദരവായി ഉമ്പർട്ടോ എക്കോക്കു ഇൻഡ്യാന യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ഹ്യൂമൻ ലെറ്റേഴ്സ് (Doctors of Human Letters) DHL അവാർഡു നലകി. വൈകാതെ തന്നെ ഉമ്പർട്ടോ എക്കോയുടെ റിസർച്ച് ലാംഗ്വേജ് ഓഫ് സെമിറ്റിക് സ്റ്റഡീസ് (Research Language of Sematic Studies) നെപ്പറ്റിയുള്ള ആറു പുസ്തകങ്ങൾ ഇൻഡാനാ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ചു.

2002 മെയ് 23-ാം തീയതി രുദ്ര ജഴ്സിയിലെ ന്യൂ ബ്രൻസ് വിക്ക് എന്ന സ്ഥലത്ത് റൂട്ട്ഗസ്റ്റ് യൂണിവേഴ്സിറ്റി അദ്ദേഹത്തിന് D Litt നല്കി ആദരിച്ചു. എന്നാൽ 2009 ൽ സെർബിയായിലെ (University of Belgrade) ബൽഗ്രേഡ് യൂണി വേഴ്സിറ്റി അദ്ദേഹത്തിനു ഹോണററി ഡോക്ടറേറ്റു( Honerary Doctorate) നൽകി ആദരിച്ചു. ഇറ്റാലിയൻ സ്ക്കെപ്റ്റിക്ക് (Ittlian Skeptic) ഓർഗനൈസേഷന്റെ മെമ്പറും ഇറ്റാലിയൻ കമ്മറ്റി ഫോർ ദ ഇൻവസ്റ്റിഗേഷൻ ഓഫ് ക്ലെയിം ഓഫ് ദ പെസന്റോ സയൻസിന്റെ മെമ്പറുമായിരുന്നു ഉമ്പർട്ടോ (CICAP Ittalian Committe for the Investgation of Claims of tha Pseudo Sciences).

ഭാഷാശാസ്ത്രത്തെയും നരവംശ ശാസ്ത്രത്തെയും സാംസ്കാരിക പഠനത്തെയും കുറിച്ചു

ള്ള അത്യവഗാഹം ഉമ്പർട്ടോ എക്കോയെ സാഹിത്യരചനയിൽ അതുല്ല്യനാക്കി. കഥയുടെ ചമത്ക്കാരാദി വൈദഗ്ദ്ധ്യം നോവലിന്റെ രചനാരിതികളിൽ നിന്നും തികച്ചും വ്യത്യസ്തവും വ്യതിരിക്തവുമായിരുന്നു. ഇത്തരുണത്തിലാണ് അദ്ദേഹത്തിന്റെ ഫുക്കോസ് പെൻഡുലം ഏറെ വ്യത്യസ്തത ആവാഹിക്കുന്നത്. ഫുക്കോസ് പെൻഡുലം എന്ന നോവലിൽ ഒരു കൊച്ചു പത്രത്തിലെ പണിയില്ലാത്ത മൂന്നു എഡിറ്റർമാർ ചേർന്ന് ഒരു പുരാതന ക്രിസ്ത്യൻ വിഭാഗത്തിന്റെ പിൻതുടർച്ചക്കാരുടേതെന്ന നിലയിൽ ലോകത്തിനെതിരെ ഒരു പദ്ധതി തയ്യാറാക്കുകയാണ്. ഒടുവിൽ അവർ സ്വയം ഈ പദ്ധതിക്ക് അടിമകളാകുന്നു. മറ്റുള്ളവർ ഈ പദ്ധതി വിശ്വസിക്കുമ്പോഴേക്കും അതു കൈവിട്ടു പോകുന്നു. കാലാനുവർത്തിയായ ചരിത്രം വളർന്നു പന്തലിച്ചു നില്ക്കുന്നതാണു ഉമ്പർട്ടോ എക്കോയുടെ സാഹിത്യ പ്രപഞ്ചം.

ചലച്ചിത്ര ലോകവും എക്കോയെ ആരാധനാമൂർത്തിയാക്കി. സർവ്വാദരവോടും കൂടെ, എക്കോയെ നോക്കി കണ്ടതിന്റെ ഭാഗമായി അവർ ദ് നയിം ഓഫ് ദ റോസ് ചലച്ചിത്രമാക്കി. പ്രകൃഷ്ട കഥയിലെ ദുരൂഹതകൾ മാത്രമെടുത്ത് തിരക്കഥയുണ്ടാക്കി അവർ സിനിമ നിർമ്മിച്ചു. ജയിംസ് ബോണ്ട് നായകൻ ഷാൻക്കേണറി

(Shan Kenery ) യാണ് ഈ സിനിമയിലെ നായകൻ ! ജയിംസ് ബോണ്ട് മനഃശാസ്ത്രത്തി ന്റെയും ആധികാരിക വിശകലനക്കാരനുമായിരുന്നു ഉമ്പർട്ടോ എക്കോ എന്നതുകൂടി ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

കണ്ണുകാണാത്ത കിളികളവിശ്രമം
എന്നുള്ളിൽ ചിറകടിക്കുന്നു.
പറന്നു പോകാനവയ്ക്കാവുന്നില്ല
ഇല്ല, രക്ഷ
ആവുന്നില്ലെനിക്കവയെപ്പിടിക്കാനും
അവ തിന്നുന്നില്ലൊന്നും
വെറുതേ ചിറകടിക്കുകമാത്രം
അവിശ്രാന്തമായ്
അവിരാമമായ്
കിളികൾ തിന്നുന്നില്ല
എങ്കിലും ക്രമേണ
ഞാൻ വിഴുങ്ങപ്പെട്ടിരിക്കുകയാണിരവും
പകലും,
കിളികളെല്ലായ്പോഴും
കൂടിനുള്ളിലാണ്.
പുറത്തോ ഞാൻ ?
കിളികളെന്നെങ്കിലും
മുക്തിനേടുമോ സ്വയം... ?
പറന്നുപോമോ
നമ്മളോടൊപ്പം ?
എങ്ങോട്ട്....?

എന്നു, ചാൾസ് ആർ ബർഗ്സൺ തന്റെ കരിങ്കിളികൾ എന്ന കവിതയിൽ പറയുന്നത്. ഉള്ളിലെ കിളികൾ ചിറകടിച്ച് മുക്തി നേടും മുൻപ് തന്നെത്തന്നെ ഇരവുപകലുകൾ വിഴുങ്ങിയപ്പോൾ, ഉമ്പർട്ടോ എക്കോ ഇവിടം വിട്ടുപോയി. 2015 ൽ എക്കോ എഴുതിയ ന്യൂമറോസീറോ എന്ന നോവൽ ഇറ്റലിയിലെ അഴിമതിയേയും തട്ടിപ്പുകളെയും പറ്റി ഒരു തട്ടിപ്പു ജേർണലിസ്റ്റിനെ കഥാപാത്രമാക്കിയായിരുന്നു. ദ ഐലന്റ് ഓഫ് ദ ഡേ ബിഫോർ, ദ മിസ്റ്ററീരിയസ് ഫ്ളിംയ് ഓഫ ക്യൂൻ ലോന, പ്രാഗ് സെമറ്ററി തുടങ്ങിയ മുൻനോവലുകളിൽ ചരിത്രവും ഇക്കാലവും പുഷ്പിച്ചു നില്ക്കെ, അതു കോരിക്കുടിച്ചു ദാഹം തീരാത്ത സാഹിത്യമനസ്സുകളെ വിഷാദപ്പെടുത്തി ഉമ്പർട്ടോ എക്കോ യാത്രയായി.... കഴിഞ്ഞരാത്രിയിൽ വിശ്രമിച്ചിരുന്ന ദേവാലയപ്പടിയിൽ, പടവുകളിലെ കുറേയധികം ഉറുമ്പുകൾ തന്റെ അപ്പത്തോടൊപ്പം കുരുങ്ങിപ്പോയിയെന്നു രാത്രിയിൽ തിരിച്ചറിഞ്ഞപ്പോൾ ആ ഉറുമ്പുകൾ വീടും കൂട്ടുകാരെയും വിട്ട് ഒത്തിരി സങ്കടപ്പെടുന്നുണ്ടാകും എന്നു കരുതി, ഒരു ദിവസം മുഴുവൻ പിറകോട്ടു നടന്ന് ജീവനോടെ ശേഷിച്ചവയെ പള്ളിപ്പടവുകളിൽ തിരികെയെത്തിച്ച ഒരു സൂഫി ഗുരുവിന്റെ കരുണയുടെ കഥയുണ്ട്. ഉമ്പർട്ടോ എക്കോയും, സ്വന്തം അപ്പങ്ങളിൽ മാത്രം കുരുങ്ങിക്കിടക്കുന്ന മാനവികതയെ സാഹിത്യവിശാലപ്പടർപ്പിലേക്ക്, ദിവസം മുഴുവനെന്നല്ല ജീവിച്ചിരുന്ന നാളത്രയും കൂട്ടിക്കൊണ്ടു പോയി.... കരുണയുടെ സുകൃത കരം!

എല്ലാ വയലിനു താഴെയും നിധിയുണ്ടെന്നറിയിച്ച ഗുരുവേ, അതു വൈകി മാത്രമാണ് ഞങ്ങളറിയുന്നത്....

മേൽത്തട്ടു മാത്രം കിളച്ചുപോകുന്നവർ നാമെന്തറിവൂ......

എല്ലാ പുഴുവിനുള്ളിലും പൂമ്പാറ്റയുണ്ടെന്നു പഠിപ്പിച്ചു തന്ന ഗുരുവേ,

ഇപ്പൊഴും നമ്മിൽ കുറച്ചു പേർ മാത്രമേ തങ്ങളുടെ ചിറകുകളെ കണ്ടെത്തുന്നുള്ളൂ.....!!!!

*(വ്യക്തിവിശേഷം)*

# പ്രൊഫ ഃ ജഗതി വേലായുധൻ നായർ

